# Voice of the Oppressed: A Spivakian Reading of George Ryga's The Ecstasy of *Rita Joe*

**NOWFIYA NAZEER**
Research Scholar
TKM College, Kollam
Email:noufihaju@gmail.com
MOB: 9495235074

## Abstract:

This paper entitled **"Voice of the Oppressed: A Spivakian Reading Of George Ryga's *The Ecstasy Of Rita Joe*"**, examines the play *The Ecstasy Of Rita Joe* by George Ryga based on the postcolonial postulations of Gayatri Chakravorty Spivak in her essay *Can the Subaltern Speak?*. Ryga in this play delineate a young aboriginal woman who confronts gender, racial and cultural subalternity. In the essay *Can the subaltern Speak?*, Spivak combines vehement denouncements of the harm done to non- European women and the poor by the privileged west with an unrelenting questioning of the grounds on which radical critique takes its stand. The major theme of the play is marginalization and victimization endured by a young aboriginal woman. The Spivakian reading of the play provides a new layer of meaning for the play. The intermingling of the postulations of Spivak and the literary expressions of Ryga brings infinite implications as Rita Joe, the protagonist of the play is the perfect epitome of the subaltern destined to be silent throughout her life. The crux of the action centers on Rita's repeated

appearances in court before an increasingly unsympathetic magistrate who is an embodiment of white supremacy. Several witnesses testify against her as she struggles to mount a defense of her character and actions. The problematized identity of the subaltern and the state of hysteria they suffer in the elite world is well portrayed. The theoretical perspectives of Spivak are literally proved by Ryga in the play by picturing characters that were helpless in defining their identity in an elite world.

## Key Words:

Identity crisis, Subaltern, Marginalization, Gender, Racial despair, Silence.

## Introduction:

Spivak, through her cultural and critical theories, tried to challenge the legacy of colonialism by purporting a theory of subalternity in her essay *"Can the Subaltern Speak?"* In this essay, she exculpated the restrictions of the subalterns, asking "Can the Subaltern Speak?" (*Can* 283). Spivak borrows the term "subaltern" from Gramsci, to refer to the unrepresented group of people in the society (Gramsci 55). By "subaltern", Spivak means the oppressed subjects or more generally those "of inferior rank" (*Can* 283). Her critical discourse raises the issues of marginal subjects such as the place of the subaltern women in the society and their empowerment. Though the people could surmount the colonial rule, they are not actually free from its mysterious agency and power structures. Spivak believes that the West imposes a false universal value system on the subaltern. So instead of accepting the values of the unique culture as valid or reliable, the practices will be described as barbaric, strange, immoral, and totally harmful to the cultural and social progress of the people. Spivak adapts Derridean deconstructive techniques to point out the different forms of subject formations and "othering."

*The Ecstasy of Rita Joe* opens with the trial session in a court where the protagonist, Rita Joe, a young woman of the shuswap tribe (Indian) in British Columbia is accused of prostitution.

Every day Rita is being arrested by the white police for petty charges with a conspiracy to exhibit her as a rebel in the society. As a mercy she is given eight hours by the police and the court to find people who will testify to her character. The white representatives- the school teacher, the boss, priest and her neighbour- associated with Rita condemns her as a whore, nuisance and troublesome. The characters, particularly the white antagonists, tend to be stereotypes representing large, impersonal forces- the law, the church, white "do-gooders." The helplessness she suffers is connected with the impotence of a subaltern against white regime. The dilemma from which she suffers is clearly declarative of the victimization and marginalization that subalterns endure in the hands of elites. Her experiences become universalized in the context of fragmented subaltern psyche. Spivak proposes that, "There is no space from which the sexed subaltern subject can speak" (*Can* 307).

According to Spivak, although the term subaltern conventionally implies an inferior military rank it is more broadly used as a 'name for the general attribute of subordination in society', often expressed in terms of gender and caste (*Can* 291). In all over the world the demarcation in society is founded on diverse aspects such as wealth, religion, race and so on. The first and foremost division is based on race and colour of skin. Rita Joe who sprung from the reserves of Canada is pertinently delineated as a subaltern devoid of power, money and civilization incapable of herself to be identified as an elite. Rita moves from the reserves to the city in search of freedom, money and a job. The portrait of Rita Joe is more complex: she is insecure and defiant, caught between two cultures. The white society always blames the black's (Indian's) scantiness for worldliness and ethical codes. They always blame Indians for their failure to accept changes. They argue that the problems confronted by Rita are inherent in herself: "The obstacles to your life are here in your thoughts…possibly even in your culture" (*Ecstasy* 36).When the protagonist Rita Joe is presented in the court for the first time by calling her name, the magistrate expresses his anxiety and asks, "Who is she? Can she speak English?"(*Ecstasy* 38), the policeman answers 'yes' and then Rita Joe is allowed to speak for herself. The Magistrate, an embodiment of whites, considers even the language of subalterns as barbaric unworthy to be uttered and accepted in the court of law. It indirectly points

out the universality of English which is widely being accepted as the discourse of the superior class.

Spivak also deals with the idea that the leftist's intellectuals represent the subaltern by imposing their own ideologies and these intellectuals will continue to silence the voice of subaltern and the representatives try to be the master of the subaltern. The white magistrate advising Rita to follow the ideologies blindly: "To understand life in a given society, one must understand laws of the society" (*Ecstasy* 38), is an instance of westerner's confederacy to quieten subalterns by forcefully imposing their ideologies. Similarly the representatives of the whites in the play- magistrate, school teacher, priest, boss – tries to silence and entrap Rita in the maze of white supremacy. The indifference or the failure of Rita to prove her innocence in the court depicts the intensity of conflict in the subaltern identity. She had been pleading for justice but nobody was ready to lend their ears. One after the other Rita was accused of innumerable charges like prostitution, stealing, vagrancy etc. The ruthlessness of the colonial rulers is unambiguously revealed in the demeanor of the Magistrate. When the magistrate is about to leave, Rita Joe requests him to release her. Then he comes out with a fresh accusation that Rita Joe is being infected with venereal disease. He says: Prisons and fines are not the only thing ... Have you, for instance, considered that you might be an incurable carrier? There are people like that...They cannot come into contact with others without infecting them ... They cannot eat from dishes others may use...They cannot prepare or touch food others will eat...The same with clothes, cars, hospital beds! (*Ecstasy* 74). He suspects her of an incurable carrier. What he really means is that she is a rebel and might be carrying revolutionary ideas that might lead to disobedience and civil strife. Rita Joe could not bear the words of the Magistrate. It is a condemnation of the natives. She feels betrayed and cries out: That's a lie! For God's sake tell the judge I have a good character... I am clean an' honest... everything you said is right, I'm never gonna argue again... I believe in God... an' I'm from the country and lost like hell! Tell him! (*Ecstasy* 82). Thus through character assassination and false charges whites conspiracy is fulfilled as Rita herself admitted her mistake for longing to be free and independent. The voice of Rita just like her subaltern ancestors is

unheard. Spivak points out that, "In the context of colonial production, the subaltern has no history and cannot speak… (*Can* 287).

In the subaltern context the women in marginalized groups suffer more and their pain was less heard. They are subjected to more oppression than men. They are least represented and thus destined to be silent throughout their life. As Spivak mentions; "In the context of colonial production, the subaltern has no history and cannot speak, the subaltern as female is even more deeply in shadow" (*Can* 287). The subalterns were made to believe that they belonged to an inferior race and had been manipulated to enact the role of a slave anticipated to be obsequious to the whites. In the play the protagonist Rita Joe is marginalized in three ways for being poor, female and a member of an oppressed community. The suppression of women by the white majority which is an instance of gender subalternity is clear from the attitude of magistrate to Rita.

Magistrate: My sons can go in any direction they wish…into trades or University …but if I had a daughter, I would be more concerned.

Rita: What is so special about a girl?

Magistrate: I would wish …well, I'd be concerned about her choices….. Her choices of living, school…friends…. These things do not come as lightly for a girl. For boys it is different….But I would worry if I had a daughter …..(*Ecstasy* 51).

This shows that a woman's life has to be nothing but a subsistence enunciated only by impuissance, dejection and desolation. Rita who is flagging under the despotic pressure of imperial and patriarchal ideologies suffers from a kind of hysteria as she could not prove her familial or unique cultural existence. She has in fact been formed by an ideology that dismantles her of the

individual and human identity inexplicable in the name that instigates her to structure her personal identity around racial denominations.

The other characters of the play Jamie Paul, Rita's lover and her sister Eileen Joe too face the problems of subaltern identity. Eileen, a victim of racial discrimination abandoned her dream of becoming a dress stylist when white women denied catering her stitching works. She returned to the reserves with shattered dreams to help father to catch fish and cut pulp wood. Jamie Paul's dream of a happy married life with Rita was uprooted by the white majority- the magistrate, the police, shopkeeper, the school teacher, the school board clerk with the help of three murderers.

Spivak upholds that "Between patriarchy and imperialism, subject constitution and object formation the figure of the woman disappears, not into a pristine nothingness but into a violent shuttling which is the displaced figuration of the third world woman caught between tradition and modernization *(Can 311).* In the final act of the play Rita is chased by three whites who brutally rapes and murders her. They killed Jamie too who came for rescuing her thus silencing them forever. The society does not give room for the person to speak and in "Can the Subaltern Speak?", Spivak makes the point clearer when she says, "There is no space from which the sexed subaltern subject can speak" (*Can* 307). Just as the death of the subaltern as speaking subject is announced at the end of the essay by Spivak, Rita Joe an incarnation of subaltern group is wiped away by the white regime. The trials and tribulations endured by her prove futile not willing to be heard by anyone. The tragedy that happens to Rita stresses the statement of Spivak that the "subaltern cannot speak" *(Can 313).*

## Conclusion:

*The Ecstasy of Rita Joe* is a modern trial play about a young native woman who is estranged from the society. It conveys a critical and pessimistic outlook about native's desperate situation cornered by the white colonialist insensitivity. The play investigates the ideologies fabricated by the

white regime to restrain the subalterns which pushes them into a state of hysteria. The subaltern identity dragged them into a state of wretchedness constructing the image of an outcaste in their consciousness molding themselves incompatible to ascend from their subordination. Spivak through her essay exculpated the restrictions of the subalterns by reiterating her standpoint that the subalterns cannot speak. Through Rita Joe, a prototype for whole subaltern community, Ryga deciphers the excruciation, indignation and despondency of the natives in general and the subjugation and ruthless treatment meted out to the women in particular by the western patriarchal institutions.

## Reference:

Boire, Gary. *"Wheels on Fire, the Train of Thought in George Ryga's The Ecstasy of Rita Joe Canadian Literature*." Vancouver: Talon Books, 1987: (62-74). Print.

Dyson, A. E. *Post-Colonial Literature*. London: Macmillan Press Ltd, 2007. Print.

Gramsci, Antonio. *Selections from the Prison Notebooks of Antonio Gramsci*. Trans. and ed. Quintin Hoare and Geoffrey Nowell Smith. Chennai: Orient Longman, 2004. Print

Hoffman, James. *The Ecstasy of Resistance, A Biography of George Ryga*. Toronto: ECW Press, 1995. Print.

Jindal, Aorta. "Can the Subaltern Speak?" International Journal of Research. March 3, 2017. Print.

Ryga, George. *The Ecstasy of Rita Joe.* Vancouver: Talon Books, 1986. Print.

Spivak, Gayatri Chakravorty. "Can the Subaltern Speak?" *Marxism and the Interpretation of Culture*. Ed. Cary Nelson and Lawrence Grossberge. London: Macmillan, 1988: (271 – 313). Print.

Wolfreys, Julian. *Critical Keywords in Literary and Cultural Theory*. New York: Macmillan, 2004. Print

*************

# എൻ.വി. കവിതകളുടെ അന്തർധാര

**സംഗ്രഹം:**

കവികർമ്മവും സാമൂഹികപ്രതിബദ്ധതയും കർത്തവ്യബോധവും ഒരേ ചരടിൽ കൊരുത്തിണക്കി പൊയ്മുഖങ്ങളില്ലാതെ കാവ്യലക്ഷ്യം നിറവേറ്റിയ മഹാരഥനാണ് എൻ. വി കൃഷ്ണവാര്യർ. ജാതിയും മതവും സമ്പത്തും മാത്രമായി മനുഷ്യൻ ചുരുങ്ങിമാറിയ ഈ കാലഘട്ടത്തിലും സ്വത്വനിർമ്മിതിയുടെ നേർക്കാഴ്ചകളെ പൊളിച്ചെഴുതി മുറിവേൽപ്പിച്ചു ചിന്തിപ്പിക്കുന്നു അദ്ദേഹത്തിന്റെ കവിതകൾ.

**സൂചകപദങ്ങൾ:**

കാൽപനികത, ആക്ഷേപഹാസ്യം, ദാർശനികത, കൊച്ചു തൊമ്മൻ, സൂര്യന്റെ മരണം, ഗാന്ധിജിയും ഗോഡ്സേയും, എലികൾ.

**ആമുഖം:**

ആസ്വാദകവൃന്ദത്തിന്റെ അനുഭൂതിതലങ്ങൾ പലതരത്തി ലാണെങ്കിലും ലളിതമായഭാഷയാണ് ഏറെ സഹൃദയർക്കിഷ്ടം. കാരണം, ഹൃദയത്തിന്റെ ഭാഷ ലളിതമാണ്. ഏറ്റവും ലളിതമായ ഭാഷയാണ് ശക്തവും ശ്രദ്ധേയവും. മലയാള കവിതാസാഹിത്യത്തിലെ ഒറ്റമരം എന്നുതന്നെ വിശേഷിപ്പിക്കാവുന്ന എൻ.വി. കൃഷ്ണ വാരിയരുടെ കൃതികൾ ഈ ലാളിത്യത്തിന്റെ സാക്ഷ്യ പത്രങ്ങളാണ്. മനുഷ്യാനുഭവത്തിൽ നിന്നും ഉരുവം കൊള്ളുന്ന ഈ കവിതകൾ പച്ചയായ ജീവിതക്കാഴ്ചയാണ്. അനിർവചനീയമായ യാഥാർഥ്യത്തിന്റെ ബോധനിലാവ്

**ഡോ. അംബിക എ. നായർ**
അസോസിയേറ്റ് പ്രൊഫസർ
മലയാള വിഭാഗം
ദേവസ്വം ബോർഡ് കോളജ്
തലയോലപ്പറമ്പ്,
കോട്ടയം - 686 605

നമ്മെ കവിതയി ലേക്കു ചേർത്തുവെയ്ക്കുന്നു.അദ്ദേഹത്തിന്റെ ചില കവിതകളിലെ നവീനതയുടെ ശക്തിസൗന്ദര്യ ങ്ങൾ നിറഞ്ഞ അന്തർധാരയെ അടുത്തറിയാനാണ് ശ്രമിക്കുന്നത്.

എൻ.വിയും വൈലോപ്പിള്ളിയും ഇടശ്ശേരിയുമെല്ലാം ഒരേകാലഘട്ടത്തിന്റെ പാട്ടുകാരാണെങ്കിലും മൂന്നുപേരും ഒരേ ചരടിൽ കൊരുക്കപ്പെടുന്നില്ല. ചങ്ങമ്പുഴക്കവിതകൾ എന്ന മധുരനാരങ്ങയെ അപ്പാടെ സ്വീകരിക്കാതെ 'ജീവിതത്തിന്റെ കടലേ കവിതയ്ക്കു ഞങ്ങൾക്കു മഷിപ്പാത്രം' എന്നും 'വഴിതെറ്റുന്നു വയസ്സാവുമ്പോൾ' എന്നും ഓതി കാലവും ജീവിതവുമേൽപിച്ചതെല്ലാം പരിഭവലേശമെന്യേ വൈലോപ്പിള്ളിയും ഇടശ്ശേരിയും ഏറ്റുവാങ്ങി. അതോടൊപ്പം കാൽപനികതയെയും സംസ്കാരത്തോടുകൂടി ഉൾക്കൊണ്ടു. സമകാലികനായ എൻ.വി യുടെ കൃതികൾ വ്യത്യസ്തമായിരുന്നു. നാം ഇഷ്ടപ്പെടുന്ന പ്രമേയങ്ങളും ധ്വനനരീതികളും വ്യത്യസ്തമായിരുന്ന ഒരുകാലത്താണ് എൻ.വി കവിതയെഴുതിയത്. സംഗീതശൂന്യമായ ശൈലിയിൽ ആ കവിത നമ്മിലേയ്ക്ക് മൃദുവായി തറച്ചുകയറി. ആക്ഷേപഹാസ്യം എന്നുപേരിട്ടുവിളിക്കുന്ന നർമ്മം കുഞ്ചൻ നമ്പ്യാരെപ്പോലെ അദ്ദേഹത്തിനും വഴങ്ങുക യാണുണ്ടായത്. കവിതയുടെ ഓരോ ഇടവും ആ നർമ്മം നമ്മെ ചിന്തിപ്പിക്കുന്നു.

അദ്ദേഹത്തിന്റെ കവിതയെപ്പറ്റിപറയാൻ ധാരാളമുണ്ടെങ്കിലും അവ മുഴുവൻ നിവർത്തിപറയാൻ ശ്രമിക്കുന്നില്ല. കാലം കൊണ്ടു ഹൃദിസ്ഥമായ ചിലകവിതകളും അതുണർത്തുന്ന ദാർശനികതലങ്ങളും ഉത്തരാധുനികതയുടെ കാലത്തു നിൽക്കുമ്പോൾ എങ്ങനെ പ്രസക്തമാകുന്നു എന്നൊരു ചോദ്യം ഉള്ളിലുണരുന്നുണ്ട്. ഇക്കാലത്തു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മാനുഷിക മൂല്യങ്ങളും വികാരാവേഗങ്ങളും ഉണരുന്ന ചതിയും വഞ്ചനയും പ്രതികാരത്വരയുമെല്ലാം 'കൃതികൾ മനുഷ്യകഥാനുഗായികൾ' എന്ന ചൊല്ല് അർഥവത്താക്കുന്നതുപോലെ അദ്ദേഹം തുറന്നെഴുതി. അക്കാലത്തെ കവികളുടെ പേലവഭാവങ്ങളുമായി അദ്ദേഹം സന്ധിചെയ്തില്ല. എങ്കിലും പ്രമേയവും മറ്റും മാറ്റാതെ ഭാവങ്ങളെ മറ്റൊരു തരത്തിലേക്കു സംക്രമിപ്പിച്ചു. അപ്പോൾ ജീവിതത്തിന്റെ മറ്റൊരുമുഖം കൂടി നമുക്കു മനസ്സിലായി.**കൊച്ചുതൊമ്മ**നെന്ന കവിത ചങ്ങമ്പുഴയോ വൈലോപ്പിള്ളിയോ എഴുതിയിരുന്നെങ്കിൽ ഉണ്ടായേക്കാവുന്ന ആവിഷ്കരണവൈജാത്യം നമുക്ക് ഊഹിച്ചെടുക്കാം. പ്രണയത്തെ മറ്റൊരു പ്രത്യയശാസ്ത്രത്തിനുള്ളിലേക്കു നടത്തുകയാണ് എൻ.വി ചെയ്തത്. അക്കാലത്തെ പ്രണയം ചന്ദ്രികാചർച്ചിതമായ നിലാവും തിരുവാതിരക്കുളിരുകളും കസവുനേരിയതുമെല്ലാമായ ഫ്യൂഡൽ വിഭവങ്ങളുമായി അണിനിരന്നപ്പോൾ കൊച്ചുതൊമ്മനിലൂടെ

എൻ.വി യഥാർഥപ്രണയത്തെ ആവിഷ്കരിച്ചു. ഒപ്പം മദ്രാസ് ക്രിസ്ത്യൻ കോളേജിൽ പഠിക്കാൻ പോയ സാധാരണക്കാരന്റെ ഭീകരപതനവും. ക്ലാരയെന്ന മദാമ്മപ്പെൺകുട്ടിയെ ഓർത്ത് പഠനം ഉഴപ്പി ഭാവി കളയുന്ന ആ ചെറുപ്പക്കാരൻ ആ കാലത്തിന്റെ നേർചിത്രമാണ്. ഇലക്ട്രിക് ട്രെയിനിലെ യാത്രയും ശരീരത്തിന്റെ മെലിവും തുടങ്ങി 'ക്ലാരയുണ്ടെങ്കിൽ ബോറൻ ലെക്ചറിൽ ശ്രദ്ധിക്കുവാൻ മരമല്ലല്ലോ തൊമ്മൻ' എന്നുമൊക്കെ തൊമ്മന്റെ മനസ്സ് എൻ.വി പകർത്തുന്നുണ്ട്. കൈമാറുന്ന കത്തുകൾ, മറുപടിക്കായുള്ള കാത്തിരിപ്പുകൾ, പരസ്പരമുള്ള നോട്ടം പോലും പ്രണയത്തിരകളെ ഉണർത്തിയിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. കാളിദാസന്റെ ശകുന്തളയും പുതുസിനിമയിലെ നായികയും തമ്മിൽ അജഗജാന്തരമുണ്ട്. അതുപോലെ എൻ.വിയുടെ തൊമ്മനും പുതുകവിത കളിലെ കാമുകനും വ്യത്യസ്തരാണ്. കാൽപനികസ്വപ്നങ്ങൾ സോഷ്യൽ മീഡിയ ഏറ്റെടുത്തി രിക്കുന്ന ഇക്കാലത്ത് അവ മൊബൈൽ ഫോണുകളിലെ എസ്.എം.എസും ചാറ്റിംങ്ങും മറ്റുമായി പരിണമിച്ചുനിൽക്കുമ്പോൾ മുൻപേ പറന്ന എൻ.വിയുടെ കവിതയുടെ ആക്ഷേപഹാസ്യം നമുക്കു തിരിച്ചറിയാം. കോളേജു ക്ലാസ്സുകളിലെ കുട്ടികൾ 'കൊച്ചു തൊമ്മൻ' പ്രണയത്തെ അത്ഭുതത്തോടെ വീക്ഷിക്കുന്നതു കാണാം. ചുള്ളിക്കാടിന്റെ 'സന്ദർശനം' , ജി യുടെ 'സൂര്യകാന്തി' ഇവയൊക്കെയും ഇന്നത്തെ കുട്ടികൾ ഒരു പരിധിവരെ ഉൾക്കൊള്ളുമ്പോൾ കൊച്ചു തൊമ്മൻ കേവലമൊരു കുട്ടിക്കളി പോലെയാണ് അവർ വായിക്കുന്നത്. എങ്കിലും ഏതുകാലത്തും പ്രസക്തമാകുന്ന ജീവിതലക്ഷ്യം ചിലരെയെങ്കിലും ഒട്ടൊന്നു ചിന്തിപ്പിക്കുന്നു. റബർ തോട്ടത്തിലെ ജീവിതം, അട്ടയും കൊതുകു മെല്ലാമായുള്ള മൽപ്പിടുത്തം. ഒടുവിൽ രോഗാതുരരായി മരണമടയുന്ന തൊഴിലാളികൾ. ഇവിടെ 'മുതലാളിമാർക്കേയുള്ളൂ രോഗവുമാരോഗ്യവും' എന്നവരികൾ പലതട്ടിലുള്ള ജനവിഭജനം വ്യക്തമാക്കുന്നുണ്ട്. പിൽകാലകവിയായ അനിൽ പനച്ചൂരാൻ 'കള്ളൻ' എന്ന കവിതയിൽ 'കോളറാ കാർന്നുതിന്നുന്നൊരീഗ്രാമത്തിൻ മീതേ വിമാനത്തിൽ പോകേ താനേ തലപൊക്കുമന്തഃകരണം വിളിച്ചു പറഞ്ഞു നീ കള്ളൻ'എന്ന വരികളും ആശയപരമായി എവിടെയൊക്കെയോ ബന്ധിക്കപ്പെടുന്നുണ്ട്.

**സൂര്യന്റെ മരണം:** എന്ന കവിത ഉപഹസിക്കുന്നതും വ്യവസ്ഥിതിയെത്തന്നെയാണ്. ജീവിതം വാണിജ്യവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ സ്വപ്നങ്ങൾ, ചിന്തകൾ, ആഖ്യാനപ്രകാര ങ്ങൾ, എന്തിന് പ്രതിഷേധംപോലും കോളനിവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസം, ജോലി, പദവി എല്ലാം കച്ചവടമായിരിക്കുന്നു. പഴയകാലത്തു കുറഞ്ഞും ആധുനി

കകാലത്ത് ഏറിയും കാണുന്ന അവസ്ഥയെ ചാട്ടുളിപോലെ എൻ.വി പകർത്തുന്നു.

'കോളേജഡ്മിഷൻ  പതിനായിരം

98 ശതമാനം മാർക്ക്

22000 എം.എൽ.എ

33000 2 കുപ്പി  മന്ത്രി

എന്നിങ്ങനെയാണ് കവിതയുടെ പോക്ക്. ഇത് കുറിക്കുകൊള്ളുന്ന ആക്ഷേപഹാസ്യം. കുഞ്ചൻ നമ്പ്യാർ ചോദിച്ചതു പോലെ 'അല്ലയോ പശുവേ നിനക്കും പക്കത്താണോ ഊണ് എന്നതിനു സമം.

എൻ.വി കവിത നിലകൊള്ളുന്നത് ആർഷഭാരതത്തിന്റെ ബലമുള്ള അടിത്തറയിലാണ്.തന്റെ പാരമ്പര്യവും ജീവിതസംസ്കാരവും ആ കവിതകളെ സ്വാധീനിച്ചിട്ടുണ്ട്.അവ്യാഖ്യേയമായ ദാർശനികസമസ്യകളെ ലളിതമായി ജീവിതത്തോടുചേർത്തുവച്ച് അദ്ദേഹം അവതരിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ആ കവിത ഉദാത്തമാകുന്നു.സ്വാതന്ത്ര്യപൂർവകാലവും സ്വാതന്ത്ര്യാനന്തര കാലവും കൃതികളിൽ കൊണ്ടുവരുന്നുണ്ട്. ഇവ രണ്ടും തമ്മിൽ വലിയ വ്യത്യാസമുണ്ട്. അന്നത്തെ ദേശസ്നേഹവും അർപ്പണ മനോഭാവവും പിന്നീട് ഇല്ലാതായി. ബ്രിട്ടീഷ് അധിനിവേശത്തിന്റെ തീച്ചൂളയിലമർന്ന കാലം സ്വദേശത്തിന്റെ പാരതന്ത്ര്യത്തിൽ വേദനിച്ചു. ചോര ഞരമ്പിൽ തിള യ്ക്കുന്ന ആ കാലത്തെയും ബലമായി അണച്ചുപിടിച്ചത് ആർഷഭാരതത്തിന്റെ അമൂല്യമായ സാംസ്കാരികോർജ്ജമായിരുന്നു. **മദിരാശിയിൽ ഒരു രാത്രി, ജീവിതവും മരണവും** തുടങ്ങിയ കവിതകളിൽ കാലത്തിന്റെ ഈ വ്യത്യാസം കാണാം.ഇന്നും നിശാക്ളബ്ബുകളിൽ പതയുന്ന മദ്യവും മൂളുന്ന പാട്ടുകളും ഉലയുന്ന വസ്ത്രവും ഒന്നു തന്നെ. പണ്ടു വിദേശികളായിരുന്നു ആധിപത്യം പുലർത്തിയിരുന്നതെങ്കിൽ ഇന്ന് സ്വദേശികളാണെന്നൊരു വ്യത്യാസം മാത്രം. ഈ നിശാക്ളബു കളില്ലാതെ സ്വദേശിക്കൊരു ജീവിതമില്ല എന്നാണു നാം കാണുക. ഗാന്ധിജി ആഗ്രഹിച്ച ഒരു സ്വാതന്ത്ര്യമല്ല ഇന്നു നാം ഘോഷിക്കുന്നത് എന്നു സ്പഷ്ടം. **ഗാന്ധിജിയും ഗോഡ്സേയും** എന്ന കവിതയും ഇതേ മനസ്സോടെയാണ് നാം തൊട്ടറിയുക. കവി നമ്മെ ഉണർത്തുന്നതിനോ ടൊപ്പം കാലത്തെത്തോറ്റിയുണർത്താൻ ശ്രമിക്കുന്നു.

**നന്നങ്ങാടികൾ** എന്നകവിത ആധുനിക വീക്ഷണത്തിലുള്ള ചരിത്രമാണ് അവതരിപ്പിക്കുന്നത്.മനുഷ്യമഹത്വവും വിരുദ്ധചേരികളുടെ അരങ്ങും ഇതിലുണ്ട്. മനുഷ്യമഹത്വത്തിലേക്കുള്ള നടത്തമാണ് നന്നങ്ങാടി.

**എലികൾ** എന്ന കവിത മനുഷ്യനിൽ വന്നു ചേർന്ന മൃഗീയതയും മൃഗങ്ങളിൽ തെളിഞ്ഞ മനുഷ്യത്വവും സ്ഫുടീകരിക്കുന്നുണ്ട്.ബംഗാളും ക്ഷാമവും ഇവിടെ വാക്കുകളിലൂടെ അവതരിക്കുന്നു. നാടെങ്ങും വറുതിയിലാണ്ടുകിടക്കുമ്പോൾ പട്ടിണിമൂലം മനുഷ്യർ മരിച്ചു വീഴുമ്പോൾ അമ്മയെലിയും കുഞ്ഞുങ്ങളും ഇരതേടിയിറങ്ങുന്നു. അനങ്ങാതെ പതുക്കെപ്പതുക്കെ ശവശരീരത്തെത്തൊടുകയെന്നതും പതുക്കെപ്പല്ലുകളാഴ്ത്തുകയെന്നുമൊക്കെയുള്ള മുന്നറിയിപ്പും

'എല്ലിൽ കടിച്ചു മുറിഞ്ഞുവോ പല്ലുകൾ ഇല്ല നിങ്ങൾക്കു വിവേകമൊട്ടും'

പാരം ചുരുണ്ട തൊലിയിതിൻ താഴത്തു വാരിയെല്ലുണ്ടെന്നറിഞ്ഞുകൂടേ'

എന്നൊക്കെയുള്ള ചോദ്യങ്ങളുമൊക്കെ ആസ്വാദ്യകരം തന്നെ. പക്ഷേ

'ഇല്ല സാമ്രാജ്യവുമില്ലടിമത്തവുമില്ല മാൽസര്യവും മൂഷികരിൽ'

എന്നുപറയുന്ന തള്ളയെലി വിലകുറഞ്ഞ മനുഷ്യന്റെ കാപട്യവും മുഖംമൂടിയും വലിച്ചു പുറത്തിടുന്നു. തുടർന്ന്

'നിങ്ങൾക്കിതൊന്നും മനസ്സിലാവുന്നില്ലേ നിങ്ങളെലികളോ മാനുഷരോ'

എന്നുകൂടി എലിയമ്മയെക്കൊണ്ടു ചോദിപ്പിക്കുമ്പോൾ സ്ഥിരബുദ്ധി നഷ്ടപ്പെട്ട സ്വാർഥമനുഷ്യരുടെ നേരെ പുച്ഛത്തോടെ എൻ.വി നോക്കുകയാണ്.

'ഇത്രയും നേരം മരിച്ചു കിടന്നിട്ടും ചത്തീല

ജീവിതമോഹമെന്നോ

എന്നുചിന്തിക്കുമ്പോൾ പൂന്താനം എവിടെയോ വന്ന് നിൽക്കുന്നതുകാണാം. ഇങ്ങനെ സത്യവും സൗന്ദര്യവും ദാർശനികതയുമെല്ലാം എൻ.വി. കവിതകളുടെ ഭൂഷണങ്ങളായി മാറുന്നു. ഇവിടെ ആത്മീയതയെ കലാനുഭൂതിയാക്കിമാറ്റുന്നു.

'ആരന്ധകാരത്തെ സൃഷ്ടിച്ചവർ ദയാവാരാശിയദ്ദേഹം വാഴ്ത്തപ്പെട്ടോൻ'

എന്നതും തള്ളയെലിയുടെ സങ്കീർത്തനങ്ങൾ. അന്ധകാരം എല്ലാറ്റിനേയും വിഴുങ്ങുന്നു. എല്ലാ രഹസ്യവുമൊളിപ്പിക്കുന്നു. എല്ലാ സൗന്ദര്യങ്ങളെയും മാറോടണയ്ക്കുന്നു. 'വെളിച്ചം ദു:ഖമാണുണ്ണീ, തമസ്സല്ലോ സുഖപ്രദം'എന്ന കവിവാക്യം സ്മരിക്കാം.

നിത്യജീവിതത്തിലെ ഭീകരവും ബീഭൽസവുമായ ചതുരംഗം എൻ.വി.ക്കു മുന്നിൽ അണിനിരക്കുന്നു. അതുകൊണ്ടുതന്നെ ഓരോ വരിയിലും അദ്ദേഹം ചിന്തയുടെ തേർവാഴ്ച നടത്തുകയാണ്. ഈ കവിത ഇന്നിന്റെ കവിതയാണ്. പക്ഷേ, ഇന്നലെയും ഇന്നും നാളെയും ഉണർത്തുന്ന വർത്തമാന ഭാവി ഭൂതകാലങ്ങളെയും ഈ കവിത ഉൾക്കൊള്ളുന്നു. വർത്തമാനം ക്ഷേത്രഗണിതത്തിലെ ഒരു ബിന്ദു മാത്രം. അത് ചലനാത്മകമാണ്. ഈ ചുവടുമാറ്റത്തിലും ഉലയാതെ നിൽക്കുന്ന ഒന്നാണ് എൻ.വി കവിത. പഴമയും പുതുമയും എൻ.വി കവിതയിൽ ഇതൾ വിടരുന്നു. പച്ചയായ ജീവിതം അനാവരണം ചെയ്യുന്ന കാർക്കശ്യം ഈ കവിതയിലുണ്ട്. കവിതാപാഠസങ്കൽപങ്ങൾക്കപ്പുറത്ത് മനുഷ്യത്വത്തിന്റെയും ആദർശലോകത്തിന്റെയും വ്യക്തമായ ഒരു ചുരുക്കെഴുത്താണിത്. സമകാലികജീവിതത്തോട് കലഹിക്കുകയും പുതിയസമവാക്യങ്ങൾ രചിക്കുകയും ചെയ്യുന്ന ഉത്തരാധുനികകവിതയുടെ ബീജം ഇതിലുണ്ടെന്നത് ഇനിയും ഏറെ പഠനവിധേയമാകേണ്ടിയിരിക്കുന്നു.

## ഗ്രന്ഥസൂചി


1. എൻ. വി. കൃഷ്ണവാര്യർ സ്മാരക ട്രസ്റ്റ്, 1996 , എൻ. വി കവിതയുടെ അന്തർമണ്ഡലം, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാഗ്വേജ്, തിരുവനന്തപുരം.
2. എൻ വി കൃഷ്ണവാര്യർ സ്മാരക ട്രസ്റ്റ്, 1991 എൻ. വിയും വിജ്ഞാനസാഹിത്യവും, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാഗ്വേജ്, തിരുവനന്തപുരം.
3. എൻ വി ഷഷ്ട്യബ്ദപൂർത്തി ആഘോഷക്കമ്മിറ്റി, 1976, എൻ. വി യും മലയാള സാഹിത്യവും, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.
4 കൃഷ്ണവാര്യർ. എൻ വി, 1989, എൻ. വി.യുടെ ഗവേഷണപ്രബന്ധങ്ങൾ - മാതൃഭൂമി ബുക്സ് കോഴിക്കോട്.


*************

# ആവാസവ്യവസ്ഥയും ഗോത്രജീവിതവും പി. വത്സലയുടെ കഥകളിൽ

**സംക്ഷിപ്തം:**

മനുഷ്യനും ജന്തുജീവജാലങ്ങളും ചേർന്ന പരിസ്ഥിതിയിൽ ഓരോന്നും അതിന്റേതായ ആവാസവ്യവസ്ഥയ്ക്കനുസരിച്ച പരസ്പരാശ്രയബോധത്തോടെയാണ് ജീവിച്ചുപോരുന്നത്. എന്നാൽ, മനുഷ്യൻ പരിസ്ഥിതിക്കുമേൽ ഏൽപ്പിക്കുന്ന ആഘാതങ്ങൾ ഈ ആവാസവ്യവസ്ഥയെ തകിടം മറിക്കുന്നു. അവയെക്കുറിച്ചുള്ള അന്വേഷണമാണ് ഈ പഠനത്തിലുള്ളത്. വരേണ്യാധിപത്യത്തിന്റെ കടന്നുകയറ്റവും പ്രകൃതിക്കുമേൽ സൃഷ്ടിക്കപ്പെടുന്ന അധികാരപ്രയോഗവും കാടിനെ ആശ്രയിച്ചു ജീവിക്കുന്നവരെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് ഇവിടെ പഠനവിധേയമാക്കുന്നു. വനവും വനോൽപ്പന്നങ്ങളും ജീവിതോപാധികളായി സ്വീകരിച്ചിട്ടുള്ള ആദിവാസികളുടെ ജീവിതം ഈ കാടിനെ ആശ്രയിച്ചാണ്. എന്നാൽ ആധിപത്യശക്തികളുടെ കടന്നുകയറ്റം കാടുകളിൽ അവരെ അന്യരാക്കി തീർക്കുന്നു. തത്ഫലമായി കാടുവിട്ട് പുറത്തിറങ്ങേണ്ടിവന്ന അവരുടെ ദുരിതം നിറഞ്ഞ അവസ്ഥകൾ പി. വത്സല തന്റെ കൃതികളിലൂടെ അവതരിപ്പിച്ചിരിക്കുന്നു. വിദ്യാഭ്യാസം നേടാനിടയാകാത്ത കീഴാളവിഭാഗസ്ത്രീകൾ  പുലർത്തുന്ന യാഥാർത്ഥ്യബോധവും പ്രകൃതിയെക്കുറിച്ചുള്ള തിരിച്ചറിവും വത്സലയുടെ കഥകളിൽ കാണാനാകും. ചൂഷിതരോ അവഗണിക്കപ്പെട്ടവരോ ജീവിതഭാരത്തിന്റെ സമ്മർദ്ദത്താൽ വീർപ്പുമുട്ടുന്നവരോ ആണ് അവരുടെ കഥാപാത്രങ്ങൾ. എരണ്ടകൾ,

**സുബിൻ ജോസ്. കെ**
ഗവേഷകൻ
മലയാളഗവേഷണ വിഭാഗം
സെന്റ് തോമസ് കോളജ്, പാലാ,
കോട്ടയം
മൊബൈൽ : 9947330053
email. subinkekm@gmail.com

**ഗവേഷണമാർഗ്ഗദർശി**

**ഡോ. ഡി. റെജികുമാർ**
അസിസ്റ്റന്റ് പ്രൊഫസർ,
അധ്യക്ഷൻ
മലയാളവിഭാഗം,
എം.ഇ.എസ്. കോളജ്
നെടുങ്കണ്ടം, ഇടുക്കി.

തെരുവിലിറക്കപ്പെട്ടവർ, ചാമുണ്ടികുഴി, പുഴ, ശിശിരത്തിലെ ഉറുമ്പുകൾ, പേമ്പി, പങ്കുരുപുഷ്പത്തിന്റെ തേൻ തുടങ്ങിയ കഥകളിലെല്ലാം ഇത്തരം കഥാപാത്രങ്ങളുണ്ട്. ആദിവാസികളുടെ ആവാസവ്യവസ്ഥയും അവയോടിണങ്ങിയ ജീവിതരീതികളും അവയ്ക്ക് പൊതുസമൂഹത്തിലുള്ള സ്ഥാനവും മനസിലാക്കുവാൻ ഇവിടെ ശ്രമിച്ചിരിക്കുന്നു.

**സൂചകങ്ങൾ:**

ഗോത്രം, പരിസ്ഥിതി, ആവാസവ്യവസ്ഥകൾ

**ആമുഖം:**

ആധുനികത മറന്നുപോയ പലതിനെയും പുറത്ത്കൊണ്ടുവരുവാൻ ഉത്തരാധുനിക എഴുത്തുകാർ ശ്രമിക്കുന്നു. തൊണ്ണൂറുകളുടെ ആരംഭത്തിൽ രൂപംകൊണ്ട ഉത്തരാധുനികത കീഴാള, സ്ത്രീ, പാരിസ്ഥിതിക വീക്ഷണങ്ങളുടെ പുനർവായനകൾക്ക് ഇടം കൊടുക്കുന്നതാണ്. അവയ്ക്ക് പൊതുസമൂഹത്തിൽ ഇടം നൽകുവാൻ ഉത്തരാധുനിക എഴുത്തുകാർ ശ്രമിക്കുന്നു. ഇവിടെയും ചില തമസ്ക്കരണങ്ങളും ഇടം നൽകാതിരിക്കലും കടന്നുവന്നുണ്ട്. ഇതിൽ സവിശേഷ സ്ഥാനം അലങ്കരിക്കുന്നവരാണ് ആദിവാസികൾ. നൂറ്റാണ്ടുകളായി അവർ അനുഭവിക്കുന്ന തമസ്ക്കരണങ്ങളെയും ചൂഷണങ്ങളെയും പൊതുസമൂഹത്തിനുമുമ്പിൽ കൊണ്ടുവന്നത് ചരിത്രകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും രചനകളിലൂടെയാണ്. ആധുനികചരിത്രനിർമിതിയിൽ എക്കാലത്തും മുന്നിട്ടു നിന്നത് വരേണ്യവിഭാഗത്തിന്റെ താത്പര്യസംരക്ഷണങ്ങളായിരുന്നുവെങ്കിൽ സാഹിത്യസൃഷ്ടികളിൽ അവരുടെ നൊമ്പരങ്ങളും ജീവിതരീതികളുമാണ് ഉൾക്കൊണ്ടത്. ഗോത്രപരിസരത്തുനിന്നു രചിക്കപ്പെട്ടിട്ടുള്ള പി. വത്സലയുടെ സാഹിത്യകൃതികൾ ഇത്തരത്തിൽ സവിശേഷ സ്ഥാനം അർഹിക്കുന്നു.

ആദിവാസികളും കീഴാളരും തൊഴിലാളികളുമടങ്ങുന്ന വർഗ്ഗത്തിന്റെ ജീവിതമാണ് പി. വത്സലയുടെ കഥകളിൽ അധികവും. ചൂഷിതരോ അവഗണിക്കപ്പെട്ടവരോ ജീവിതഭാരത്തിന്റെ സമ്മർദ്ദത്താൽ വീർപ്പുമുട്ടുന്നവരോ ആണ് അവരുടെ കഥാപാത്രങ്ങൾ. സ്ത്രീപുരുഷഭേദം കൂടാതെ ചൂഷിതരുടെ ലോകമാണ് ആ കഥകളിലുള്ളത്. ആധിപത്യപ്രവണതകളും കുടിയേറ്റവും ഗോത്രജീവിതത്തിന്റെ ആവാസവ്യവസ്ഥയെയും ജീവിതരീതികളെയും എപ്രകാരം സ്വാധീനിക്കുന്നുവെന്ന് പി. വത്സലയുടെ കഥകൾ വിവരിക്കുന്നു. നാളുകളായി വയനാട്ടിലെ ആദിവാസി ഊരുകൾ സന്ദർശിച്ച്

സ്വായത്തമാക്കിയ അനുഭവങ്ങളും പരിചയങ്ങളും അവരുടെ രചനകൾക്ക് കൂടുതൽ ഹൃദ്യത പകരുന്നു. ഒരു നാടിന്റെ സംസ്ക്കാരത്തെയും അവർ നേരിട്ടിട്ടുള്ള നൊമ്പരങ്ങളെയും തിരിച്ചറിയുവാൻ അവരുടെ കഥകൾ സഹായകമാകും. ഈ രീതിയിൽ കേരളത്തിലെ ആദിവാസി ഗോത്രങ്ങളെക്കുറിച്ച് ഒരു സാമാന്യബോധം രൂപീകരിക്കുവാനും ഇവിടെ ശ്രമിക്കുന്നുണ്ട്.

### ആവാസവ്യവസ്ഥയും ഗോത്രജീവിതവും പി. വത്സലയുടെ കഥകളിൽ:

മനുഷ്യനും സസ്യ-ജന്തു ജീവജാലങ്ങളുമെല്ലാം ചേർന്നതാണ് പരിസ്ഥിതി. അതിർത്തികൾ ഇല്ലാതെ ജീവിതം പുലർത്തിയിരുന്ന ഇവയെല്ലാം അതിന്റെ ഉടമകളുമാണ്. വിവിധ അധികാരപ്രയോഗങ്ങൾമൂലം അവയിൽ പല വിഭാഗങ്ങൾക്കും തങ്ങളുടെ തനതായ ആവാസവ്യവസ്ഥകൾ നഷ്ടമായി. അതിൽ സവിശേഷ സ്ഥാനം അർഹിക്കുന്ന ഒരു വിഭാഗമാണ് ആദിവാസികൾ. അവരുടെ ജീവിതപരിസരങ്ങളെക്കുറിച്ച് വേണ്ടത്ര അന്വേഷണങ്ങൾ നടന്നിട്ടില്ല. 'ഔദ്യോഗിക ചരിത്ര നിർമിതിയിൽ എക്കാലത്തും നടന്നിട്ടുള്ളത് വരേണ്യവിഭാഗത്തിന്റെ താത്പര്യ സംരക്ഷണങ്ങളായിരുന്നു. ബലികഴിക്കപ്പെട്ട കീഴാള ജനതയുടെ ചരിത്രം ഔദ്യോഗിക ചരിത്രങ്ങളിൽ എവിടെയും കാണാൻ സാധിക്കില്ല.'[1] ഔദ്യോഗികമായി രേഖപ്പെടുത്താത്ത അവരുടെ ജീവിതപരിസരങ്ങളെ പൊതുസമൂഹത്തിന്റെ വായനലോകത്തേക്ക് കൂട്ടികൊണ്ടുവരുന്നത് സാഹിത്യകൃതികളാണ്.

### കേരളത്തിലെ ഗോത്രവിഭാഗങ്ങളും ആവാസവ്യവസ്ഥയും:

'കേരളത്തിന്റെ സാമൂഹികസാമ്പത്തിക ഘടനയിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന വിഭാഗമാണ് പട്ടികവർഗ്ഗവിഭാഗങ്ങൾ അഥവാ ആദിവാസികൾ. സാമൂഹികവും സാമ്പത്തികവുമായ മുഖ്യധാരയിൽ അവർക്ക് ഉൾപ്പെടുവാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല പിൻതള്ളപ്പെടുകയാണുണ്ടായത്.'[2] നിരവധി വികസന വാഗ്ദാനങ്ങൾ നൽകി മോഹിപ്പിച്ചെങ്കിലും അവയെല്ലാം പരാജയപ്പെട്ടു. അറുപതുകളോടെ രൂപംകൊണ്ട കുടിയിറക്കൽ നിരോധന ഓർഡിനൻസ് വഴി നിരവധി പട്ടിക വിഭാഗങ്ങൾക്ക് ഭൂമി ലഭിച്ചു. ഇത് പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് വലിയൊരു ആശ്വാസമായി. എഴുപതുകളിലും എൺപതുകളിലും കർഷകതൊഴിലാളികൾ ഉൾപ്പടെ നിരവധി പാവപ്പെട്ട ജനങ്ങൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരുവാൻ തുടങ്ങി. എന്നാൽ, തൊണ്ണൂറുകളോടെ സ്ഥിതി വീണ്ടും മോശമായി. 'ഭൂപരിഷ്ക്കരണം വഴി ലഭിച്ച ഭൂമിയിൽത്തന്നെ നല്ലൊരു പങ്ക് പലവിധ കാരണങ്ങൾകൊണ്ട് അന്യാധീനപ്പെട്ട സ്ഥിതിയായി. പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കിടയിലും, ആദിവാസികൾക്കിടയിലുമാണ് ഇത് ഏറ്റവും അധികം പ്രകടമായത്.'[3] അന്യാധീനപ്പെട്ട ഭൂമിയിൽനിന്നും അവർ തുടച്ചു

നീക്കപ്പെടുകയും അവരുടെ അവാസവ്യവസ്ഥയെതന്നെ അത് തകർക്കുകയും ചെയ്തു. അവർ പുലർത്തിയിരുന്ന ജീവിതരീതികൾ, കലകൾ, ഭക്ഷണക്രമങ്ങൾ, സംസ്ക്കാരങ്ങൾ, മരണാനന്തര ചടങ്ങുകൾ, ആചാരങ്ങൾ തുടങ്ങിയവയെല്ലാം കാലഹരണപ്പെടുകയും ചെയ്തു.

**ആദിവാസി ഗോത്രങ്ങൾ:**

ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള കണക്കുകൾക്കുമപ്പുറമാണ് കേരളത്തിലെ ആദിവാസിഗോത്രങ്ങളുടെ എണ്ണം. എഴുതപ്പെട്ട വ്യക്തമായ ചരിത്രം ഗോത്രനിവാസികൾക്കില്ലാത്തതിനാൽ എത്രവിഭാഗക്കാരുണ്ട് എന്ന് നിർണ്ണയിക്കുന്നത് ദുർഘടമാണ്. 1960 ൽ ഗിരിജനവിഭാഗങ്ങളെക്കുറിച്ച് എ. എ. ഡി. ലൂയിസിൻെറ കണക്ക് പ്രകാരം 48 ഗോത്രവർഗങ്ങൾ കേരളത്തിലുണ്ട്. നെട്ടൂർ പി. ദാമോദരൻെറ അഭിപ്രായത്തിൽ 45 ആദിവാസി സമൂഹങ്ങളാണുള്ളത്.[4] ആദിവാസി വിഭാഗങ്ങളെക്കുറിച്ച് കൃത്യമായ കണക്കുകൾ ലഭ്യമല്ലായെങ്കിലും ഇന്ന് കേരളത്തിൽ പ്രബലമായി കുടികൊള്ളുന്ന ഗോത്രവിഭാഗങ്ങളെക്കുറിച്ചും അവരുടെ സംസ്ക്കാര രീതികളെക്കുറിച്ചും ചരിത്രഗ്രന്ഥങ്ങളിൽനിന്നും സാഹിത്യകൃതികളിൽനിന്നും മനസിലാക്കാനാകും.

ആദിവാസി ഗോത്രങ്ങൾ അധികവും സ്ഥിതിചെയ്യുന്നത് വയനാട്, ഇടുക്കി, അട്ടപ്പാടി മേഖലകളിലാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട്, എന്നീ ജില്ലകളിലായി 4762 ആദിവാസി ഊരുകൾ ഉള്ളതായിട്ടാണ് കണക്കാക്കുന്നത്.[5] പൂർണ്ണമായും കാടിനുള്ളിലോ മലയോരങ്ങളിലോ കാടിനോടും നാടിനോടും ചേർന്നുകിടക്കുന്നതുമായ പ്രദേശങ്ങളിലോ ആണ് ആദിവാസിഗോത്രങ്ങൾ അധികവും സ്ഥിതിചെയ്യുന്നത്. '2001 ലെ കണക്കെടുപ്പ് പ്രകാരം എൺപതിനായിരത്തിലേറെ കുടുംബങ്ങളിലായി 3,64,189 ആദിവാസികൾ സംസ്ഥാനത്തുണ്ട്.'[6] കേരളത്തിലെ ആദിവാസികൾ എത്ര വിഭാഗമുണ്ട് എന്നതിനെക്കുറിച്ച് വ്യക്തമായ അറിവില്ലെങ്കിലും 2001 ലെ കണക്കു പ്രകാരം അതു മനസിലാക്കാം. കുറിച്യർ, കുറുമർ, പണിയർ, മുതുവാൻ, മന്നാൻ, മലയരയർ തുടങ്ങിയവയെല്ലാമാണ് അവയിൽ പ്രധാന വിഭാഗങ്ങൾ.

**ഗോത്രാവബോധം പി. വത്സലയുടെ കൃതികളിൽ:**

ആദിവാസികളുടെ ജീവിതവും സംസ്ക്കാരവും പശ്ചാത്തലമാക്കിയുള്ള രചനയാണ് പി. വത്സലയുടേത്. വയനാടൻകാടുകളിൽ ആദിവാസികൾക്കൊപ്പം താമസിച്ച് അവരെ അടുത്തറിയാനും

സഹാനുഭൂതിയോടെ എഴുതാനും തുനിഞ്ഞ സാഹിത്യകാരിയാണ് പി. വത്സല. വയനാട്ടിലെ കാടുകളെ ആശ്രയിച്ച് ജീവിക്കുന്ന പ്രധാനപ്പെട്ട ആദിവാസി വിഭാഗങ്ങളാണ് കുറിച്യർ, കുറുമർ, പണിയാൻ തുടങ്ങിയവർ. ഇവർ ഓരോരുത്തർക്കും അവരുടേതായ ഗോത്രസംസ്ക്കാരവും ജീവിതവുമുണ്ട്. പി. വത്സലയുടെ രചനാപരിസരത്ത് കടന്നുവരുന്ന ആദിവാസി വിഭാഗങ്ങൾ ഇവരെല്ലാമാണ്. വടക്കൻ മലബാറിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ പശ്ചാത്തലമാക്കി, ഗ്രാമ്യഭാഷയുടെ നൈസർഗികചാരുത ഉപയോഗപ്പെടുത്തി, രചിക്കപ്പെട്ട പിറന്ന മണ്ണിന്റെ ഗന്ധമുള്ള കഥകളാണ് പി. വത്സലയുടേത്. കർണാടക അതിർത്തിയോട് ചേർന്നു കിടക്കുന്ന വയനാടൻ കാടുകളിലെ ആദിവാസികളുടെ ജീവിതത്തിലെ പീഡനങ്ങളെയും മനുഷ്യാവകാശ ധ്വംസനങ്ങളെയുമാണ് പി. വത്സല തന്റെ കഥകൾക്ക് വിഷയമായി സ്വീകരിച്ചിരിക്കുന്നത്.

### പി. വത്സലയുടെ കൃതികളിലെ രചനാ പശ്ചാത്തലം:

പി. വത്സലയുടെ നോവലുകളും കഥകളും വയനാടൻ പരിസരങ്ങളിൽ ദുരിതപൂർണ്ണമായ ജീവിതം നയിക്കാൻ വിധിക്കപ്പെട്ട ആദിവാസികളോട് അനുഭാവം പുലർത്തുന്നവയാണ്. ഇതിവൃത്തം തെരഞ്ഞെടുക്കുമ്പോൾ പീഡിതരോട് പ്രത്യേകിച്ച് സ്ത്രീകളോട് പക്ഷപാതിത്വം അവരുടെ രചനകളിൽ കാണാം. മർദ്ദിതവിഭാഗം എന്ന നിലയിൽ ആദിവാസി സ്ത്രീകൾ ഇത്തരം പ്രവണതകളുടെ തീവ്രാനുഭവം പേറുന്നവരാണ്.

ഭൂരിപക്ഷം വരുന്ന എഴുത്തുകാരും തങ്ങൾക്കു ബന്ധമുള്ള സമൂഹമോ സമുദായമോ ഭൂപ്രദേശമോ കഥയ്ക്കും നോവലിനും പ്രമേയമാക്കാറുണ്ട്. കുട്ടനാടൻ പശ്ചാത്തലം തകഴിയും, തകരുന്ന നാലുകെട്ടുകൾ എം. ടി. യും, പട്ടാളക്യാമ്പുകൾ കോവിലനും, മുസ്ലീം സമുദായം ബഷീറും അവരുടെ സാഹിത്യരചനകൾക്ക് പശ്ചാത്തലമായി സ്വീകരിച്ചിട്ടുണ്ട്. ഇതുപോലെയാണ് പി. വത്സലയും തന്റെ രചനയുടെ പശ്ചാത്തലമായി വയനാടിനെ തിരഞ്ഞെടുക്കുന്നതും അവിടെ താമസിച്ച് ഗോത്രവിഭാഗങ്ങളെക്കുറിച്ച് രചന നടത്തുന്നതും. പി. വത്സലയുടെ രചനകളെക്കുറിച്ച് ഡി. സി. രവി പറഞ്ഞിരിക്കുന്ന പ്രസാധകകുറിപ്പ് ഇപ്രകാരമാണ്, 'അവരുടെ കഥകളും നോവലും വായനയുടെ കേവലരസങ്ങൾക്കോ ആഖ്യാനത്തിന്റെ അമ്പരപ്പിക്കുന്ന മാജിക്കുകൾക്കോ വേണ്ടി രചിക്കപ്പെട്ടിട്ടുള്ളവയല്ല. അവയോരോന്നും നമുക്കിടയിൽ അനുദിനം ഇല്ലാതാകുന്ന മനുഷ്യജീവിതത്തിന്റെ ഹരിതഭാഗങ്ങളെ പിന്തുടരുന്ന വേദന നിറഞ്ഞ അന്വേഷണമാണ്.'[7]

സ്വന്തമായി ഒരു രചനാപരിസരം ഒരുക്കി അവിടെ കഥയും നോവലും രചിക്കുവാനാണ് പി. വത്സല ശ്രമിക്കുന്നത്. മുൻധാരണകൾക്കനുസരിച്ച് നടക്കുന്നതിനേക്കാൾ സ്വന്തമായ വീക്ഷണ

ത്തിലൂടെ കാര്യങ്ങളെ നോക്കികാണുവാൻ അവർക്ക് സാധിക്കുന്നു. അതിനു വേണ്ടിയാണ് വയനാട്ടിലെ ഊരുകളിൽ പോയി താമസിക്കാൻ തയ്യാറാകുന്നതും അതിന്റെ സുഗന്ധം ആവഹിക്കാൻ പരിശ്രമിക്കുന്നതും. 'എന്റെ എഴുത്ത് എന്റെ വീടാണ്. അതിന്റെ ജാലകങ്ങളാണ് കഥകൾ. നാല് ദിശയിലേക്കും ജാലകങ്ങളുള്ള ഒരു വീട്. ഓരോ കഥയും എഴുതുമ്പോൾ ഞാൻ ആ വീടിനകത്ത് കടന്നിരിക്കും. ചിലപ്പോളത് തുറന്നു കിടപ്പുണ്ടാകും. ചിലപ്പോൾ ഞാനത് തള്ളിതുറക്കും. അപ്പോൾ മുൻസൂചനയനുസരിച്ച് അവിടെ ഒരു കാഴ്ചയുള്ളത് മെല്ലെ, മെല്ലെ ഇതൾ വിടർത്തി പൂർണ്ണമായും വികസിച്ച് വരും. അതാണ് എന്റെ ഓരോ കഥയും. മണ്ണും മനുഷ്യനും വിദ്യയും വികസനവും ജീവിതത്തിന്റെ അവിഭാജ്യഘടകമായിരിക്കേ അതിൽ അന്തർഭവിച്ചിരിക്കുന്ന അസ്വാരസ്യതയുടെ വ്യത്യസ്തമുഖങ്ങളെ തന്റെ കഥാരചനയ്ക്കു പ്രമേയമാക്കുന്നു പി. വത്സല.'[8] 1960 കൾക്കു ശേഷമാണ് ഗോത്രസംസ്കൃതിയെക്കുറിച്ചുള്ള ചിന്തകൾ മലയാള സാഹിത്യത്തിൽ ശക്തമാകുന്നത്. അതിൽ ആദ്യചുവടുവച്ച വ്യക്തിയായി പി. വത്സലയെ കണക്കാക്കാം. ഗോത്രജീവിതവും അവയുമായി ബന്ധം പുലർത്തുന്ന പരിസ്ഥിതിയുമാണ് അവരുടെ കഥകളിലെ മുഖ്യപ്രമേയങ്ങൾ.

## പി. വത്സലയുടെ കഥകളിലെ ആവാസവ്യവസ്ഥയും ഗോത്രബോധവും:

ആദിവാസികളും കീഴാളരും തൊഴിലാളികളുമടങ്ങുന്ന വർഗ്ഗത്തിന്റെ ജീവിതമാണ് പി. വത്സലയുടെ കഥകളിൽ അധികവും. ചൂഷിതരോ അവഗണിക്കപ്പെട്ടവരോ ജീവിതഭാരത്തിന്റെ സമ്മർദ്ദത്താൽ വീർപ്പുമുട്ടുന്നവരോ ആണ് അവരുടെ കഥാപാത്രങ്ങൾ. സ്ത്രീപുരുഷഭേദം കൂടാതെ ചൂഷിതരുടെ ലോകമാണ് ആ കഥകളിലുള്ളത്. എരണ്ടകൾ, തെരുവിലിറക്കപ്പെട്ടവർ, ചാമുണ്ടികുഴി, പുഴ, ശിശിരത്തിലെ ഉറുമ്പുകൾ, പേമ്പി, പങ്കുരുപുഷ്പത്തിന്റെ തേൻ തുടങ്ങിയ കഥകളിലെല്ലാം ഇത്തരം കഥാപാത്രങ്ങളുണ്ട്.

വിദ്യാഭ്യാസം പോലും നേടാനിടയാകാത്ത കീഴാളവർഗ്ഗസ്ത്രീകൾ പുലർത്തുന്ന യാഥാർത്ഥ്യബോധവും സ്വയാവബോധവും പ്രകൃതിയെക്കുറിച്ചുള്ള തിരിച്ചറിവും വത്സലയുടെ കഥകളുടെ സവിശേഷതകളാണ്. മടുപ്പും യാതനയും അനുഭവിക്കുന്ന സ്ത്രീകഥാപാത്രങ്ങളും പുരുഷാധിപത്യത്തിന്റെ തടവറയിൽ തളച്ചിടപ്പെടുന്ന ജീവിതങ്ങളുടെ നെടുവീർപ്പുകളും അവരുടെ കഥകളിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. വാണിജ്യവത്ക്കരണത്തിന്റെയും കുടിയേറ്റത്തിന്റെയും ഫലമായി ആദിവാസികോളനികൾ ചൂഷണത്തിനിരയാകുന്നത് കഥകളിൽ കാണാനാകും. ധന്യാരാമൻ പറയുന്നു, 'ആദിവാസികളെ ഇങ്ങനെ ചൂഷണം ചെയ്യുന്നവരിലേറെയും കുടിയേറ്റക്കാരാണെന്നു പറയുവാൻ

മടിയില്ല. കുടിയേറ്റ സമൂഹമാണ് ആദിവാസികളുടെ ആവാസവ്യവസ്ഥ തകർത്ത് അവരെ ഈ ഗതിയിലാക്കിയത്. ആദിവാസികളുടെ ജീവിതത്തിൽ അസ്വസ്ഥതയുടെയും തീരാദുരിതങ്ങളുടെയും വിത്തുവിതച്ചത് അവരാണ്.'[9]

**എരണ്ടകൾ:**

നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പുഴയെചൊല്ലിയുള്ള ആദിവാസിപ്പെണ്ണിന്റെ വേദനയാണ് *എരണ്ടകൾ* എന്ന കഥയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. മണൽവാരി പുഴയെ ചൂഷണം ചെയ്യുന്ന അമൃതമാൻകുട്ടിയെന്ന കോൺട്രാക്ടർ. ദേശാടനകിളികളെ വേട്ടയാടുകയെന്നത് അയാളുടെ വിനോദമായിരുന്നു. പുഴയിൽ കളിച്ചു വളർന്നവളാണ് ഭാനു. ഭാനുവിന്റെ പിതാവിനു മദ്യം കൊടുത്തു മയക്കി അവളിലും നോട്ടമിടുന്നു. പുഴയും സ്ത്രീയും ചൂഷണത്തിനിരയാകുന്നതിന്റെ കഥയാണിവിടെ അവതരിപ്പിക്കുന്നത്.

മനുഷ്യൻ പ്രകൃതിയുടെ ആവാസവ്യവസ്ഥയെ തകിടം മറിക്കുന്നതിന്റെ ചിത്രം ആദിവാസിപ്പെണ്ണിന്റെ വാക്കുകളിലൂടെ പി. വത്സല അവതരിപ്പിക്കുന്നു. 'തൂവലുകൾ തൂങ്ങി, മിഴി മഞ്ഞച്ച്, കഴുത്തു കുഴഞ്ഞ് വഴിയിൽ വീണുകിടക്കുന്ന പക്ഷി അവളെ അസ്വസ്ഥയാക്കി.'[10] പ്രകൃതിക്കു നേരെ മനുഷ്യൻ നടത്തുന്ന കയ്യേറ്റത്തിന്റെ നേർചിത്രമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അമിതമായ ജനപ്പെരുപ്പവും വനങ്ങളിലേക്കുള്ള കടന്നുകയറ്റവുമെല്ലാം അവിടുത്തെ ആവാസവ്യവസ്ഥയെ തകിടം മറിക്കുകയാണെന്ന് ഈ കഥയിലൂടെ പി. വത്സല അവതിപ്പിച്ചിരിക്കുന്നു.

'പൊന്തകൾക്കപ്പുറം അപരിചിതസ്വരങ്ങൾ മുഴങ്ങി.

ഉപ്പുവെള്ളത്തിന്റെ രൂക്ഷഗന്ധം സർവാംഗം തുളച്ചുകയറി. ഒഴുക്കു നഷ്ടപ്പെട്ട കയത്തിലേക്ക് അവൾ തുറിച്ചുനോക്കി. നിന്റെ ചിരി എവിടെ ?

എന്റെ മുഖത്തിന്റെ കണ്ണാടി കറുത്തു.

കറുത്ത അഗാധതയിൽ വെള്ളച്ചിറകുകൾ വിടർത്തി വീശി എരണ്ടകൾ പറന്നകന്നു.

അവൾ ഞെട്ടി.

ഒരു വെടിയൊച്ച.

വേനലിൽ വരണ്ട പൊന്തകൾ ബഹളംവച്ചു. നിലവിളിച്ചു. ചിറകടിച്ചു. ഞരക്കത്തിലമർന്നു കയത്തിന്റെ വക്കത്ത് അനങ്ങാനാവാതെ അവൾ നിന്നു.'[11] പരിസ്ഥിതി നിയമങ്ങൾ നിലവിലുണ്ടെങ്കിലും അവയുടെ മറവിൽ വിനോദങ്ങൾക്കും വ്യവസായാവശ്യങ്ങൾക്കും മറ്റുമായി വനം ഉപയോ

ഗിച്ചുവരുന്നതിന്റെ ദൂഷ്യവശങ്ങളിലേക്ക് ഈ കഥ വിരൽചൂണ്ടുന്നു. 'വികസിതരാഷ്ട്രങ്ങളിൽ വിനോദ-വിഹാരങ്ങൾക്കും വനം ഉപയോഗിച്ചുവരുന്നുണ്ട്. അമേരിക്കൻ ഐക്യനാടുകളിൽ ബഹുഭൂരിപക്ഷം വനങ്ങളിലും വിനോദസഞ്ചാരം, വേട്ടയാടൽ, മീൻപിടുത്തം എന്നിവ പ്രോൽസാഹിപ്പിക്കുന്നുണ്ട്.'[12] അത് പ്രകൃതിക്കുമേലുള്ള മനുഷ്യന്റെ ആധിപത്യ സ്ഥാപനത്തിന് ഇടയാക്കുന്നു.

മണ്ണും മരവും അന്യമാകുന്നതോടെ പ്രകൃതിയിലെ ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയും തകരുന്നു. കഥയിലെ എരണ്ടകൾ സ്വൈരവിഹാരം നടത്തിയിരുന്ന പുഴയും മറ്റും അമൃതമാൻകുട്ടി ചൂഷണം ചെയ്തതോടെ പ്രകൃതിയുടെ താളക്രമങ്ങൾക്കുണ്ടാകുന്ന വ്യതിയാനങ്ങളെ കഥയിൽ അവതരിപ്പിക്കുന്നുണ്ട്. 'മണൽത്തിട്ടയിലെ പൊന്തകൾ ഉപ്പുവെള്ളത്തിൽ പാതി മുങ്ങി. പിന്നീടൊരിക്കലും എരണ്ടകൾ അവിടെ കൂടുകൂട്ടിയില്ല. അവ ഉപ്പില്ലാത്ത വെള്ളം തേടി പറന്നുപോയി.'[13] ഇങ്ങനെ പ്രകൃതിയോടും ജീവജാലങ്ങളോടുമുള്ള അതിക്രമങ്ങൾ കൂടിയതോടെ മനുഷ്യന്റെ തന്നെ നിലനിൽപ്പ് അവതാളത്തിലായി എന്ന് ഈ കഥയിലൂടെ പി. പറയുന്നു.

### തെരുവിലിറങ്ങുന്നവർ:

ആധുനിക കുടിയേറ്റത്തിന്റെയും വ്യവസായിക മുതലെടുപ്പിന്റെയും ഫലമായി അന്യമാകുന്ന സംസ്ക്കാരത്തെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്ന കഥയാണ് *തെരുവിലിറങ്ങുന്നവർ*. അനാഥത്വത്തിന്റെയും അപരിചിതത്തിന്റെയും മുഖങ്ങൾ ഇതിൽ കണ്ടുമുട്ടുവാൻ സാധിക്കും. തെരുവിൽ ജീവിതം ഹോമിക്കുവാൻ വിധിക്കപ്പെട്ടവരെക്കുറിച്ച് ആരും അന്വേഷിക്കാറില്ല. അത്തരത്തിൽ ഒറ്റപ്പെട്ടുപോകുന്ന കുടുംബത്തിന്റെ ജീവിതം ഈ കഥയിൽ കാണാനാകും.

ജീവിതത്തെക്കുറിച്ചുള്ള ദാർശനികമായ ചില വെളിപ്പെടുത്തലുകൾ ഈ കഥയിലുണ്ട്. 'ഇപ്പോൾ അങ്ങനെയാണ്. ജീവിതം ഒരു തെരുവിലെ നടത്തമായി. പോക്കും വരവും ഇടവിടാതെ നടക്കുന്നു. ആര് എവിടുന്ന് കുടിയേറുന്നു? എങ്ങോട്ട് തിരിച്ചുപോകുന്നു? പോയ്ക്കഴിയുമ്പോഴാണ് ഉള്ളിലോരോ ചോദ്യം മുളപൊട്ടി എത്തിനോക്കുക. കണ്ടവരെ പിന്നീട് കാണുകയേ ഇല്ല. കണ്ടാലും തിരിച്ചറിയണമെന്നുമില്ല.'[14] ഗ്രാമീണജീവിതത്തിന്റെ നഷ്ടമാകുന്ന സംസ്ക്കാരത്തെയും മനുഷ്യന്റെ ആവാസവ്യവസ്ഥയ്ക്കുണ്ടാകുന്ന ആഘാതത്തെയുമാണ് ഇതിൽ കാണുവാൻ കഴിയുക. നാഗരികതയുടെ അതിപ്രസരത്തിൽ ആകൃഷ്ടരായി നാട്ടിൻപുറങ്ങളിൽനിന്നും പടിയിറങ്ങിയതിന്റെ ചില ഗന്ധങ്ങൾ ഇതിൽ പ്രതിഫലിക്കുന്നുണ്ട്. വളരെ നിർജ്ജീവമായ, ഏകാന്തതയുടെ മൂടുപടം ആവരണം ചെയ്ത ആ ഗ്രാമീണതയെ ചലനാത്മകമാക്കുവാൻ കടന്നുവരുന്ന ദരിദ്രകുടുംബത്തിന്റെ

സാന്നിധ്യം ഏവരെയും സന്തോഷവാന്മാരാക്കുന്നു. 'കുടുംബംതന്നെ. എനിക്കു സന്തോഷം തോന്നി. ചില മാസങ്ങളായി ആളൊഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളിലേക്ക് ഒരിക്കൽകൂടി ഒരു കുടുംബം. അടഞ്ഞുകിടക്കുന്ന വലിയ വീടുകളുടെ മാത്രം സാന്നിധ്യത്താൽ ഈ മനോഹരമായ റോഡിന് എന്തോ പന്തികേടുണ്ടെന്ന് എനിക്ക് തോന്നാറുണ്ട്.'[15] വീടിനെ കുടുംബമാക്കുന്നത് അവിടെ വസിക്കുന്ന മനുഷ്യരുടെ സാന്നിധ്യമാണ്. മനുഷ്യർ നാട്ടിൻപുറങ്ങളിൽനിന്നും പടിയിറങ്ങുമ്പോൾ നാടിന്റെ തന്നെ ആവാസവ്യവസ്ഥയ്ക്ക് മങ്ങലേൽക്കുന്നു. നഗരങ്ങളിലേക്കുള്ള ചേക്കേറലും കുടിയേറ്റവും ആദിവാസി ജീവിതങ്ങളെ എത്രമാത്രം ദുർബലമാക്കുന്നു എന്ന് അവതരിപ്പിക്കുകയാണ് ഇവിടെ. 'വനവുമായി ഇടപഴകി ജീവിക്കുന്ന ശൈലിയായിരുന്നു പഴയകാലത്ത് ആദിവാസികൾക്കുണ്ടായിരുന്നതെങ്കിൽ സാങ്കേതികവിദ്യകളുടെ വളർച്ചയും വർദ്ധിച്ചുവരുന്ന ജീവിതാവശ്യങ്ങളും വനത്തിന്റെ വനേതര ഉപയോഗം വർദ്ധിപ്പിക്കുന്ന രീതിയിലായിരുന്നു.'[16] ആധുനിക രീതിയിലുള്ള മാറ്റങ്ങൾ മനുഷ്യന്റെ ആവാസവ്യവസ്ഥയിൽ ചെലുത്തുന്ന സ്വാധീനങ്ങളെയാണ് ഇവിടെ അടയാളപ്പെടുത്തുന്നത്.

ഗോത്രജീവിതപരിസരങ്ങളിൽ പ്രകൃതിയും പ്രകൃതിവിഭവങ്ങളുമാണ് ആശ്രയമായിരുന്നതെങ്കിൽ സാങ്കേതികവിദ്യകളുടെ വർദ്ധനവും കുടിയേറ്റവും ഈ ജീവിതപരിസരങ്ങളെ താറുമാറാക്കി. കച്ചവടമനഃസ്ഥിതി അവരുടെ ജീവിതത്തെ ചൂഷണം ചെയ്തു. പുതിയ മേൽവിലാസങ്ങളിലേക്ക് അവർ പറിച്ചുനടപ്പെട്ടു. 'കച്ചവടം ചെയ്യാനെത്തിയ ഒരു പുതിയ കുടുംബം എന്നു ഞാനുറപ്പിക്കുന്നു. ആ വീടിനു മറ്റൊരു മേൽവിലാസം ഇതുവരെ ഉണ്ടായിട്ടില്ല. ഒരു ചെറുഹോട്ടൽ. പത്തിൽ താഴെ ആളുകൾക്കുമാത്രം ആഹാരം കഴിക്കാനുള്ള, അടച്ച വരാന്തയിലെ കണ്ണുകളെ മറച്ച് വൃത്തിയുള്ള പുള്ളിത്തിരശ്ശീല അനങ്ങാതെ വിടർന്നു നിൽക്കുന്നു.'[17] പല ദേശങ്ങളിൽനിന്നും കുടിയേറിയവർ എങ്ങിനെ ഒരു പ്രദേശത്തിന്റെ ആവാസവ്യവസ്ഥകളിൽ സ്വാധീനം ചെലുത്തുന്നുവെന്ന് പി. വത്സല കഥയിൽ രേഖപ്പെടുത്തുന്നുണ്ട്. 'ആദിവാസി മേഖലകളിൽ നടക്കുന്ന വികസനപ്രവർത്തനങ്ങൾ അവിടേക്ക് പുറത്തുനിന്നുള്ളവരെ ആകർഷിക്കുകയും അത് ഭൂമികയ്യേറ്റത്തിന് കാരണമാവുകയും ചെയ്തുവെന്ന് പറയപ്പെടുന്നു.'[18] പല ദേശത്തുനിന്നും കെട്ടിടം പണിയ്ക്കെത്തിയ ചെറുപ്പക്കാരുടെ ആഗമനം എപ്രകാരം ആ ദേശത്തെ സ്വാധീനിക്കുന്നു എന്ന് ഇവിടെ കാണാം. 'അവർ നാട്ടിലില്ലാത്ത രോഗങ്ങൾ വിതരണം ചെയ്യുന്നുവെന്ന്. മെച്ചപ്പെട്ട നാട്ടുകാരുണരുന്നു. പരിശോധിക്കണം. ഹെൽത്ത് കാർഡ് കൊടുക്കണം, ഐ. ഡി. കൊടുക്കണം. ചെറിയ നികുതി ചുമത്ത

ണം, അവരങ്ങനെ പോകാൻ പാടില്ലെന്നു ചില നാട്ടുകാർ. ഞങ്ങൾക്കു പണിക്കാരെ കിട്ടണം. എല്ലാവരും ഗൾഫിലേക്കു കടന്നാൽ ഞങ്ങളിവിടെ ജീവിക്കുന്നതെങ്ങനെ?'[19] നഗരങ്ങളിൽ നിന്നും തൊഴിൽതേടി ഇറങ്ങുന്നവർ എങ്ങിനെ നഗരപരിസരങ്ങളെ സ്വാധീനിക്കുന്നുവെന്ന് ഈ കഥയിലുണ്ട്. 'വേലക്കാരെ കിട്ടാനില്ലാത്ത നഗരപരിസരം. ഗ്രാമങ്ങളും അങ്ങനെതന്നെ.'[20] ഗ്രാമങ്ങൾക്കു നഷ്ടമാകുന്ന നൈസർഗ്ഗികതയെയും നഗരങ്ങൾക്കു നഷ്ടം വരുന്ന ആത്മാർത്ഥതയെയും കഥയുടെ പരിസരത്ത് കൊണ്ടുവരുന്നുണ്ട്. ഇങ്ങനെ ഒരു സമൂഹത്തിന്റെ ആവാസവ്യവസ്ഥ എത്രമാത്രം തകിടം മറിയുന്നുവെന്ന് പി. വത്സല കഥയിലൂടെ പറയുന്നു.

**ഉപദർശനം:**

ഭൂമി കയ്യേറ്റത്തിന്റെയും കുടിയിറക്കലിന്റെയും നിരവധി കഥകൾകൊണ്ടു നിറഞ്ഞതാണ് ആദിവാസികളുടെ ജീവിതം. അവയിൽ പലതും പുറംലോകത്തിനിന്നും അജ്ഞാതമാണ്. ചരിത്രഗ്രന്ഥങ്ങളിൽ പലപ്പോഴും ഇത് കണ്ടെത്തുവരില്ല. വേദനയുടെയും തിരസ്ക്കാരത്തിന്റെയും ഈ ജീവിതാവസ്ഥകളെ മനസിലാക്കുവാൻ സാഹിത്യകൃതികൾ സഹായകമാകുന്നു. പി. വത്സലയുടെ കൃതികളിലെല്ലാം നിറഞ്ഞുനിൽക്കുന്നത് ആദിവാസികളുടെ വേദനനിറഞ്ഞ ജീവിതമാണ്. ആദിവാസി മേഖലകളിൽ പ്രത്യേകിച്ച് വയനാട്ടിലെ കുറിച്യരുടെയും കുറുമരുടെയും പണിയരുടേയും കൂടെ താമസിച്ച് സ്വായത്തമാക്കിയ അനുഭവങ്ങളാണ് അവരുടെ കഥയിൽ നാം വായിക്കുന്നത്. 'ഭൂമിയിന്മേലുള്ള അവകാശം സ്ഥാപിക്കുന്നതിലൂടെ മാത്രമേ കേരളത്തിലെ ആദിവാസി വിഭാഗങ്ങൾക്ക് ജീവനും സ്വത്വബോധത്തിലധിഷ്ഠിതമായ സാമൂഹിക-സാംസ്ക്കാരിക-പൈതൃകപരമായ ആജീവനാവസ്ഥയും സാധ്യമാക്കാനാവൂ'[21] എന്ന വസ്തുത വെളിവാകുന്നു. ആദിവാസികളുടെ ആവാസവ്യവസ്ഥയെയും അവയോടിണങ്ങിയ ജീവിതരീതികളെയും വെളിവാക്കുന്നതാണ് ഈ കൃതികൾ. അവ വായനാക്കാർക്ക് എളുപ്പത്തിൽ ഗ്രഹിക്കാവുന്ന ശൈലിയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

**കുറിപ്പുകൾ:**

1. സഹദേവൻ കെ., ആദിപോരാളികൾ ആദ്യപോരാളികൾ, *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 2016 നവംബർ 13-19, പേജ്.13.
2. രാജേന്ദ്രപ്രസാദ്, 'ഭൂവധികാരവും ആദിവാസി ജീവിതവും', *ഗോത്രഭൂമി,* 2015 ആഗസ്റ്റ്, പേജ്.29.

3. അച്യുതാനന്ദൻ, വി. എസ്., 'ഭൂമി, പോരാട്ടം, ജീവിതം', *ഗോത്രഭൂമി,* 2015 ആഗസ്റ്റ്, പേജ്.6.

4. മാതിരപ്പിള്ളി, മനോജ്., *കേരളത്തിലെ ആദിവാസികൾ കലയും സംസ്കാരവും,* ഡി.സി. ബുക്ക്സ്, കോട്ടയം, 2013, പേജ്.19.

5. ഗീതാനന്ദൻ,എം., 'എത്രലക്ഷം വനമനുഷ്യർ', *കാരുണ്യകൻ*, ജനുവരി, 2015, പേജ്.22.

6. മാതിരപ്പിള്ളി, മനോജ്., *കേരളത്തിലെ ആദിവാസികൾ കലയും സംസ്കാരവും,* പേജ്.19.

7. വത്സല.പി, *പി.വത്സലയുടെ കഥകൾ സമ്പൂർണ്ണം,* ഡി.സി. ബുക്സ്, കോട്ടയം, 2011, പേജ്.5.

8. വത്സല.പി, *പി.വത്സലയുടെ കഥകൾ സമ്പൂർണ്ണം,* പേജ്.5.

9. ധന്യാരാമൻ, 'ഊരിലെ ജീവിതവും കടന്നുകയറ്റവും', *മാധ്യമം ആഴ്ചപ്പതിപ്പ്*, 2016 ഒക്ടോബർ, പേജ്.34.

10. വത്സല.പി, *എന്റെ പ്രിയപ്പെട്ട കഥകൾ,* ഡി.സി. ബുക്സ്, കോട്ടയം, 2012, പേജ്.93.

11. വത്സല.പി, *എന്റെ പ്രിയപ്പെട്ട കഥകൾ,* പേജ്.93–94.

12. പണ്ടാല, ആർ. സി., 'വനവും വനനശീകരണവും', *പരിസ്ഥിതി ശാസ്ത്രീയ വീക്ഷണം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012, പേജ്.49.

13. വത്സല.പി, *എന്റെ പ്രിയപ്പെട്ട കഥകൾ,* പേജ്.97.

14. വത്സല.പി, *വിഷം കഴിച്ചു മരിച്ച മരങ്ങൾ*, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 2016, പേജ് 16.

15. അതിൽത്തന്നെ, അവിടെത്തന്നെ.

16. പ്രസന്നൻ, പള്ളിപ്രം., 'ആദിവാസികളുടെ ഭൂമി അന്യാധീനപ്പെടലിന്റെ കഥ', *ഗോത്രഭൂമി,* ആഗസ്റ്റ് 2015, പേജ്. 46.

17. വത്സല.പി, *വിഷം കഴിച്ചു മരിച്ച മരങ്ങൾ*, പേജ്.17.

18. ശ്രീകുമാർ.കെ.സി, 'ആദിവാസികളുടെ ഭൂമി അന്യാധീനപ്പെടലിന്റെ കഥ', *ഗോത്രഭൂമി,* ആഗസ്റ്റ് 2015, പേജ്.47.

19. വത്സല.പി, *വിഷം കഴിച്ചു മരിച്ച മരങ്ങൾ*, പേജ്.18.

20. അതിൽത്തന്നെ, അവിടെത്തന്നെ.

21. രാജേന്ദ്രപ്രസാദ്, 'ഭൂവധികാരവും ആദിവാസി ജീവിതവും', *ഗോത്രഭൂമി,* ആഗസ്റ്റ് 2015, പേജ്.31.

**സഹായകഗ്രന്ഥങ്ങൾ:**

1. പി. വത്സല, *പി.വത്സലയുടെ കഥകൾ സമ്പൂർണ്ണം,* ഡി.സി. ബുക്സ്, കോട്ടയം, 2011.
2. പി. വത്സല, *എന്റെ പ്രിയപ്പെട്ട കഥകൾ,* ഡി.സി. ബുക്സ്, കോട്ടയം, 2012.
3. പി. വത്സല, *വിഷം കഴിച്ചു മരിച്ച മരങ്ങൾ*, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2016.
4. മനോജ്. മാതിരപ്പിള്ളി, *കേരളത്തിലെ ആദിവാസികൾ കലയും സംസ്കാരവും,* ഡി.സി. ബുക്ക്സ്, കോട്ടയം, 2013.

**ലേഖനങ്ങൾ:**

1. *പരിസ്ഥിതി ശാസ്ത്രീയ വീക്ഷണം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,(2001), 2012.
2. കെ. സഹദേവൻ, 'ആദിപോരാളികൾ, ആദ്യപോരാളികൾ', *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 2016 നവംബർ 13–19.
3. കെ.സി. ശ്രീകുമാർ, 'ആദിവാസികളുടെ ഭൂമി അന്യാധീനപ്പെടലിന്റെ കഥ', *ഗോത്രഭൂമി,* ആഗസ്റ്റ് 2015.
4. ധന്യാരാമൻ, 'ഊരിലെ ജീവിതവും കടന്നുകയറ്റവും', *മാധ്യമം ആഴ്ചപ്പതിപ്പ്*, 2016 ഒക്ടോബർ.
5. രാജേന്ദ്രപ്രസാദ്, 'ഭൂവധികാരവും ആദിവാസി ജീവിതവും', *ഗോത്രഭൂമി,* 2015 ആഗസ്റ്റ്.
6. വി. എസ്. അച്യുതാനന്ദൻ, 'ഭൂമി, പോരാട്ടം, ജീവിതം', *ഗോത്രഭൂമി,* 2015 ആഗസ്റ്റ്.
7. പള്ളിപ്രം പ്രസന്നൻ, 'ആദിവാസികളുടെ ഭൂമി അന്യാധീനപ്പെടലിന്റെ കഥ', *ഗോത്രഭൂമി,* ആഗസ്റ്റ് 2015.
8. എം. ഗീതാനന്ദൻ, 'എത്രലക്ഷം വനമനുഷ്യർ', *കാരുണ്യകൻ*, ജനുവരി, 2015.


**************

# Higher Secondary Students' Attitude Towards Urdu Language Learning


## Abstract:

Attitude is a central concept in the domain of language learning. Focusing on the need to strengthen Urdu language learning the current study aims to analyze the higher secondary students' attitude to learn Urdu language in Kerala.The study examines the influence of students' background variables. The identified indicators are cross tabulated with the students' background variables and thereby it gives analytical orientation to the study. This study is exploratory and analytical in nature. This study summarizes and integrates that attitude in learning Urdu language varies with districts. Analyzing sex wise, it has been observed that the female students have medium level attitude whereas male students exceed it. In area wise, the urban students in possession of high level attitude than rural. Based on parental education it is found that the higher the education level of parents the higher the attitude towards learning. The result of the study is on a par with the general hypothesis that the students' background variables have significant association with their attitudes to learn Urdu language.



**HASHIM. M.H,**
Research Scholar,
Annamalai University,
Tamilnadu.
&
**DR. G. RAJU,**
Professor,
Annamalai University,
Tamilnadu.

## Key words:

Urdu in Kerala, Attitude towards Urdu language, Social background of Urdu students, Urdu language in schools.

## Introduction:

Education today has become a powerful tool for the development of the society. The Indian Education Commission has declared education has always been important but perhaps never more so and in man's history than today. Education is considered now a days as an instrument for social change resulting in industrialization, urbanization and social upliftment many people believe that education solves many individual and social problems resulting in individual and social disorganization and disintegration. The main question is whether education can solve the social problems generating from social process. Vocational education is likely to bridge the gap between the educational courses and the requirements of industrialization. Traditional education courses have failed to prepare the right products for entry into the employment market. The courses are very much divorced from actual needs. The academic preparation is very theoretical with less utility aspects.

## Need for the study:

Urdu is not a speaking language in Kerala. Even though some students they learn this language for their own needs and some students opt Urdu language due to the compulsion of teachers and peer groups. With this circumstances, Teachers and students have not been giving enough attention towards Urdu learning. It has been considered to get more marks easily in examinations. Considering these aspects the present study mainly focused on this aspects and the outcome of this research is highly significant to give better solutions for strengthening Urdu learning . In this aspect the present study is highly significant and also very needed.

## Review of Literature:

Crystal (1997)[1], notes that the feelings people have about their own language or the languages of others."

Schiffman (1996)[2], offers a more widely-encompassing definition for language contact situations involving all aspects of language maintenance or shift: "*linguistic culture* is the set of behaviours, assumptions, cultural forms, prejudices, folk belief systems, attitudes, stereotypes, ways of thinking about language, and religiohistorical circumstances associated with a particular language.

Ferguson (1996)[3], reported that in many ways the effectiveness of language policies in education is determined more by the attitudes of the people on language use than it is by the simple demographic facts of language distribution and use. Discovering language attitudes is more difficult than finding the basic data and also may raise political issues which threaten the successful carrying out of a language survey, but it is of fundamental importance.

McGroarty (1996)[4],argued that bases her definition on the work of Gardner, in the context of second language acquisition in school settings. "In this frame of *attitude* has cognitive, affective, and conative components i.e., it involves beliefs, emotional reactions, and behavioral tendencies related to the object of the attitude and consists, in broad terms, of an underlying psychological predisposition to act or evaluate behavior in a certain way.

Ferguson, C. A. (1996)[5], argued that attitudes, or concepts related to attitudes, may occupy a prominent place. It should be noted, however, that in most cases attitudes are introduced in linguistic research as fairly isolated concepts, not clearly related to any theory for the explanation of behavior…."

## Objectives:

The following objectives are framed for the purpose of present study

1. To analyze the higher secondary students' attitudes to learn Urdu language.

2. To examine the influence students' backward variables occupation of the parents, area, gender, school background, educational status of the parents and family type on attitude towards learning Urdu language.

## Hypothesis:

The following hypotheses are formulated on the basis of content and coverage of the framed objectives and they are tested with the application of appropriate statistical tools.

### General Hypothesis

The students' background variables have significant association with their attitudes to learn Urdu language.

### Specific Hypothesis

1. There is a significant association between type of school and higher secondary students' attitudes to learn Urdu language.

2. There is a significant difference between sex of the students and their attitudes to learn Urdu language.

3. There is a significant association between parental occupation and students' attitudes to learn Urdu language.

4. Parental educational status has significant association with higher secondary student's attitudes to learn Urdu language.

5. There is a significant association between parental income and students' attitudes to learn Urdu language.

6. The rural, urban background of the students has significant association with their attitudes to learn Urdu language.

7. There is a significant association between family type of the students' and their attitudes to learn Urdulanguage.

## Methodology:

This study aims at analyzing the higher secondary students' attitudes towards Urdu language learning in six major districts in Kerala State. They are Kasargode, Kannur, Kozhikode, Malappuram, Thrissur and Palakkad. The indicators relating to attitudes to learn Urdu language are identified under the exploratory research work. The identified indicators are cross tabulated with the students' background variables and thereby it gives analytical orientation to the study. Thus this study is partly exploratory in nature and aptly analytical in nature.

## Sampling:

In this study only higher secondary course Social Science students are alone considered as sample. In this study, 6 districts are selected with mainly Muslim population concentrated areas. From each district 5 higher secondary schools are selected as sample. In total 30 schools are selected as sample. From each school 20 higher secondary students are selected as sample. In total 600 students are selected as sample. Which selecting the sample a stratification method is adopted with a view to relative weightage to the students of different religious groups. Thus the sampling of this study comes under the stratified random sampling method.

| District | Number of Students In 5 Schools in each District | Sample | Percentage |
|---|---|---|---|
| Kasargode | 418 | 100 | 23.92 |
| Kannur | 422 | 100 | 23.69 |
| Kozhikode | 434 | 100 | 23.04 |
| Malappuram | 450 | 100 | 22.22 |
| Thrissur | 450 | 100 | 22.22 |
| Palakkad | 398 | 100 | 25.12 |
| **Total** | **2572** | **600** | **23.32** |

## Pilot Study:

The researcher conducted a pilot study with a view to analyze the utility of incorporated questions in the interview schedule. From each district 50 respondents are investigated and relevant information are obtained. After completion of pilot study some unwanted questions and some unwanted information are removed from the interview schedule.

## Description of the Tool:

In this study attitude towards learning Urdu language has been assessed on the basis of five point rating scale. Applying reliability and validity score tested this scale, it has been done after completion of the pilot study among the sample respondents.

## Data Analysis:

The collected data are classified and tabulated with the help of computer programming; cross tabulation is done by putting independent variables and dependent variables. The independent variables are school type, gender, area, parental income, parental occupation, parental education, family size and students' standard and dependent variable is attitudes to learn Urdu language.

## Statistical Tools:

In order to study the association between independent variables and dependent variables, the chi-square test is applied. To study the variation within sample and between sample the anova way model is applied. The general data interpretation is done with the help of percentage and average.

## Concepts of attitude:

It is a pure deposited ideas and values on learning Urdu language.A predisposition or a tendency to respond positively or negatively towards a certain idea, object, person, or situation. Attitude influences an individual's choice of action, and responses to challenges, incentives, and rewards.

## Limitations:

The findings of the study are applicable to Urdu language learning with respect to attitudes towards learning and it does not applicable to other languages. This study is conducted only in 5 districts and 25 schools in Kerala since the studying all the districts and all the schools is not applicable by the level of individual researcher.

## Result and Discussion:

Socioeconomic condition is an economic and sociological combined total measure of a person's work experience and of an individual's or family's economic and social position in relation to others, based on income, education, and occupation. When analyzing a family's socioeconomic condition, the household income, earners' education, and occupation are examined, as well as combined income, versus with an individual, when their own attributes are assessed. In this study, it means social status of the individuals according to their caste status, educational status, family status, occupational status, income status, wealth status and their age structure.

Table 1 presents data on the socio–economic status. It could be noted that Out of the total 600 respondents 75 per cent of them are male respondents and the rest 25 per cent of them are female respondents. In this study 69.67 per cent of the respondents hail from the urban areas and the rest 30.33 per cent of the respondents belong to the rural areas. In this study 19.67 per cent of respondents belong to the Urdu mother tongue group and the rest 80.83 per cent of the respondents belong to the Malayalam mother tongue group.

Out of the total 600 respondents 31.33 per cent of them are higher secondary first year students and the rest 68.67 per cent of them are higher secondary second year students.

Out of the total 600 respondents 31.34 per cent of the respondents come under the small family size group, 36.33 per cent of them belong to the medium family size group and the rest 32.33 per cent of them belong to the large family size group.

Out of the total 600 respondents 30.83 per cent of them have parental education up to primary level, 22 per cent of the respondents belong to the secondary level educated parental occupation group, 19.66 per cent of them have parental education up to higher secondary level, 17 per cent of the respondents belong to the parental education up to under graduate level group and the rest 10.05 per cent of the respondents come under the post graduate level educated parental group.

In this study 21.33 per cent of the respondents belong to the government employee parental occupational group, 17.50 per cent of the respondents belong to the private employee parental occupational group, 18.67 per cent of the respondents belong to the business household group, 24.17 per cent of them come under the farm household group and the rest 18.34 per cent of them belong to the wage labor households.

**Table 1. District Wise Students Attitude to Learning Urdu Language**

| District | High Score 160 to 225 | Medium Score 90 to 160 | Low Score below 90 | Total |
|---|---|---|---|---|
| Kasargode | 55 (55.00) | 38 (38.00) | 7 (7.00) | 100 |
| Kannur | 48 (48.00) | 31 (31.00) | 21 (21.00) | 100 |
| Kozhikode | 44 (44.00) | 29 (29.00) | 27 (27.00) | 100 |
| Malappuram | 42 (42.00) | 35 (35.00) | 23 (23.00) | 100 |
| Thrissur | 38 (38.00) | 33 (33.00) | 29 (29.00) | 100 |
| Palakkad | 31 (31.00) | 27 (27.00) | 42 (42.00) | 100 |
| **Total** | **258 (43.00)** | **193 (32.17)** | **149 (24.83)** | **600** |

Source: Computed from primary data
Figures in parentheses denote row percentages

**Chi-Square Summary Result**

| Chi Square Calculated Value | Degrees of Freedom | Chi Square Table Value at 5% |
|---|---|---|
| 36.71 | 10 | 18.3 |

Table 1 presents data on the district wise students' attitude in learning Urdu language. It could be noted that out of the total 600 students 43 per cent of them have high level attitude in learning Urdu language, 32.17 per cent of them posses the medium level attitude in learning Urdu language and the rest 24.83 per cent of them have low level attitude in learning Urdu language. A more than half of the students of Kasargode district (55%) have high level attitude in learning Urdu language. A considerable number of the respondents of Malappuram district (35%) and Thrissur district (33%) have moderate level attitude in learning Urdu language. Majority of the respondents of Palakkad district (42%) have low level attitude in learning Urdu language.

There is no significant association between districts of the respondents and their attitude in learning Urdu language.

The computed chi square value 36.71 is greater than its tabulated value at 5 per cent level significance. Hence there is a significant association between districts of the respondents and their attitude in learning Urdu language. Thus the formulated null hypothesis is rejected.

It could be seen clearly from the above discussion that the respondents rank the first order in possession of high level attitude in learning Urdu language, possession of medium level attitude in learning Urdu language the second and the possession of low attitude in learning Urdu language the last. In general the higher secondary course students of Kasargode district mainly have high level attitude in learning Urdu language. In this study Palakkad district higher secondary course students lag behind the others in possession of high level attitude in learning Urdu language. In general low level attitude in learning Urdu language is quite common among the respondents of Palakkad district.

**Table 2 Sex Wise Students Attitude to Learning Urdu Language**

| **Sex** | **High Score 160 to 225** | **Medium Score 90 to 160** | **Low Score below 90** | **Total** |
|---|---|---|---|---|
| Male | 215 (47.78) | 132 (29.33) | 103 (22.89) | 450 |
| Female | 43 (28.67) | 61 (40.67) | 46 (30.67) | 150 |
| **Average** | **258 (43.00)** | **193 (32.17)** | **149 (24.83)** | **600** |

Source: Computed from primary data
Figures in parentheses denote row percentages

**Chi-Square Summary Result**

| Chi Square Calculated Value | Degrees of Freedom | Chi Square Table Value at 5% |
|---|---|---|
| 16.79 | 2 | 5.99 |

Table 2 portrays the data on the sex wise students' attitude in learning Urdu language. It could be noted that a majority of the male students (47.78%) have high level attitude in learning Urdu language. Contrastingly, majority of the female respondents (40.67%) are endowed with medium level attitude in learning Urdu language.

There is no significant association between sex of the respondents and their attitude in learning Urdu language.

The computed chi square value 16.79 is greater than its tabulated value at 5 per cent level significance. Hence there is a significant association between sex of the respondents and their attitude in learning Urdu language. Thus the formulated null hypothesis is rejected.

It could be seen clearly from the above discussion that the female students lag behind the male students towards reporting high level attitude in learning Urdu language. In general female students mainly have medium level attitude in learning Urdu language.

**Table 3 Area Wise Students Attitude to Learning Urdu Language**

| Area | High Score 160 to 225 | Medium Score 90 to 160 | Low Score below 90 | Total |
|---|---|---|---|---|
| Urban | 201 (48.09) | 142 (33.97) | 75 (17.94) | 418 |
| Rural | 57 (31.32) | 51 (28.02) | 74 (40.66) | 182 |
| **Average** | **258 (43.00)** | **193 (32.17)** | **149 (24.83)** | **600** |

Source: Computed from primary data
Figures in parentheses denote row percentages

**Chi-Square Summary Result**

| Chi Square Calculated Value | Degrees of Freedom | Chi Square Table Value at 5% |
|---|---|---|
| 36.03 | 2 | 5.99 |

A keen observation of data in table 3 indicates the area wise students' attitude in learning Urdu language. It could be observed that majority of the urban students (48.09%) posses the high level attitude in learning Urdu language. A considerable number of the rural students (40.66%) have low level attitude in learning Urdu language and also rural students considerably (28.02%) posses the medium level attitude in learning Urdu language. There is no significant association between area of the respondents and their attitude in learning Urdu language.

The computed chi square value 36.03 is greater than its tabulated value at 5 per cent level significance. Hence there is a significant association between area of the respondents and their attitude in learning Urdu language. Thus the formulated null hypothesis is rejected. It is concluded that the rural students lag behind the urban students in possession of high level attitude in learning Urdu language. In general majority of the rural students have either medium level attitude or low level attitude in learning Urdu language.

**Table 4 Standard Wise Students Attitude to Learning Urdu Language**

| Standard | High Score 160 to 225 | Medium Score 90 to 160 | Low Score below 90 | Total |
|---|---|---|---|---|
| Higher Secondary 1st | 75 (39.89) | 56 (29.79) | 57 (30.32) | 188 |
| Higher Secondary 2nd | 183 (44.42) | 137 (33.25) | 92 (22.33) | 412 |
| **Average** | **258 (43.00)** | **193 (32.17)** | **149 (24.83)** | **600** |

Source: Computed from primary data
Figures in parentheses denote row percentages

**Chi-Square Summary Result**

| Chi Square Calculated Value | Degrees of Freedom | Chi Square Table Value at 5% |
|---|---|---|
| 4.41 | 2 | 5.99 |

Table 4 presents data on the standard wise students' attitude in learning Urdu language. It is observed from the table that majority of the higher secondary course second year students (44.42%) have high level attitude in learning Urdu language. Contrastingly majority of the higher secondary course first year students posses either the medium level attitude in learning Urdu language (33.25%) or the low level attitude in learning Urdu language (22.33%). There is no significant association between higher secondary course fist year and second year students and their attitude in learning Urdu language.

The computed chi square value 4.41 is lesser than its tabulated value at 5 per cent level significance. Hence there is no significant association between higher secondary course first year and second year students and their attitude in learning Urdu language. Thus the formulated null hypothesis is accepted.

It is learnt from the above discussion that the higher secondary course first year students mainly have medium level and low level attitude in learning Urdu language. Remarkably majority of the higher secondary course second year students have high level attitude in learning Urdu language

**Table 5 Family Size Wise Students Attitude to Learning Urdu Language**

| Family Size | High Score 160 to 225 | Medium Score 90 to 160 | Low Score below 90 | Total |
|---|---|---|---|---|
| Small | 102 (54.26) | 55 (29.26) | 31 (16.49) | 188 |
| Medium | 87 (39.91) | 76 (34.86) | 55 (25.23) | 218 |
| Large | 69 (35.57) | 62 (31.96) | 63 (32.47) | 194 |
| **Average** | **258 (43.00)** | **193 (32.17)** | **149 (24.83)** | **600** |

Source: Computed from primary data
Figures in parentheses denote row percentages

**Chi-Square Summary Result**

| Chi Square Calculated Value | Degrees of Freedom | Chi Square Table Value at 5% |
|---|---|---|
| 23.87 | 4 | 9.49 |

Table 5 presents data on the family size wise students' attitude in learning Urdu language. It is observed from the table that a more than half of the students belong to the small family size group (54.26%) posses the high level attitude in learning Urdu language. A considerable number of the medium family size group respondents (34.86%) have medium level attitude in learning Urdu language. The large family size group students (32.47%) constitute more number in reporting low level attitude in learning Urdu language than the others.

There is no significant association between family size of the respondents and their attitude in learning Urdu language.

The computed chi square value 23.87 is greater than its tabulated value at 5 per cent level significance. Hence there is a significant association between family size of the respondents and their attitude in learning Urdu language. Thus the formulated null hypothesis is rejected.

It is observed from the above discussion that the students of small family size group mainly have high level attitude in learning Urdu language. The students of medium family size group considerably have medium level attitude in learning Urdu language. The large family size group respondents occupy the first position in reporting the possession of low level attitude in learning Urdu language.

**Table 6 Parental Education Wise Students Attitude to Learning Urdu Language**

| Parental Education Wise | High Score 160 to 225 | Medium Score 90 to 160 | Low Score below 90 | Total |
|---|---|---|---|---|
| Primary | 69 (37.30) | 49 (26.49) | 67 (36.22) | 185 |
| Secondary | 44 (33.33) | 52 (39.39) | 36 (27.27) | 132 |
| Higher Secondary | 61 (51.69) | 34 (28.81) | 23 (19.49) | 118 |
| Under Graduate | 52 (50.98) | 40 (39.22) | 10 (9.80) | 102 |
| Post Graduate | 32 (50.79) | 18 (28.57) | 13 (20.63) | 63 |
| **Average** | **258 (43.00)** | **193 (32.17)** | **149 (24.83)** | **600** |

Source: Computed from primary data
Figures in parentheses denote row percentages

**Chi-Square Summary Result**

| Chi Square Calculated Value | Degrees of Freedom | Chi Square Table Value at 5% |
|---|---|---|
| 36.03 | 8 | 15.5 |

A keen observation of data in table 6 indicates the parental education wise students' attitude in learning Urdu language. It could be observed that a more than half of the students with higher secondary level parental education group (50.79%), students with under graduate level parental education group (50.98%) and students with higher secondary level parental education group (51.69%) have high level attitude in learning Urdu language. A considerable number of students with primary level parental education group (36.22%), posses the low level attitude in learning Urdu language. A more than one third of the students with secondary level educated parental background (39.39%) have medium level attitude in learning Urdu language. There is no significant association between parental education of the respondents and their attitude in learning Urdu language.

The computed chi square value 36.03 is greater than its tabulated value at 5 per cent level significance. Hence there is a significant association between parental education of the respondents and their attitude in learning Urdu language. Thus the formulated null hypothesis is rejected.

It could be seen clearly from the above discussion that the students with primary level parental education group have considerably low level attitude in learning Urdu language. A more than half of the students with post graduate level parental education group, students with under graduate level parental education group and students with higher secondary level parental education group mainly have high level attitude in learning Urdu language. In general students with secondary level parental education group considerably have medium level attitude in learning Urdu language.

**Table 7 Parental Occupation Wise Students Attitude to Learning Urdu Language**

| Parental Occupation Wise | High Score 160 to 225 | Medium Score 90 to 160 | Low Score below 90 | Total |
|---|---|---|---|---|
| Government Employee | 72 (56.25) | 46 (35.94) | 10 (7.81) | 128 |
| Private Employee | 61 (58.10) | 32 (30.48) | 12 (11.43) | 105 |
| Business | 44 (39.29) | 48 (42.86) | 20 (17.86) | 112 |
| Farmers | 35 (24.14) | 44 (30.34) | 66 (45.52) | 145 |
| Wage Labor | 46 (41.82) | 23 (20.91) | 41 (37.27) | 110 |
| **Average** | **258 (43.00)** | **193 (32.17)** | **149 (24.83)** | **600** |

Source: Computed from primary data
Figures in parentheses denote row percentages

**Chi-Square Summary Result**

| Chi Square Calculated Value | Degrees of Freedom | Chi Square Table Value at 5% |
|---|---|---|
| 88.86 | 8 | 15.5 |

Table 7 presents data on the parental occupation wise students' attitude in learning Urdu language. It could be noted that a more than half of the students with government employee parental occupation group (56.25%) and students with private employee parental occupation group (58.10%) have high level attitude in learning Urdu language. A considerable number of the students of farm households (45.52%) and wage labor household students with parental occupation group (37.27%) have low level attitude in learning Urdu language.

There is no significant association between parental occupation of the respondents and their attitude in learning Urdu language. The computed chi square value 88.86 is greater than its tabulated value at 5 per cent level significance. Hence there is a significant association between parental occupation of the respondents and their attitude in learning Urdu language. Thus the formulated null hypothesis is rejected.

It could be seen clearly from the above discussion that majority of the students with government employee parental occupational group and private employee parental occupational group have high level attitude in learning Urdu language. A considerable number of the students of farm households and wage labor households have low level attitude in learning Urdu language. A more than one third of the business household students have medium level attitude in learning Urdu language.

## Findings and Conclusion:

The findings of the district wise respondents' attitude in learning Urdu language indicate the following facts. In general the higher secondary course students of Kasargode district mainly have high level attitude in learning Urdu language. In this study Palakkad district higher secondary course students lag behind the others in possession of high level attitude in learning Urdu language. In general low level attitude in learning Urdu language is quite common among the respondents of Palakkad district.

The area wise result of analysis indicates that the urban students rank the first order in possession of high level attitude in learning Urdu language. In general majority of the rural students have either medium level attitude or low level attitude in learning Urdu language. The result of standard wise analysis shows that the higher secondary course first year students mainly have medium level and low level attitude in learning Urdu language. Remarkably majority of the higher secondary course second year students have high level attitude in learning Urdu language.

The result of family size wise analysis shows that the students of small family size group mainly have high level attitude in learning Urdu language. The students of medium family size group considerably have medium level attitude in learning Urdu language. The large family size group respondents occupy the first position in reporting the possession of low level attitude in learning Urdu language.The parental education wise result of analysis reveals that the students with primary level parental education have considerable low level attitude in learning Urdu language. A more than half of the students with post graduate level parental education, students with under graduate level parental education and students with higher secondary level parental education mainly have high level attitude in learning Urdu language. In general students with secondary level parental education considerably have medium level attitude in learning Urdu language.The parental occupation wise result of analysis indicates that the majority of the students with government employee parental occupation group and private employee parental occupational group have high level attitude in learning Urdu language. A considerable number of the students of farm households and wage labor households have low level attitude in learning Urdu language. A more than one third of the business households' students have medium level attitude in learning Urdu language.

## Reference:

[1]Crystal, D. (1997). A dictionary of linguistics and phonetics, 4th ed. Oxford, UK: Blackwell.
[2]Schiffman, H. F. (1990). The balance of power in multiglossic languages: Implications for language shift. Language and Society Papers, No. LD4. Seattle: University of Washington Interdisciplinary Research Committee on Language and Society.
[3] Ferguson, C. A. (1996). Diglossia. In Sociolinguistic perspectives: Papers on language in society, 1959-1994 (pp. 25-39). Ed. Thom Huebner. New York: Oxford University Press.
[4]McGroarty, M. (1996).Language attitudes, motivation, and standards.In S. L. McKay & N. H. Hornberger (Eds.), Sociolinguistics and language teaching (pp. 3-46). New York: Cambridge University Press.
[5] Ferguson, C. A. (1996). Language and national development. In Sociolinguistic perspectives: Papers on language in society, 1959-1994 (pp. 313-323). Ed. Thom Huebner. New York: Oxford University Press.

*********

# ആകരനിർണയനം മുദ്രാരാക്ഷസകഥാസാരം കിളിപ്പാട്ടിൽ

**സംഗ്രഹം:**

ഭാരതത്തിലെ മൗര്യ സാമ്രാജ്യസ്ഥാപനത്തെ അധികരിച്ച് വിശാഖദത്തൻ എ. ഡി. 7, 9 നൂറ്റാണ്ടുകൾക്കിടയിൽ രചിച്ച സംസ്കൃത നാടകമാണ് മുദ്രാരാക്ഷസം. ഇതിവൃത്തത്തിന്റെ ഗഹനത, കഥാപാത്രങ്ങളുടെ ബാഹുല്യം എന്നിവയാൽ ഈ കൃതി പലപ്പോഴും അനുവാചകരുടെ ആഴത്തിലുള്ള ശ്രദ്ധ ആവശ്യപ്പെടുന്നു. ഇതിന് പരിഹാരമായി മുദ്രാരാക്ഷസത്തിന്റെ കഥ സംഗ്രഹിച്ചുള്ള രചനകൾ പിൽക്കാലത്തുണ്ടായി. അക്കൂട്ടത്തിൽ ശ്രദ്ധേയമായ ഒരു സംസ്കൃതരചനയാണ് രവി നർത്തകന്റെ മുദ്രാരാക്ഷസ കഥാസാരം. പ്രസ്തുത രചനയ്ക്ക് മലയാളത്തിലുണ്ടായ വിവർത്തനമാണ് മുദ്രാരാക്ഷസകഥാസാരം കിളിപ്പാട്ട്. ഈ കൃതിയുടെ രചനയിൽ കവി എത്രത്തോളം സ്രോതപാഠത്തെ ഉപജീവിച്ചിരിക്കുന്നു എന്ന അന്വേഷണമാണ് ഈ പ്രബന്ധത്തിന്റെ ഉള്ളടക്കം.

ഭാരതത്തിലെ പ്രാചീനസാഹിത്യകാരന്മാരിൽ ഭൂരിഭാഗം പേരും പ്രശസ്തി മോഹിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ അവർ സ്വന്തം കൃതികളിൽ പലപ്പോഴും പേര് രേഖപ്പെടുത്തിയിരുന്നുമില്ല. മലയാളത്തിലെ പ്രാചീനകൃതികൾക്കും ഇത് ബാധകമാണ്. 'മുദ്രാരാക്ഷസകഥാസാരം കിളിപ്പാട്ട്' ഇതിനൊരപവാദമാണ്. ഇതിൽ കർതൃനാമം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ രചനാകാലത്തിൽ ഈ വ്യക്തത പ്രസ്തുതകൃതി പാലിക്കുന്നില്ല. അച്ചടിമഷി ഇതു

**ഡോ. ലാലു. എസ്. കുറുപ്പ്**
അസിസ്റ്റന്റ് പ്രൊഫസർ
മലയാള വിഭാഗം
എൻ.എസ്.എസ്. കോളേജ്,
നിലമേൽ
ഫോൺ: 9497671721
e-mail :- lalusmudra@gmail.com

വരെ പുരളാത്തതുമൂലം 'മുദ്രാരാക്ഷസകഥാസാര'ത്തിന്റെ ഇതിവൃത്തവും പുറംലോകത്തിന് പരിചിതമല്ല. രവിനർത്തകന്റെ 'മുദ്രാരാക്ഷസകഥാസാര'ത്തിന്റെ സ്വാധീനം 'മുദ്രാരാക്ഷസകഥാസാരം കിളിപ്പാട്ടി'ൽ ഉണ്ടോയെന്ന അന്വേഷണമാണ് ഈ പ്രബന്ധത്തിന്റെ ഉള്ളടക്കം.

### ഗ്രന്ഥസ്വരൂപം

കേരള സർവകലാശാലാ ഹസ്തലിഖിത ഗ്രന്ഥാലയത്തിൽ 21350–ാം നമ്പരായി സംരക്ഷിച്ചിരിക്കുന്ന താളിയോലഗ്രന്ഥമാണ് 'മുദ്രാരാക്ഷസകഥാസാരം കിളിപ്പാട്ട്'. 20 സെ.മീ. നീളവും 3.30 സെ.മീ. വീതിയുമുള്ള 77 ഓലകളുടെ ഇരുപുറവുമായി 770 ഈരടികളിലായി പ്രസ്തുത രചന പൂർത്തീകരിച്ചിരിക്കുന്നു.

"മല്ലികാ മധുവുണ്ടു കല്യാണിരാഗംപാടി
മെല്ലവേ വരുന്നൊരു നല്ല പൈങ്കിളിത്തത്തേ!
നല്ല വാഴപ്പഴം തേനും മെല്ലവേനുകർന്നതി
നല്ലൊരു കഥാസാരം ചൊല്ലുക മടിയാതെ." (മു.ക.കി.ഈ.ന. 1–2)

ഇപ്രകാരം കിളിപ്പൈതലിനെ ക്ഷണിച്ചുകൊണ്ട് കാവ്യം ആരംഭിക്കുന്നു. മുദ്രാരാക്ഷകഥ 765 ഈരടികളിലായി പാടിയശേഷം,

"പൈങ്കിളിമകൾതാനുമിമ്പമായവരോടു
സൽക്കഥനങ്ങൾചെയ്തു യാത്രയും ചൊല്ലിക്കൊണ്ടു
പങ്കജാക്ഷങ്കൽ ഭക്തി സന്തതം ഭവിപ്പാനായ്
ശങ്കരാ! ശിവാ! യെന്നു വിളിച്ചുനടകൊണ്ടാൾ"
(മു.ക.കി.ഈ.ന. 769–770)

എന്നിങ്ങനെ കാവ്യം അവസാനിക്കുന്നു.

### കർത്താവ്:

ഏതൊരുകൃതിയുടെയും കർത്താവിനെക്കുറിച്ച് പഠിക്കുമ്പോൾ പ്രസ്തുത രചനയുടെ ആഭ്യന്തരമായ തെളിവുകളെക്കുറിച്ചും ബാഹ്യമായ തെളിവുകളെക്കുറിച്ചും വിലയിരുത്തേണ്ടതാണ്. ഗ്രന്ഥാന്തർഗതമായ തെളിവുകൾ തികച്ചും വിശ്വസനീയമായിരിക്കും. കർത്താവിനെപ്പറ്റി ഗ്രന്ഥാരംഭത്തിലും അവസാനത്തിലും കാണാറുള്ള തെളിവുകളാണ് ആഭ്യന്തരതെളിവുകൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഭാഷാപരമായ പ്രത്യേകതകൾ, കാവ്യശൈലി എന്നിവയും കർതൃനിർണയനത്തിന് സഹാ

യകമാകുന്ന ആഭ്യന്തരതെളിവുകളാണ്. കവിയുടെ ഇതര കൃതികൾ, ഐതിഹ്യങ്ങൾ, ചരിത്രവസ്തുതകൾ, മറ്റു ഗ്രന്ഥങ്ങളിൽ നിന്നും ലഭിക്കുന്ന പരാമർശങ്ങൾ എന്നിവ ബാഹ്യതെളിവുകളുടെ കൂട്ടത്തിൽ വരുന്നു.

വ്യക്തമായ കർതൃസൂചന നൽകുന്ന ഒരു കൃതിയാണിത്.

"ദ്വാദശദിനൈഃ പരമേശ്വരേണൈനമ ഗീതം
മുദ്രാരാക്ഷസകഥാസാരനാമാലംകൃതം
രവിവർമ്മണാ നാമ്നാമൽഗുരൗ കാരുണ്യേന
നിർമ്മിതം നയഞ്ജഷാം ശേമൃഷീപ്രസാദജം."

എന്ന കൊളോഫോണിൽനിന്നും രവിവർമ്മശിഷ്യനായ പരമേശ്വരൻ പന്ത്രണ്ട് ദിവസംകൊണ്ട് രചിച്ച ഒരു കൃതിയാണ് മുദ്രാരാക്ഷസകഥാസാരം കിളിപ്പാട്ടെന്ന സൂചന ലഭിക്കുന്നു. പ്രസ്തുത കൊളോഫോൺ ഉദ്ധരിച്ചുകൊണ്ട് ഉള്ളൂർ എസ്. പരമേശ്വരയ്യർ,

"ഗുരുവിനെയും ശിഷ്യനെയും പറ്റി മറ്റൊന്നും അറിയുന്നില്ല."[1]

എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഉള്ളൂരിന്റെ കേരള സാഹിത്യചരിത്രത്തിനു പുറമെ മുദ്രാരാക്ഷസകഥാസാരം കിളിപ്പാട്ടിനെക്കുറിച്ച് സൂചനനൽകുന്ന ഏക സാഹിത്യചരിത്രഗ്രന്ഥം ആർ. നാരായണപ്പണിക്കരുടെ 'കേരളഭാഷാ സാഹിത്യചരിത്രം' മാത്രമാണ്.[2]

**രചനാകാലം:**

വ്യക്തമായ കാലസൂചന കാവ്യാന്തർഗതമായി ലഭ്യമല്ല എന്നിരിക്കിലും ഈ കാവ്യത്തിന്റെ നിർമ്മിതിക്കായി ഉപയോഗിച്ചിട്ടുള്ള പദങ്ങൾ 18–ാം നൂറ്റാണ്ടിലേക്കാണ് വിരൽചൂണ്ടുന്നത്. ഡോ. എൻ. മുകുന്ദൻ 'കിളിപ്പാട്ട്' എന്ന ഗ്രന്ഥത്തിൽ 18–ാം ശതകത്തിൽ വിരചിതമായ കൃതികളുടെ കൂട്ടത്തിൽ 'മുദ്രാരാക്ഷസകഥാസാരം കിളിപ്പാട്ടി'നെ ഉൾപ്പെടുത്തിയിരിക്കുന്നു.[3]

ഉള്ളൂർ കൊ.വ. 921–ൽ പകർത്തപ്പെട്ട 'മുദ്രാരാക്ഷസം കിളിപ്പാട്ടി'നെയും കൊ.വ 928–മാണ്ട് വൃശ്ചികമാസത്തിൽ രചിച്ച 'ത്രൈകാലികാഖ്യാന'ത്തെയും പറ്റി പ്രതിപാദിക്കുന്നതിന് മധ്യേയാണ് 'മുദ്രാരാക്ഷസകഥാസാരം കിളിപ്പാട്ടി'നെ ഉൾപ്പെടുത്തിക്കാണുന്നത്. ഇതും പ്രസ്തുത കൃതിയുടെ രചനാകാലം 18–ാം നൂറ്റാണ്ടാണെന്നതിന് ബലമേകുന്നു.

**മുദ്രാരാക്ഷസകഥാസാരം കിളിപ്പാട്ടിന്റെ ആകരം:**

770 ഈരടികളിലായാണ് കവി 'മുദ്രാരാക്ഷസകഥാസാരം കിളിപ്പാട്ട്' നിബന്ധിച്ചിരിക്കുന്നത്.

രവിനർത്തകൻ എന്ന പേരിൽ വിശ്രുതനായ ഇരവിച്ചാക്യാരുടെ 'മുദ്രാരാക്ഷസ കഥാസാരം', 'മുദ്രാരാക്ഷസ കഥാസംഗ്രഹം' എന്നീ നാമങ്ങളിൽ അറിയപ്പെടുന്ന കൃതി ഉപജീവിച്ചാണ് 'മുദ്രാരാക്ഷസ കഥാസാരം കിളിപ്പാട്ട്' പരമേശ്വരകവി രചിച്ചിരിക്കുന്നത്. സംസ്കൃതകൃതിയായ 'മുദ്രാരാക്ഷസകഥാസാരം' പഠനവിധേയമാക്കി പ്രസ്തുത രചന എത്രമാത്രം പരമേശ്വരകവിക്ക് കാവ്യരചനയ്ക്ക് പ്രയോജകീഭവിച്ചുവെന്ന് പരിശോധിക്കുകയാണിവിടെ.

**സ്ഥലവർണന:**

സ്ഥല, കാല വർണനയോടുകൂടി രചന തുടങ്ങുന്ന രീതി പ്രാചീനകാവ്യങ്ങളുടെ ഒരു പ്രത്യേകതയാണ്. രവിനർത്തകന്റെ മുദ്രാരാക്ഷസകഥാസാരത്തിലെ സ്ഥലവർണന,

"അസ്തി സുസ്ഥിത ഭൂപാല വൃന്ദമന്ദാകിനീ തടേ
രത്നാംശു പടലീഭൂതം പാടലീപുത്രകാപുരം
ബഹുജാതിസമാകീർണ ശോകോദയ ശോഭനം
ഭൂമൗ തിലകഭൂതം യദാഹും പുഷ്പപുരം ജനാഃ"

എന്നിങ്ങനെയാണ്. ഈ ഭാഗം 'മുദ്രാരാക്ഷസകഥാസാരം കിളിപ്പാട്ടി'ൽ

"എങ്കിലോ കേട്ടുകൊൾക പണ്ടൊരു രാജധാനി
പാടലീപുത്രപുരമെന്നുണ്ടായ് ഗംഗാതീരേ
അപ്പുരിതന്നെപ്പുഷ്പപുരമെന്നുരചെയ്വോൻ
അത്ഭുതതരമായ പുഷ്പങ്ങളുണ്ടാകയാൽ."

(മു.ക.കി.ഈ.ന. 5–6)

ഇപ്രകാരം കവി പരിഭാഷപ്പെടുത്തിയിരിക്കുന്നു.

**കൗരവോത്പത്തി സൂചന:**

ക്ഷത്രിയകുമാരിയായ സുനന്ദ മാംസപിണ്ഡത്തെ പ്രസവിച്ചപ്പോൾ, ബുദ്ധിമാനായ രാക്ഷസൻ കൗരവോത്പത്തിയെപ്പറ്റി ചിന്തചെയ്ത് അതുപ്രകാരം പ്രവർത്തിക്കുന്നതായി,

"വിചിന്ത്യരാക്ഷസോധീമാൻ ഗാന്ധാരീവൃത്തിം അസ്മത്
സപിണ്ഡം നവധാ കൃത്വാ മാംസഖണ്ഡാൻ അമൂൻപുനഃ
തൈലാധരേഷു നിക്ഷപ്യരരക്ഷകില രാക്ഷസഃ"

എന്നീ വരികളിൽ രവിനർത്തകൻ വർണിക്കുന്നു. ഇതേ ആശയം തന്നെയാണ് മുദ്രാരാക്ഷസകഥാ

സാരം കിളിപ്പാട്ടിലെ,

“അന്നേരമമാത്യനായുള്ള രാക്ഷസന്തന്റെ
നിർമ്മലമായ മതി കൊണ്ടങ്ങുനിരൂപിച്ചാൻ,
അന്നേരന്തോന്നീ നന്നായ് ഗാന്ധാരംതന്റെ പുത്രി-
യെന്നതുപോലെതന്നെ ഇവുടെ വന്നുകൂടും.
ഇങ്ങനെയുറച്ചവൻ മാംസഖണ്ഡത്തെയെടു-
ത്തൊമ്പതുഖണ്ഡമാക്കിപ്പകുത്തങ്ങവയെല്ലാം
തൈലാധാരങ്ങൾതന്നിലിട്ടു രക്ഷിച്ചുനന്നായ്.”

(മു.ക.കി.ഈ.ന. 38-41)

എന്ന ഭാഗത്തും ഉള്ളത്.

**ഗുഹയ്ക്കുള്ളിലെ കാഴ്ച:**

മൗര്യനെയും പുത്രരെയും ഉന്മൂലനാശം വരുത്താനായി ഭൂമിക്കടിയിൽ ഒരു മണ്ഡപമുണ്ടാക്കി, അതിനുള്ളിൽ അകപ്പെടുത്താൻ നവനന്ദന്മാർ തീരുമാനിക്കുകയും അപ്രകാരം പ്രവർത്തിക്കുകയും ചെയ്തു. ഗുഹയ്ക്കുള്ളിൽ അകപ്പെട്ട മൗര്യനും മക്കളും കണ്ട കാഴ്ച,

“ശിലാസംഘൈഃ സുരുംഗാസാനിരുദ്ധാസമദൃശ്യത
കിം ഏതദിതി സംഭ്രാന്താഃ പ്രവിഷ്ടാസൗ ഗുഹോദരം
തത്രാ വിവദ്ധ്യ ചിഹ്നാനി ദദൃശുർന്നതു ഭൂമിപാൻ
ഭോജനം രാജനശതെ തേഷാഃ പ്രത്യേകമർപ്പിതം
ദിപിതാശ്ച പ്രഥങ്ഗ്യസ്താ വധാചാരസ്തഥാകില
തദ് ദൃഷ്ട്വാ ശോകസന്തപ്താഹന്ത തേ സമ ചിന്തയൻ
മാംസ ഖണ്ഡമയൈഃ പാപൈഃ”

എന്ന് മുദ്രാരാക്ഷസകഥാസാരത്തിൽ കവി വർണിക്കുന്നുണ്ട്. ഈ ഭാഗം കിളിപ്പാട്ടുകാരൻ,

“അപ്പോഴേ ഗുഹദ്വാരമടപ്പൂ നൃപന്മാരും
പിന്നത്തെയവസ്ഥകളോരോന്നെ നിരൂപിച്ചാൽ
ശങ്കരാ! ശിവാ! ശിവാ! എന്നതേ പറയാവൂ.
മൗര്യന്മാർ ചെന്നനേരം കണ്ടില്ല നൃപന്മാരെ

വധ്യചിഹ്നങ്ങളെല്ലാങ്കാണായി വഴിപോലെ
ഓരോരോരോതളികയിൽ വെവ്വേറെ ചോറുമിട്ടു
വിളക്കുമത്രതന്നെകൊളുത്തിവച്ചിട്ടുണ്ട്."

(മു.ക.കി.ഈ.ന. 136–139)

എന്നിങ്ങനെയാണ് അവതരിപ്പിക്കുന്നത്.

## വിശിഖന്റെ ഉപദേശം:

നന്ദരാജാക്കന്മാരെ പരീക്ഷിക്കാനായി വംഗദേശാധിപൻ ഒരു സിംഹത്തെ കൂട്ടിലടച്ച് അയയ്ക്കുകയും കൂടുതുറക്കാതെ പാഞ്ചാസ്യത്തെ പുറത്താക്കണമെന്ന് വെല്ലുവിളിക്കുകയും ചെയ്തു. തത്സമയം,

"തദാശു വിശിഖോനാമ സചിവഃമൗര്യപക്ഷഗഃ
ഗൃഢഖേദോ വസന്നത്ര സമയേ കിഞ്ചിദ് അബ്രവീത്
സഹി മൗര്യസുതഃ ചന്ദ്രഗുപ്തഃ ശില്പകലാനിധീഃ
അമോചയിഷ്യത് പഞ്ചാസ്യം കിംതയാ ഗതചിന്തയാ ഇതി."

എന്ന് വിശിഖൻ ഉപായം അവതരിപ്പിക്കുന്നതായി 'മുദ്രാരാക്ഷസകഥാസാര'ത്തിൽ കാണുന്നു. ഇതേ ആശയം തന്നെയാണ് 'മുദ്രാരാക്ഷസകഥാസാരം കിളിപ്പാട്ടി'ന്റെ ഈരടി നമ്പർ 167 മുതൽ 173 വരെയുള്ള ഭാഗങ്ങളിൽ പ്രതിപാദിക്കുന്നത്.

## നവനന്ദന്മാരുടെ കോപം:

നിർണായകഘട്ടത്തിൽ തങ്ങളെ സഹായിച്ച മൗര്യന് നവനന്ദന്മാർ ഭോജനശാലയുടെ ചുമതല നൽകി. ഒരുനാൾ പാടലീപുത്രത്തിൽ എത്തിയ ചാണക്യൻ, ചന്ദ്രഗുപ്തനെ കാണാനിടയാവുകയും ക്ഷണംസ്വീകരിച്ച് ഭോജനത്തിനായി ഉപവിഷ്ടനാവുകയും ചെയ്തു. എന്നാൽ അവിടേക്കു വന്ന നന്ദപുത്രന്മാർക്ക് അല്പവയസ്സായ ഒരു ബ്രാഹ്മണൻ അഗ്രഭോജനത്തിന് ഇരിക്കുന്നത് ഇഷ്ടപ്പെട്ടില്ല. ഇത് മുദ്രാരാക്ഷസകഥാസാരത്തിൽ,

"അഥപ്രവിഷ്ടാ രാജാനോദൃഷ്ട്വാല്പ വയസന്ദ്വിജം
അഗ്രാസനം ഉപാരൂഢം അബ്രുവൻ കാലചോദിതാഃ
കോളസൗ വടുഃ അനാരൂഢശ്മശ്രുരഗ്രാസനം ഗതഃ
നിരസ്യതാം മർക്കടോയമിതി ശ്രുത്വൈവ സോബ്രവീത്"

എന്നിങ്ങനെയാണ് കാണുന്നത്. ഇതേ സന്ദർഭം കിളിപ്പാട്ടിൽ,

"അന്നേരന്നവനന്ദന്മാർ വന്നുനോക്കുന്നനേരം
കാണായീതൊരുവിപ്രനെത്രയും സർഗ്ഗീയായി
വയസ്സും കുറഞ്ഞതിവിടസ്വഭാവത്തോടെ
ലജ്ജകൂടാതെയഗ്രാസനത്തേൽക്കരയേറി
ഇരിക്കുന്നതുകണ്ടു കോപിച്ചുനന്ദന്മാരും
കാലചോഴികന്മാരായ് ച്ചൊല്ലിനാരേവന്തദാ–
'മാണിയാമിവനഗ്രാസനത്തേൽക്കരയേറി
നാണംകൂടാതെ ഇരിക്കുന്നതെല്ലാരുംകാണ്ക.
താടിയും മീശപോലും കുരുത്തുമില്ലാപാർത്താൽ
കാടുകൾകണ്ടാൽ സഹിച്ചീടരുതല്ലോനൂനം,
ദുഷ്ടവാനരനാകുമിവനെ ഇപ്പോൾത്തന്നെ
പെട്ടന്നു പിടിച്ചുനീക്കീടുകെന്നുരചെയ്താർ'."

(മു.ക.കി.ഈ.ന. 317 – 322)

**ക്ഷപണകവചനം:**

ചാണക്യനിർദ്ദേശം അനുസരിച്ച് നന്ദരാജ്യത്തിൽ എത്തിയ ക്ഷപണകൻ സന്യാസിവേഷം പൂണ്ട് രാജകൊട്ടാരത്തിനുള്ളിൽ കടന്നുകൂടി. പർവതരാജനുമായി സഖ്യമുണ്ടാക്കിയ ചാണക്യൻ പാടലീപുത്രം ആക്രമിക്കാനൊരുങ്ങുമ്പോൾ ക്ഷപണകൻ ഭടന്മാരെ ഓരോരുത്തരായി വശത്താക്കി,

"ആഷാഢേ കൃഷ്ണപക്ഷാദൗ ഭൗമവാരേ രിപുഃ പുരിം
നിരോത്സ്യതി തദാനീം ച കാലം ഭോഷൊ മഹാംസ്തവ
അതോ നതദ്രണേ യോദ്ധും പ്രസ്ഥാനവ്യം സഖേത്വയാ
പ്രസ്ഥിതഃ ചേദ് അസന്ദിഗ്ദ്ധമൃത്യും ഏവ ഭവിഷ്യതി"

എന്നുപറഞ്ഞ് രാജപക്ഷത്തുനിന്നും പിന്തിരിപ്പിക്കുന്നതായി രവിനർത്തകൻ വർണിക്കുന്നത്.

"ആഷാഢമാസത്തുങ്കൽപ്രതീപദം
.....................................................................

കൂടിയ ചൊവ്വാഴ്ചനാളിവുടെയൊരു ശത്രു
പടയുംകൊണ്ടുവന്നു വളയുമറിഞ്ഞാലും
നിനക്കുകാലദോഷമക്കാലങ്ങളിൽപ്പാരം
കനക്കെകൊണ്മാനുണ്ടു നിനയ്ക്കുന്തോറുമെടോ
എന്നതുകൊണ്ടു പടയ്ക്കന്നുനീപോകാതെ
കണ്ടന്നൃപന്തന്നെ ഗൂഢമായിട്ടുപോയ് ച്ചെന്നു.
മുന്നമേ കണ്ടീടുകിൽ സ്നേഹവുമവനുണ്ടാം.
അല്ലാതെ പിണങ്ങിയാൽ നിനക്കും പ്രജകൾക്കും
കില്ലില്ല മരണേഫലമുള്ളറിഞ്ഞാലും."

(മു.ക.കി.ഈ.ന. 424–429)

എന്നിങ്ങനെ വിപുലീകൃതമായ രീതിയിൽ കിളിപ്പാട്ടുകാരൻ വിവർത്തനം ചെയ്തിരിക്കുന്നു.

**വിഷപാനം:**

രാക്ഷസനിർദ്ദേശമനുസരിച്ച് വൈദ്യവേഷം കെട്ടിയ ഒരു ചാരൻ വിഷമിശ്രമായ ചൂർണവുമായി കൊട്ടാരത്തിലെത്തി,

"സമം ചൂർണയത് വിഫലശ്രമഃ ഏഷദാരുവർമ്മാ
വ്യതിമാനീ കരഗാമിനായുധൗ കരിണീഗതമെത്യ
ഭൂപതീം തന്ന്യ വധീദാശുഹതശ്ചയത് പുരോഗൈഃ
അഥാ ജഹാരമൗര്യായവൈദ്യസ്സവിഷമൗഷധം തത് ബുദ്ധ്വാപായമാസ."

എന്ന രവിനർത്തകകൃതമായ വരികളാണ് കിളിപ്പാട്ടിലെ,

"പിന്നെയും വിഷ്ണുഗുപ്തൻ തന്നുടെ ശിഷ്യനാകും
ചന്ദ്രഗുപ്തനെ നന്നായ് രക്ഷിച്ചങ്ങിരിക്കുന്നാൾ
മൗര്യാത്മജന്തനിക്കുസേവിപ്പാനായി
വിഷത്തെക്കലർന്നുള്ളൊരൗഷധം കൊടുത്തപ്പോൾ
അറിഞ്ഞു വിഷ്ണുഗുപ്തനവനെക്കൊണ്ടുതന്നെ
കുടിപ്പിച്ചതുനേരം മരിച്ചു ചികിത്സകൻ."

(മു.ക.കി.ഈ.ന. 587–589)

എന്നീ വരികൾക്ക് ആധാരമായി ഭവിച്ചിരിക്കുന്നത്.

**ചാണക്യന്റെ വിചാരം:**

ബുദ്ധിമാനായ രാക്ഷസനെ ഏതുവിധേനയും ചന്ദ്രഗുപ്തന്റെ മന്ത്രിപദത്തിൽ അവരോധിക്കണമെന്ന് ചിന്തിച്ച ചാണക്യൻ അതിനുള്ള അവസരവും പാർത്തിരുന്നു. ഈ സമയത്താണ് ഒരു ദൂതൻ രാക്ഷസന്റെ മുദ്രമോതിരവുമായി ചാണക്യസവിധത്തിലെത്തിയത്.

"അസൗ രാക്ഷസസ്യ കുഡുംബകം
രക്ഷതീതി തതൊലബ്ധാ
മുദ്രാമസ്മൈദിദെശസഃ മുദ്രാഃ
രാക്ഷസനാമാംകാം തൽക്കാന്താകര
നിസൃതാം ലബ്ധാമെനെ
സ ചാണക്യഃ ശത്രുമേവാംഗുലീഗതം
അഥൈ തദ്രാക്ഷസ്യൈവ വിക്രേതവ്യമിതി....."

എന്നിങ്ങനെ രവിനർത്തകൻ വർണിക്കുന്ന പ്രസ്തുതഭാഗം പരമേശ്വരകവി,

"......................ചാണക്യൻ തന്റെ കയ്യിൽ
അംഗുലീയത്തെക്കൊടുത്തീടിനോരനന്തരം
കുടിലാശയനാകും കൗടില്യനതുനേരം
തുഷ്ടമാനസനായിച്ചിന്തിച്ചേനേവന്തദാ
രാക്ഷസൻ മൗര്യവംശിപ്രാപ്തനായന്നുതന്നെ."

(മു.ക.കി.ഈ.ന. 611–613)

ഇപ്രകാരം വിവർത്തനം ചെയ്തിരിക്കുന്നു.

ഇവിടെ പഠനവിധേയമാക്കിയ സന്ദർഭങ്ങളിൽനിന്നും 'മുദ്രാരാക്ഷസകഥാസാരം കിളിപ്പാട്ടി'ന്റെ രചനയ്ക്കായി കവി രവിനർത്തകന്റെ 'മുദ്രാരാക്ഷസകഥാസാര'ത്തെ ഉപജീവിച്ചിരിക്കുന്നതായി തെളിയിക്കുന്നു. അവശ്യംവേണ്ട സന്ദർഭങ്ങൾ വികസിപ്പിച്ചും അല്ലാത്തവ ചുരുക്കിയും പ്രതിപാദിക്കുന്ന ഈ കാവ്യത്തിന്റെ ഒരു ഭാഗത്തുപോലും പദാനുപദവിവർത്തനം കാണാൻകഴിയില്ല.

**കുറിപ്പുകൾ:**

1. പരമേശ്വരയ്യർ എസ്. ഉള്ളൂർ, കേരളസാഹിത്യചരിത്രം മൂന്നാംവാല്യം, തിരുവനന്തപുരം : പ്രസിദ്ധീകരണവകുപ്പ്, കേരള സർവകലാശാല, 1990, പുറം 462.
2. ചാണക്യസൂത്രം കിളിപ്പാട്ടിന്റെ കർതൃത്വത്തെപ്പറ്റിയുള്ള ചർച്ചയിൽ, "പിഷാരടിയുടേതായി വേറൊരു ചാണക്യസൂത്രം ഉണ്ടായിരുന്നുവെന്ന് വന്നുകൂടായ്കയില്ല." (പുറം 635). എന്ന് ആർ. നാരായണപ്പണിക്കർ രേഖപ്പെടുത്തുന്നുണ്ട്. ഇത് ചില തെറ്റിദ്ധാരണകളുടെ ഫലമായി എഴുതിയതാകാം.
3. മുകുന്ദൻ എൻ, കിളിപ്പാട്ട്, തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1993, പുറം 169.
4. പരമേശ്വരയ്യർ എസ്. ഉള്ളൂർ, കേരളസാഹിത്യചരിത്രം മൂന്നാംവാല്യം, തിരുവനന്തപുരം : പ്രസിദ്ധീകരണവകുപ്പ്, കേരളസർവകലാശാല, 1990, പുറം 462, 463.

**ചുരുക്കെഴുത്തുകൾ:**

ഈ.ന. – ഈരടി നമ്പർ

മു.ക.കി – മുദ്രാരാക്ഷസ കഥാസാരം കിളിപ്പാട്ടിൽ

# മുടിയേറ്റ് –
# വിശ്വാസവും അനുഷ്ഠാനവും

രതി. റ്റി.എ,
കൈലാസ് നിവാസ്,
തിരുന്നാവായ.
ഗവേഷക, സാംസ്കാരികപഠന
വിഭാഗം,
കേരള കലാമണ്ഡലം
കല്പിതസർവ്വകലാശാല,
ചെറുതുരുത്തി, തൃശ്ശൂർ.

**മാർഗ്ഗദർശ്ശി**

**ഡോ. സി.എം. നീലകണ്ഠൻ,**
അക്കാഡമിക് ഡയറക്ടർ,
കേരള കലാമണ്ഡലം
കല്പിതസർവ്വകലാശാല
ചെറുതുരുത്തി.

**സംക്ഷിപ്തം:**

പ്രാചീന കാർഷിക ഉർവരതാ അനുഷ്ഠാനങ്ങളുടെ രംഗാവതരണമാണ് മുടിയേറ്റ്. കാളി–ദാരിക യുദ്ധമാണ് മുടിയേറ്റിലെ പ്രതിപാദ്യം. കാളിപുറപ്പാടിന്റെ രൗദ്രഭംഗിയും കൂളിയുടെ ഹാസ്യഭാവവും ദാരികവധത്തിന്റെ മൂർദ്ധന്യാവസ്ഥയും ഒത്തുചേർന്നുള്ള ഒരു നാടകം തന്നെയാണ് മുടിയേറ്റ്. ക്ഷേത്രത്തിന്റെ മുമ്പിൽവെച്ച് മുടി ഏറ്റുക ധധരിക്കുകപഎന്ന അർത്ഥത്തിലാണ് ഈ അനുഷ്ഠാനത്തിന് മുടിയേറ്റ് എന്ന പേര് വന്നത്. മുടിയേറ്റിലെ പ്രധാന ദൃശ്യചാരുതയും രംഗോപകരണവുമാണ് മുടി. വസൂരിയെന്ന മഹാരോഗത്തെ കീഴ്പ്പെടുത്താനുള്ള മനുഷ്യമനസ്സിലെ ശക്തമായ ആഗ്രഹങ്ങളുടെ പ്രതീകാത്മകമായ പ്രതികരണമാണ് കാളി–ദാരിക യുദ്ധം.

ജീവനേയും സമൂഹത്തേയും നാടിനേയും ഊഷ്വരതയിൽ നിന്ന് ഉർവ്വരതയിലേക്ക് മാറ്റിത്തീർക്കുന്ന ധർമ്മമാണ് മുടിയേറ്റിലൂടെ സാധ്യമാകുന്നത്. ഗ്രാമീണരുടെ സജീവപങ്കാളിത്തത്തോടെ അവതരിപ്പിക്കുന്ന മുടിയേറ്റിനെ നമ്മുടെ തനതുനാടകപാരമ്പര്യമായി കണക്കാക്കാം.തട്ടകത്തിലെ ജനങ്ങളുടെ പങ്കാളിത്തത്തോടെ അരങ്ങേറുന്ന മുടിയേറ്റ് നാടോടി സംസ്കാരത്തിന്റെ നാട്ടുദർശനമാണ് വ്യക്തമാക്കുന്നത്. ആട്ടം, പാട്ട്, കൊട്ട് (തൗര്യത്രികം) ഇവയുടെ ജീവഭാഷ കൊണ്ടാണ് മുടിയേറ്റു പോലെയുള്ള

നാടോടി നാടകങ്ങൾക്ക് ത്രിഭംഗിയണിയുന്നത്. 2010 ഡിസംബറിൽ മുടിയേറ്റ് യുനസ്കോയുടെ പൈതൃക കലകളുടെ പട്ടികയിൽ ഇടം നേടി.

**മുഖ്യപദങ്ങൾ:**

ചുട്ടി, കിരീടം(മുടി), ദാരികനും നാരദനും, വസൂരി രോഗം, കൃഷി

**ആമുഖം:**

കേരളത്തിലെ നാടോടി നാടകങ്ങളിൽ അതിപ്രാചീനമായ കാവുപാരമ്പര്യത്തോളം പഴക്കമുള്ള അനുഷ്ഠാനരംഗകലയാണ് 'മുടിയേറ്റ്'. കാവുകളിൽ കുടികൊള്ളുന്ന കാളിയെ പ്രീണിപ്പിക്കാൻ നടത്തുന്ന ഒരനുഷ്ഠാനകലയായി മുടിയേറ്റിനെ കരുതാം. മുടിയേറ്റ് എന്നും മുടിയെടുപ്പ് എന്നും ഈ അനുഷ്ഠാനത്തിന് പേരുണ്ട്. മുടി (കിരീടം) അനുഷ്ഠാനപൂർവ്വം തലയിലേറ്റുകയെന്നതാണ് പദത്തിന്റെ സാങ്കേതികമായ അർത്ഥം. മുടിയേറ്റ് ചടങ്ങിൽ കാളിയുടെ വേഷം ധരിച്ച് ക്ഷേത്രനടയിൽ എത്തുന്ന നടന്റെ ശിരസ്സിൽ കിരീടം അഥവാ മുടി വേറൊരാൾ ഏറ്റി കൊടുക്കുന്നതുകൊണ്ടാണ് ഈ കലയ്ക്ക് മുടിയേറ്റ് എന്ന പേര് വന്നത്.

അനുഷ്ഠാനാംശത്തിന് മുൻതൂക്കമുള്ള ഈ നാടൻ രംഗാവതരണകലയുടെ ഉത്ഭവത്തെക്കുറിച്ച് വ്യക്തമായ രൂപമില്ല. കാളീസേവയുമായി ബന്ധപ്പെട്ട ഈ കലാരൂപത്തിന് വളരെ കാലപ്പഴക്കമുണ്ട് എന്നേ പറയാനാവൂ. കഥകളിയിലെ പല അംശങ്ങൾക്കും മുടിയേറ്റിനോട് കടപ്പാടുള്ളതായി ഗവേഷകർ രേഖപ്പെടുത്തിയിട്ടുണ്ട്. തിരശ്ശീല, അണിയറ, ചുട്ടികുത്ത്, തിരനോട്ടം, കത്തിവേഷം തുടങ്ങി പലതലത്തിലും കഥകളിക്കു പ്രേരണയായിത്തീർന്ന രംഗകലയെന്ന നിലയിലും ഇതിനു പ്രാധാന്യമുണ്ട്

കാളി-ദാരിക പുരാവൃത്തം പൂർണ്ണമായും ആവിഷ്കരിക്കുന്ന ഒരു അനുഷ്ഠാന കലാരൂപമാണ് മുടിയേറ്റ്. ശിവ-നാരദസംവാദത്തിൽ ആരംഭിച്ച് കാളി-ദാരികന്റെ മുടിയെടുക്കുന്നതുവരെയുള്ള ഭാഗങ്ങൾ അനുക്രമമായി വികസിപ്പിച്ചെടുത്തിയിരിക്കയാണ്. ഇതിൽ കുംഭം-മീനം എന്നീ മാസങ്ങളിൽ പൂരഉത്സവത്തോട് അനുബന്ധിച്ചാണ് മുടിയേറ്റ് പല കാവുകളിലും അരങ്ങേറുന്നത്. നെൽപ്പാടങ്ങളിലെ വിളവെടുപ്പിനുശേഷം നടത്തുന്ന വിളവെടുപ്പുത്സവമായി മുടിയേറ്റിനെ കരുതാവുന്നതാണ്. കഴിഞ്ഞ കാലത്തെ സമൃദ്ധിയുടെ ഓർമ്മയ്ക്കും വരാൻ ഇരിക്കുന്ന നേട്ടങ്ങൾക്കു

മായി പ്രാർത്ഥനയോടെ ആചരിച്ചുപോരുന്ന ഒരനുഷ്ഠാനമാണ് മുടിയേറ്റ്. ധാരാളം കാവുകളിൽ മുടിയേറ്റ് നടന്നിരുന്നുവെങ്കിലും ഇന്ന് വളരെ കുറവു കാവുകളിൽ മാത്രമേ ഇത് ആചരിക്കുന്നുള്ളൂ. എന്നാൽ പല കുടുംബക്ഷേത്രങ്ങളിലും വീടുകളിലും ക്ഷേത്രങ്ങളിലും മറ്റുമായി മുടിയേറ്റ് നടത്തി വരുന്നുണ്ട്. മറ്റുള്ള അനുഷ്ഠാനങ്ങളെപ്പോലെ ഭിന്നസമുദായങ്ങളുടെ പങ്കാളിത്തം മുടിയേറ്റിൽ കാണുന്നില്ല. ചില പ്രത്യേക വർക്ഷക്കാർ മാത്രമാണ് പ്രത്യേകിച്ച് മാരാർ, കുറുപ്പൻമാർ എന്നിവർ മുടിയേറ്റ് നടത്തിപ്പോരുന്നത്.

## കാളിയുടെ മുഖത്തെഴുത്തിന്റെ സങ്കൽപങ്ങൾ:

മുടിയേറ്റിൽ അലങ്കാരമോ ചുട്ടിയോ മുഖത്തെഴുത്തോ എന്നു തിരിച്ചറിയാൻ പറ്റാത്തവിധത്തിലുള്ള ഒരു സർഗനിർമ്മിതി കാണാവുന്നതാണ്. ഭദ്രകാളിയുടെ മുഖത്ത് അരിമാവുകൊണ്ട് സൃഷ്ടിക്കുന്ന വസൂരി (ചുട്ടി)ക്കലയാണത്. പിന്നീടതിനെ മനയോലകൊണ്ട് പഴുപ്പാക്കുന്നു. ചുട്ടിക്ക് മുകളിൽ അഞ്ചിതളുള്ള തെച്ചിപ്പൂവ് മീതെമീതെയായി പതിക്കുന്നു. അതൊരു ചക്രരൂപത്തിലാകുന്നു. ഇതിനെ മുഖാലങ്കാരമായി കണക്കാക്കാം. മുടിയേറ്റ്, കാളിത്തീയാട്ട് തുടങ്ങിയവയിൽ ഭദ്രകാളിയുടെ മുഖത്തെഴുത്ത് വളരെ പ്രത്യേകതയുള്ളതാണ്. കറുപ്പു തേച്ച് അരിമാവുകൊണ്ടുള്ള ഉയർന്ന പാടുകളാണ് കാളിയുടെ മുഖത്തെ അലങ്കാരം. ഇത് കാളി–ദാരിക മിത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. കാളി–ദാരിക യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ ഭർത്താവിന് നാശമുണ്ടാകാതിരിക്കാൻ ഭാര്യയായ മനോദരി ശിവനെ സമീപിക്കുന്നു. നർത്തനം ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ ശിവൻ തന്റെ വിയർപ്പ് ഒരു പാത്രത്തിലേക്ക് തുടച്ചാക്കി, മനോദരിക്ക് നൽകി. അത് ആരുടെ നേർക്ക് തെളിക്കുന്നുവോ അവർക്ക് അനർത്ഥമുണ്ടാകുമെന്നു പറഞ്ഞു. മനോദരി തിരിച്ചു വരുന്ന സമയത്ത് കാളി ദാരികന്റെ തലയറുത്ത് ആ തലയുമായി മടങ്ങുകയാണ്. ശിവൻ നൽകിയ വിയർപ്പ് മനോദരി കാളിയുടെ ശരീരത്തിൽ കുടഞ്ഞു. അക്കാരണത്താൽ കാളിക്ക് വസൂരിപിടിപ്പെട്ടു. ഭദ്രകാളി വസൂരി വന്ന് ബോധഹീനയായപ്പോൾ കോപാക്രാന്തനും അസ്വസ്ഥനുമായ പരമശിവൻ തന്റെ ചെറുവിരൽകൊണ്ട് ചെവി കടഞ്ഞു. അതിന്റെ ഫലമായി ശിവന്റെ കർണ്ണത്തിൽ നിന്നും ഒരു രൂപം പ്രത്യക്ഷപ്പെടുന്നു. നീലകണ്ഠന്റെ കർണ്ണത്തിൽ നിന്നും പുറത്തു വന്ന രൂപം കണ്ഠാകർണ്ണൻ എന്ന പേരിൽ അറിയപ്പെട്ടു. ഭഗവാന്റെ ആജ്ഞ പ്രകാരം കണ്ഠാകർണ്ണൻ ഭദ്രകാളിയുടെ പാദം മുതൽ തന്റെ നാവുകൊണ്ട് വസൂരികലകളെ നക്കിയെടുത്തു. എന്നാൽ ബോധം വീണ്ടെടുത്ത കാളി മുഖത്തുള്ള വസൂരിക്കലകൾ നാവുകൊണ്ടു മായ്ക്കുന്നതിൽ നിന്നും തന്റെ സഹോദരനെ തടയുന്നു.

അതിനാൽ ദേവിയുടെ മുഖത്തുള്ള വസൂരിക്കലകൾ മാത്രം മായാതെ നിലനിൽക്കാൻ കാരണമായി. ഈ പുരാസങ്കൽപത്തിന്റെ പ്രതിഫലനമാണ് കാളിയുടെ മുഖത്തെഴുത്ത്. ഇതിനെ അനുസ്മരിപ്പിക്കുന്നതിന് വേണ്ടിയാണ് കാളിവേഷത്തിൽ മുഖത്ത് ചുട്ടിമാവുപയോഗിച്ച് വസൂരിക്കലകൾ ഉണ്ടാക്കുന്നത്. വലിയ ചക്കമുള്ളിന്റെ ആകൃതിയുണ്ടായിരിക്കും ആ വസൂരിക്കലയ്ക്ക്. ബാക്കി ഭാഗങ്ങളിൽ വെളുത്തവരകളാണിടുന്നത്. അവ കണ്ഠാകർണ്ണൻ ദേവിയുടെ ദീനം നാവുകൊണ്ട് മായ്ച്ചുകളഞ്ഞതിനെയാണ് ഓർമ്മിപ്പിക്കുന്നത്.

**മുടിയേറ്റിന്റെ ആട്ടപ്രകാരരീതി:**

മുടിയേറ്റിന് പ്രത്യേകമൊരു ആട്ടപ്രകാരത്തിലുള്ള അഭിനയരീതിതന്നെയുണ്ട്. അരങ്ങത്ത് നടക്കുന്ന ആട്ടത്തിന് നിയതമായ മട്ടും ഉണ്ടായിരിക്കും. ആട്ടവും പാട്ടും അഭിനയവും കലർന്ന ഒരു നാട്യകലാരൂപമാണ് മുടിയേറ്റ്. ഇരുന്നാട്ടവും പതിഞ്ഞാട്ടവും ഇളകിയാട്ടവും പലരംഗങ്ങളിലായി കാണാം. വളച്ചു വീശ്, നീക്കിയിരുത്ത്, പതിറ്, വണ്ടിക്കിരുത്ത്, ഇടചാടി, ചെമ്പടവലി, നോട്ടം തുടങ്ങി പലതരം ആട്ടങ്ങൾ മുടിയേറ്റിൽ കാണാവുന്നതാണ്. കാളിപുറപ്പാട്, ദാരികൻ പുറപ്പാട്, കോയിമ്പട നായർ, കൂടിയാട്ടം എന്നീ രംഗങ്ങളിലെല്ലാം 'വളച്ചുവീശ്' വരും. കാളിക്കും ദാരികനും ദാനവേന്ദ്രനും 'നീക്കിയിരുത്ത്' വേണം. കറക്കത്തോടുകൂടിയ അഭിനയത്തിനാണു 'പതിറ്' എന്നു പറയുന്നത്. തേരിന്റെ സങ്കൽപമാണ് ഇതിനുള്ളത്. കാളിയും ദാരികനും പതിറ് അഭിനയിക്കും. ദാരികൻ പുറപ്പാടിലും കൂടിയാട്ടത്തിലും പീഠത്തിൽ നിന്നു ചാടികൊണ്ട് അഭിനയിക്കുന്നതിനെ 'വണ്ടിക്കിരുത്ത്' എന്ന് അറിയപ്പെടുന്നു. എല്ലാ വേഷങ്ങളുടേയും തിരനോട്ടം ആംഗികാഭിനയത്തിലൂടെയാണ്.

ക്ഷേത്രപ്രദക്ഷിണ സമയത്ത് കാളിയും ദാരികനും അങ്ങോട്ടുമിങ്ങോട്ടും ഓടുന്നതിനെ 'ഇടചാടി' എന്നു പറയുന്നു. പീഠത്തിലും ക്ഷേത്രനടക്കലും മുടി നിലത്തുകുത്തുന്ന അഭിനയമായ 'മുടികുത്തൽ' കാളിക്കുമാത്രമാണുള്ളത്. ആയുധമെടുത്ത ശേഷം കാളിയും ദാരികനും ഗുരുവിന് നടത്തുന്ന സമർപ്പണത്തെ 'വിളക്കത്തു പൂജ' എന്നു വിളിക്കും. കാളിയും ദാരികനും പരസ്പരം നടത്തുന്ന അഭ്യാസമുറകളെ 'വെട്ടും നീട്ടും' എന്നു വിശേഷിപ്പിക്കുന്നു. തിരനോട്ടത്തിന് ശേഷം പഞ്ചാലങ്കാരമുദ്ര കാട്ടി തൊഴുത് വന്ദിക്കുന്നു. ജല ഗന്ധപുഷ്പ ധൂപദീപ മുദ്രകളാണ് പഞ്ചാലങ്കാരത്തിൽ വിരലുകളെക്കൊണ്ടു കാണിക്കുന്നത്. കാളിയുടെ വാളും ദാരികന്റെ ചുരികയും പൊടി തുടച്ച് മൂർച്ചവരുത്തികൊണ്ടിരിക്കും.

**മുടിയേറ്റിന്റെ രംഗാവതരണം:**

കളമെഴുത്തും പാട്ടും നടത്തിയതിനുശേഷമാണ് മുടിയേറ്റ് ആരംഭിക്കുന്നത്. മുടിയേറ്റ് എന്ന അനുഷ്ഠാനകലയിൽ ആദ്യമായി അനുഷ്ഠാനങ്ങൾ പാലിക്കുക എന്നതാണ് പ്രധാനമായ കാര്യം. അനുഷ്ഠാനങ്ങളെല്ലാം കൃത്യമായി പാലിക്കുന്നുണ്ടെങ്കിലും ചില സ്ഥലങ്ങളിൽ മുടിയേറ്റിന്റെ അവതരണശൈലിയിൽ മാറ്റം കാണാവുന്നതാണ്. മുടിയേറ്റിനെ ഒരു നാടകമായി ദർശിക്കുന്നത് അക്കാദമിക് സമൂഹം മാത്രമാണ്. അത് കൈയാളുന്ന ജനതയെ സംബന്ധിച്ചിടത്തോളം കാർഷിക ജീവിതത്തിന്റെ ഭാഗമായി, തങ്ങളുടെ, ദേവതകളായ കാളിയെയും ദാരികനെയും കൺകുളിർക്കെ കാണാനുള്ള ഒരവസരമാണ് അത്.  ആ രീതിയിൽ അതിനെ കാണുന്നതിനു വേണ്ടിയുള്ള സാഹചര്യം ഒരുക്കലാണ് അതോടൊന്നിച്ചുള്ള മറ്റെല്ലാ അനുഷ്ഠാനങ്ങളും. കേരളത്തിന്റെ വടക്കു മുതൽ തെക്കോളം കാളി-ദാരിക പോരാട്ടത്തിന് വ്യത്യസ്തങ്ങളായ ആചാരങ്ങളുണ്ട്. തെയ്യം, മുടിയേറ്റ്, പടയണി, തിയ്യാട്ട് തുടങ്ങിയവയെല്ലാം തന്നെ കാളി-ദാരിക ബന്ധം ഉള്ളവയാണ്.

അണിയറ ഒരുക്കങ്ങൾ ആരംഭിക്കുകയാണ് ആദ്യമായി ചെയ്യുന്നത്. ഒരു വിളക്കു കൊളുത്തി വെച്ച് വാദ്യക്കാരും ചമയക്കാരും ഇഷ്ടദേവതയെ വന്ദിച്ച് അണിയലം അണിയാൻ തുടങ്ങുന്നു. കാളി വേഷം കെട്ടുന്ന ആൾക്കും കാളിമുടിക്കും വേറെ വേറെ പൂജകൾ നടത്തുന്നു. അതിനുശേഷം ആദ്യം ദാരികന്റെ മുഖത്ത് തേപ്പും ചുട്ടിയും നടത്തുന്നു. അതിനുശേഷം മറ്റുള്ളവരും തയ്യാറെടുപ്പിനായി കാര്യങ്ങളെല്ലാം ഒരുക്കുന്നു.

കളിവിളക്കു കൊളുത്തൽ എന്നത് പ്രധാനപ്പെട്ടൊരു ചടങ്ങാണ്. രാത്രി പന്ത്രണ്ടുമണി കഴിഞ്ഞാൽ കാവിന് മുന്നിൽ കളിവിളക്കു കൊളുത്തുന്നു. അണിയറയിലെ വിളക്കിൽ നിന്നും ദീപം കളിവിളക്കിലേക്ക് പകരുകയാണ് ചെയ്യുന്നത്. ധാരാളം  എണ്ണയൊഴിച്ച് കത്തുന്ന ഈ കളിവിളക്കു മുടിയേറ്റിന്റെ വെളിച്ച സംവിധാനവുമായി ബന്ധമുള്ളതാണ്. ചുവന്നു രൗദ്രമായ കണ്ണുകളും ചുവന്നു മിന്നുന്ന കിരീടവും എണ്ണമയമായ കരിവേഷവും വിളക്കിന്റെ പ്രകാശത്തിൽ മായികമായ ദൃശ്യഭംഗിയുണ്ടാക്കുന്നു.

കളിവിളക്കിനു മുന്നിൽ വെച്ച് കാളിയുംദാരികനും നടത്തുന്ന പൂജയുംപ്രാർത്ഥനയും ഭക്തിസാന്ദ്രമാണ്. ഈ അവസരത്തിൽ പറവെക്കുന്ന ചടങ്ങുകളും ചിലയിടങ്ങളിൽ കാണപ്പെടുന്നുണ്ട്. കളിവിളക്കു കൊളുത്തി കഴിഞ്ഞതിനുശേഷം അരങ്ങുകേളി ആരംഭിക്കും. മുടിയേറ്റ് നാടകം

ആരംഭിക്കുന്നുവെന്നുള്ള അറിയിപ്പാണ് അരങ്ങിനെ വാഴ്ത്തികൊണ്ടുള്ള ഈ അരങ്ങുകേളി. കളി വിളക്കിനടുത്ത് വെച്ചാണ് ചെണ്ടയും വീക്കൻ ചെണ്ടയും ഇലത്താളവും ചേർന്ന് നടത്തുന്ന ഈ മേളം. കാവിന്റെ ശ്രീകോവിൽ മുതൽ കളിവിളക്കു വയ്ക്കുന്ന സ്ഥലം വരെ നീളത്തിലുള്ള പന്തലു കളും ചിലയിടങ്ങളിൽ തയ്യാറാക്കുന്നുണ്ട്. മുടിയേറ്റിലെ അരങ്ങുകേളിയെ അനുകരിച്ചാണ് കഥകളിയിലെ കേളിക്കൊട്ട് ആരംഭിച്ചത്.

**അരങ്ങു വാഴ്ത്തൽ:**

അരങ്ങു വാഴ്ത്തൽ പ്രധാനമായൊരു ചടങ്ങാണ്. മുടിയേറ്റിലെ അരങ്ങുകേളി അവസാനി പ്പിക്കുന്നതോടുകൂടി തിരശ്ശീല പിടിക്കുന്നു. പാട്ടുകാർ തിരശ്ശീലയുടെ പിന്നിൽ ഇടതുഭാഗത്താണ് നിൽക്കുന്നത്. അരങ്ങുവാഴ്ത്തലോടു കൂടിയാണ് നാടകം ആരംഭിക്കുന്നത്. വിഘ്നങ്ങളെല്ലാം നീക്കു ന്നതിനും നല്ല രീതിയിൽ മുടിയേറ്റ് നടത്തുന്നതിനുമുള്ള അനുഗ്രഹം ലഭിക്കാനാണ് അരങ്ങുവാഴ്ത്തൽ നടത്തുന്നത്. മുടിയേറ്റ് എന്നത് ഒരു നൃത്ത സംഗീതനാടകമാണ്. ആയതിനാൽ സംഗീതവുമായുള്ള ബന്ധം നിലനിർത്തിക്കൊണ്ടുതന്നെ ദേവിയെ സ്തുതിക്കൽ, ഗണപതിയെ സ്തുതിക്കൽ, ശിവഭഗ വാനെ സ്തുതിക്കൽ, പ്രകൃതിയെ സ്തുതിക്കൽ എന്നിവയെല്ലാം നടത്തുന്നു. സ്തുതിഗാനങ്ങളെല്ലാം കേദാരഗൗളരാഗത്തിലാണ് പാടുന്നത്. ആട്ടക്കഥയിൽ ശ്ലോകവും പദവും എന്ന രീതി ഇവിടെയും അവലംബിക്കുന്നുണ്ട്. ശ്ലോകം കഥയുടെ ആഖ്യാനവും പദം കഥാപാത്രങ്ങളുടെ സംഭാഷണവുമാണ്. മുടിയേറ്റിന്റെ രീതിയും ഇതുപോലെ ഗദ്യപദ്യാത്മകം പോലെയാണ്. ഇവയിലെല്ലാം ഗദ്യം ദ്രാവിഡ വിരുത്തങ്ങളിലും പദ്യം ചതുഷ്പദികളിലുമായിരിക്കും. കളമെഴുത്ത്പാട്ടുകളിലും മുടിയേറ്റിലും പടയ ണിയിലും സന്ദർഭങ്ങളിൽ ഗദ്യം പ്രകടമാണ്. മുടിയേറ്റിന്റെ സാഹിത്യരൂപം പാട്ടുലക്ഷണപ്രകാരം ചിട്ടപ്പെടുത്തിയിട്ടുള്ളതും വിരുത്തത്തിൽ രചിച്ചിട്ടുള്ളതുമായ പദ്യരൂപമാണ്. അരങ്ങുവാഴ്ത്തലിനു ശേഷമാണ് മുടിയേറ്റിന്റെ അവതരണപ്രക്രിയ തുടങ്ങുന്നത്. സരസ്വതി, ശിവൻ, വിഷ്ണു, ബ്രഹ്മാ വ്, ഗണപതി തുടങ്ങിയ ദേവീ ദേവന്മാരെ സ്തുതിച്ചു പാടി അവസാനിക്കുന്നതോടുകൂടി ശിവനുംനാര ദനും പ്രവേശിക്കുന്നു.

'വാളാലും ശൂലമേന്തി
കൊടുമുടി ആരംഭം ചൂടി
നാലാന രണ്ടുകാതിൽ
നിറപറക്കമ്പിയിട്ടുപോലൊരുപെണ്ണേ
നീല നിറമുടയപെണ്ണേ

നിൻതിരുവടിയേ പോറ്റി

കാലാരി മകളെ കാളി..'

ഇപ്രകാരമാണ് അരങ്ങുവാഴ്ത്തൽ ചടങ്ങിൽ കാളിയെ സ്തുതിച്ചു പാടുന്നത്.

### ശിവനാരദ സംവാദം:

ശിവനാരദ സംവാദമാണ് ഒന്നാം രംഗമായി കണക്കാക്കുന്നത്. ശിവനാരദ സംവാദം എന്ന രംഗം മുഴുവൻ ദാരികൻ ചെയ്യുന്ന അനർത്ഥങ്ങൾ വ്യക്തമാക്കുന്നതാണ്. ശിവൻ നാരദനോട് ദാരികന്റെ സ്ഥിതി വിവരങ്ങൾ അറിഞ്ഞു വരാൻ ആജ്ഞാപിക്കുന്നു. ദാരികന്റെ ദുർഭരണത്തെപറ്റി പരമശിവനോട് നാരദമഹർഷി അറിയിക്കുന്നതാണ് ഒന്നാംരംഗം. ശിവൻ തിരശ്ശീലക്ക് പിറകിൽ പീഠത്തിൽ കയറി നിൽക്കുന്നു. ദേവന്മാരെ നിരന്തരം ശല്യം ചെയ്തുകൊണ്ടിരിക്കുന്ന ദാരികൻ ശിവ ഭഗവാനെയും കൈലാസത്തെയും കീഴടക്കാൻ പോകുകയാണെന്നും ഉടനെത്തന്നെ അതുസംഭവിക്കുമെന്നും മറ്റുംപറഞ്ഞ് ഭഗവാനെ കോപാക്രാന്തനാക്കുകയാണ് നാരദൻ ചെയ്യുന്നത്. നാരദൻ കയ്യിൽ പിടിച്ചിട്ടുള്ള കുരുത്തോല നോക്കിയാണ് വിവരണം നടത്തുന്നത്. ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്ന ഓലഗ്രന്ഥത്തെ ആസ്പദമാക്കിയാണ് ഇങ്ങനെ ചെയ്യുന്നത്. മനയോലകൊണ്ട് മുഖം മിനുക്കി, മഷികൊണ്ട് കണ്ണെഴുതി, ചായില്യം കൊണ്ട് ചുണ്ട് ചുവപ്പിച്ച്, നെറ്റിയിൽ ഭസ്മക്കുറിയണിഞ്ഞ്, മുഖത്ത് താടി, വെള്ള വസ്ത്രം, കയ്യിൽ ഒരു കുരുത്തോല എന്നീ വേഷാലങ്കാരത്തോടു കൂടിയാണ് നാരദൻ വരുന്നത്. മനയോലകൊണ്ട് മുഖം മിനുക്കി, നെറ്റിയിൽ ഭസ്മക്കുറിയണിഞ്ഞ്, ചായില്യം കൊണ്ട് ചുണ്ടുചുവപ്പിച്ച്, ചുണ്ടിനു മുകളിൽ മീശയും വരച്ചു കൊണ്ടാണ് ശിവൻ എഴുന്നള്ളുന്നത്. വേഷം ധരിക്കുന്ന രീതിയും പലയിടങ്ങളിലും പലതരത്തിലാണ് കാണപ്പെടുന്നത്. ഉദാഹരണമായി മൂവാറ്റുപുഴ മുടിയേറ്റ് സംഘത്തിന്റെ മുടിയേറ്റിൽ ശൂലം, കടുന്തുടി, പാമ്പ് തുടങ്ങിയവ ധരിച്ചു നിൽക്കുന്നതാണ് ശിവന്റെ വേഷം. എന്നാൽ കീഴില്ലം സംഘം വെറുതെ കണ്ണെഴുതി ശിവനെ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്.

### ദാരികൻ പുറപ്പാട്:

വരബലത്താൽ അഹങ്കാരിയായിത്തീർന്ന ദാരികൻ ദുർഭരണം നടത്തുന്ന രീതിയിലാണ് ദാരികന്റെ പുറപ്പാട് അവതരിപ്പിക്കുന്നത്. അസുരരാജാവായ ദാരികൻ തിരശ്ശീലക്കു പിന്നിൽ വന്ന് വാദ്യക്കാരെയും വാദ്യോപകരണങ്ങളെയും വന്ദിച്ച് ആദ്യം തിരനോട്ടം നടത്തുന്നു. അതിനുശേഷം തിരശ്ശീല മാറ്റി തന്റെ വീരപരാക്രമവും വരലാഭവുമെല്ലാം ചടുലമായ ആട്ടത്തിലൂടെ പ്രകടിപ്പിക്കു

ന്നു. ഈ സമയത്ത് വശങ്ങളിൽ നിന്ന് പന്തങ്ങൾ പിടിക്കുകയും തെള്ളിയെറിയുകയും ചെയ്യുന്നു. തെള്ളി എറിയുമ്പോൾ ജ്വലിക്കുന്ന പന്തം അന്തരീക്ഷത്തിന്റെ രൗദ്രത വർദ്ധിപ്പിക്കുന്നു. ആട്ടത്തിന്റെ ചടുലഗതിയിൽ മേളം മുറുകുകയും വീരനായ പ്രതിനായകന്റെ അഹങ്കാരപ്രകടനം വ്യക്തമാകുകയും ചെയ്യുന്നു. ദാരികന്റെ ഓരോ ചുവട്വെപ്പും യുദ്ധമുറകളുമായി സാമ്യമുള്ള ഓരോ ചുവടുകളുമായി കണക്കാക്കാം. ദിക്വന്ദനം, ദാരികന്റെ കുളി, ദേവതാ സ്തുതി എന്നിവ വിസ്തരിച്ച് അഭിനയിക്കുന്നു. ശൈലീകൃതമായ അഭിനയമാണെങ്കിലും മുദ്രകളില്ല. ചുവടുവയ്പ്പും പകിരിതിരിയൽ പോലുള്ള നൃത്തങ്ങളും ഉണ്ട്. അലർച്ചയോടുകൂടിയ ദാരികൻ തിരശ്ശീലപിടിച്ച് മുമ്പോട്ടും പിറകോട്ടും വശങ്ങളിലേക്കും ഉറയുന്നു.

‘കിഴക്കോ...ഓ...ഓ
ഉദയനാ പർവതത്തിങ്കൽ നിന്നേ...ഓ....ഓ
നിന്റെ തകിലും മുരിശും വെന്നിപ്പറയും
വീര മദ്ദളം കേട്ടൊരിന്നു ഞാനേ
അടിയെടാ...അടിപ്പീരേ....ഓ...ഓ...’

എന്നിങ്ങനെ പോർവിളി തുടരുന്നു. ചെണ്ട ചടുലമാകുന്നതനുസരിച്ച് ദാരികൻ ആൾക്കൂട്ടത്തിലേക്ക് ഓടുന്നു. വാദ്യക്കാരും പിറകെ ചെല്ലുന്നു. അവസാനം പീഠത്തിലിരുന്ന് തലമുടി കോതി ഒതുക്കുന്നു. ആയുധങ്ങൾ മാറ്റിവെച്ച് ജടയിലെ കെട്ടുകളഴിച്ചുമാറ്റുന്നു. വീണ്ടും ഓരോ ദിക്കിലും ജലതർപ്പണം നടത്തി പോർ വിളി തുടങ്ങുന്നു.

എറണാകുളം ജില്ലയിലെ വടക്കൻ ഭാഗങ്ങളിൽ കഥകളിയിലെ കത്തിവേഷത്തിനു സമാനമായ രൂപമാണ് ദാരികന്റേത്. എന്നാൽ മറ്റു ചിലസ്ഥലങ്ങളിൽ ചാക്യാന്മാരുടെ ഉടുത്തുകെട്ടിനു സമാനമായ വേഷമാണ്.

മുവാറ്റുപുഴ സംഘത്തിൽ ദാരികൻ പോർവിളി നടത്തുമ്പോൾ നടക്കൽ കിരീടം അഥവാ മുടി മുറുക്കിക്കെട്ടിക്കൊണ്ടിരിക്കുന്ന കാളി അതിനു മറുപടി പറയുന്ന പതിവുണ്ട്. എന്നാൽ മറ്റിടങ്ങളിൽ അത് കാണാറില്ല. ദാരികന്റെ വേഷഭൂഷാദികളെക്കുറിച്ച് പറയുകയാണെങ്കിൽ അരക്കെട്ടിനുപിറകിൽ പൊഴിമാറ്റ് ഉണ്ടായിരിക്കും. ചുവപ്പ്, മഞ്ഞ, നീല, പച്ച നിറത്തിൽ നേരിയ കരകളോടുകൂടിയ വെളുത്ത പാവാട അരയിൽ ധരിച്ചിരിക്കും. തലമുടി ചുവന്ന തുണികൊണ്ട് മൂടിക്കെട്ടുന്നു.

നീട്ടിവരച്ച് കണ്ണും പുരികവും എഴുതുന്നുണ്ട്. മുഖത്തു വരച്ച കത്തിയുടെ ഇരുഭാഗത്തായി ചുട്ടികുത്തുന്നു. മൂക്കിനു രണ്ടുവശത്തും ചുട്ടി കുത്തുന്നു. മുഖത്ത് പച്ചച്ചായം തേയ്ക്കുന്നു. നെറ്റിയും കവിൾഭാഗവും ചുവപ്പുനിറമായിരിക്കും. തലയിൽ വട്ടക്കിരീടം വച്ചിരിക്കും. മാറിലണിഞ്ഞ ചുവന്ന കുപ്പായത്തിനു മുകളിലായി കുരലാരം ധരിച്ചിരിക്കും. പീലികൊണ്ടലങ്കരിച്ച് അരികുവശം ചുവന്ന തുണി പിടിപ്പിച്ചതുമാണ് കിരീടം. അരയിൽ വശങ്ങളിലായി കട്ട്യാവും മുൻഭാഗത്ത് ചന്ദ്രക്കലകൾ പതിച്ച ഒറ്റനാക്കും കൈകളിൽ ഹസ്തകടകവും കങ്കണവുമണിയുന്നു.

ആലുവ ആലങ്ങാട്ടുകാവിലും തൃശ്ശൂർ കാട്ടകാമ്പാലിലും 'ദാരികൻകെട്ട് ' എന്ന വഴിപാട് നടത്തിവരുന്നുണ്ട്. കാട്ടകാമ്പാലിലെ ദാരികനെ കുട്ടിദാരികൻ എന്നാണ് വിളിച്ചുപോരുന്നത്. ഏതെങ്കിലും കാര്യസാദ്ധ്യതക്കു വേണ്ടി ദാരികനെ കെട്ടിച്ചോളാം എന്ന വഴിപാടു നേരാറുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് അവിടെയെല്ലാം മുടിയേറ്റ് നടത്തിവരുന്നത്.

## കാളിപുറപ്പാട്:

കളം മായ്ച്ച് അതിന്റെ കൂടെ ഭാവവും ചൈതന്യവും ആവാഹിച്ച ഉടലാർന്നുകൊണ്ടാണ് മുഖത്തെഴുത്തിലും ആഹാര്യത്തിലും അഭിനയത്തിലും രൗദ്രം തുടിക്കുന്ന കാളിയുടെ എഴുന്നള്ളത്ത്. ചിത്രം വരച്ച് അതിന് ചൈതന്യം നൽകി അതിനെ നിഗ്രഹിച്ച് (കളം മായ്ക്കൽ) ആ ചൈതന്യം തന്നിലേക്ക് ആവാഹിച്ചുകൊണ്ടാണ് കാളി വരുന്നത്. കാളിയെ കുറേക്കൂടി അമാനുഷിക ചേതനയുള്ളവളാക്കാൻ ജനങ്ങളുടെ ആർപ്പുവിളിയും വാദ്യനാദസ്വരങ്ങളും പന്തംകെട്ടും സഹായിക്കുന്നു. കിഴക്ക് ഉദയനപർവ്വതം, പടിഞ്ഞാറ് അസ്തമന പർവതം, തെക്ക് യമകുടപർവ്വതം, വടക്ക് മഹാമേരു പർവതം എന്നീ നാല് പർവതങ്ങളുടെ ഉള്ളിൽ തന്നോട് ആരെങ്കിലും യുദ്ധത്തിന് ഉണ്ടെങ്കിൽ വന്ന് കൊള്ളൻ കാളി പറയുന്നു. ഈ ദിഗ്വിജയത്തിന് ഘോരരൂപിണിയായി പടയോടു കൂടി പോർക്കളത്തിലേക്ക് കാളി വരുന്നതാണ് മൂന്നാമത്തെ രംഗം.

മുടി വയ്ക്കാത്ത കാളി അണിയറയിൽ നിന്ന് കാവിനു മുമ്പിലേക്ക് വരുന്നു. മുടി വേറെയൊരാൾ കയ്യിലെടുത്തു കൊണ്ടുവരുന്നു. വരിക്കപ്ലാവിന്റെ കാതലിൽ നിർമ്മിച്ച മുടി മുറുക്കിയ ശേഷം കാളി കാവിനു വലംവയ്ക്കുന്നു. മേൽശാന്തി കൊടുക്കുന്ന വളഞ്ഞവാൾ കയ്യിലെടുക്കുന്നതോടെ വേഷക്കാരിൽ ദേവിയുടെ സാന്നിദ്ധ്യം ഉണ്ടായതായി കണക്കാക്കാം. ദേശക്കാരുടെ ആർപ്പുവിളിയും, കുരവയും, മേളവും, പന്തങ്ങളും, തെള്ളിയേറും ഉണ്ടാകും. അതിനു ശേഷം തിരശ്ശീല

നീക്കി കാളിയുടെ കഥാപാത്രനിർവ്വഹണം നടത്തുന്നു. ആരാധന, പ്രത്യേക നൃത്തങ്ങൾ, കുളി, തല മുടി വിടർത്തൽ, വന്ദനം, പോരിനുവിളി എന്നിവ അഭിനയിച്ചുകൊണ്ടേയിരിക്കും. ഈ സമയത്ത് ദാരികൻ ചില അഭിനയങ്ങൾ കാണിച്ച് തിരശ്ശീലയുടെ പിന്നിലേക്ക് മടങ്ങുന്നു. ചടുലമായ നൃത്ത ത്തിന്റെ ഒടുവിൽ കാളിക്ക് കലികയറുകയും നാലു ദിക്കിലേക്ക് നോക്കി യുദ്ധത്തിന് വിളിക്കുകയും ചെയ്യുന്നു. ജ്വലിക്കുന്ന പന്തത്തിന്റെ വെളിച്ചത്തിൽ കാളിയുടെ മുഖത്തെ ക്രോധഭാവം ശക്തമായി പ്രകടിപ്പിക്കുന്നത് കാണാം. ആർപ്പുവിളിയും വാദ്യങ്ങളും ചെമ്പട തൃപുട താളങ്ങളിലുള്ള വാദ്യവു മുണ്ടാകും. മുടിയേറ്റിലെ ഏറ്റവും പ്രധാനപ്പെട്ടതും ഭക്തജനങ്ങളിൽ ഈശ്വരവിശ്വാസം ഉണർത്തു ന്നതും വളരെയധികം അനുഷ്ഠാനപ്രാധാന്യമുള്ളതും ക്ഷേത്രാന്തരീക്ഷം തെല്ലൊന്നു ഭീകരവും എന്നാൽ ഭക്തിനിർഭരവും ആക്കുകയും ചെയ്യുന്ന ഒരു അതിഭീകരമായ രംഗമാണ് കാളിപുറപ്പാട്. മുടിയേറ്റിലെ പരമപ്രധാനമായൊരു മുഹൂർത്തമാണിത്.

കാളിയുടെ രൂപവും അവതരണവുമെല്ലാം രൗദ്രഭാവം മുറ്റിയ നിലയിൽ മാത്രമാണ്. അതു മല്ല പ്രാചീനസംസ്കാരത്തിന്റെ (Ancient Primitive Culture) ഒരു സവിശേഷ സ്വഭാവമാണ് അത്. ചിത്രം, ശില്പം, വിഗ്രഹം എന്നിവയ്ക്ക് ശക്തിയും ചൈതന്യവും (Spirit) ഉണ്ടെന്ന സങ്കൽപം വിശ്വാസാധിഷ്ഠിതമാണ്. ചിത്രത്തിലെ ആരോപിത ചൈതന്യവും (Animatism) മുടിയേറ്റിലെ കാളിയും തമ്മിൽ ഇത്തരത്തിൽ ബന്ധമുണ്ട്. കാളിയുടെ പുറപ്പാട് രൗദ്രത്തിന്റെ ഏറ്റവും ഉയർന്ന സ്ഥിതിയി ലാണ്.

പാമ്പുമേക്കാട്ട്, ചെമ്പിക്കാടത്ത്, അന്നമനടഗോപുരത്തിൽ എന്നിവിടങ്ങളിൽ കാളിപുറപ്പാ ടാണ് ആദ്യം. ചിലകാവുകളിൽ ഭദ്രകാളിയുടെ കിരീടം വയ്ക്കുന്നതിനു മുമ്പ് കോഴിയെ അറക്കണ മെന്നുണ്ട്. പുറക്കളത്തിൽ ഭൂതങ്ങൾക്ക് കോഴിബലി നൽകുന്ന കാവുകൾ ഇന്നും ഉണ്ട്. ഇവയെല്ലാം മുടിയേറ്റിന്റെ പ്രാചീനതയെ വ്യക്തമാക്കുന്നു. മുടിവെയ്ക്കാത്ത കാളിവേഷം അണിയറയിൽ നിന്ന് കാവിനു മുമ്പിലേക്കു വന്നു മുടി വെയ്ക്കുന്നതു പലകാവുകളിലും പലതരത്തിലാണ്. ഈ അനു ഷ്ഠാനം ഒന്നുകിൽ കാവിനു മുന്നിൽ വെച്ച്, അല്ലെങ്കിൽ അരങ്ങിൽ ആട്ടക്കളത്തിൽ വെച്ച് അതുമ ല്ലെങ്കിൽ അമ്മയുടെ സാന്നിദ്ധ്യം ആദ്യമായി കണ്ടെത്തിയ വൃക്ഷച്ചുവട്ടിൽ വെച്ച്, എങ്ങനെയാ യാലും പൊതുവായി കാവിനു മുന്നിൽ വെച്ചു തന്നെയാണ് മുടിവെയ്പ്പ് നടത്തുന്നത്. കൊരട്ടി മുടി യേറ്റ് സംഘക്കാരുടെ ശൈലിയിൽ ശ്രീകോവിലിനു മുന്നിൽ വെച്ചുള്ള മുടിയേറ്റ് വിശേഷപ്പെട്ട ചട ങ്ങാണ്. ക്ഷേത്രത്തിലെ ചുറ്റുവിളക്കുകളെല്ലാം ഈ സമയത്ത് തെളിയിക്കാറുണ്ട്. കാളിപുറപ്പാടിൽ

ദേവി 'പടിക്കെ വന്നിരിക്കുക' എന്ന ചടങ്ങുണ്ട്. ആർപ്പുവിളിയും താലപ്പൊലിയുമായി ദേവി പോയി ഉപദേവതമാരുമായി കൂട്ടി എഴുന്നള്ളിച്ചു വരുന്ന ചടങ്ങാണിത്. കളംമായ്ക്കൽ അതിന്റെ ഭാവവും ചൈതന്യവും ആവാഹിച്ചുകൊണ്ടാണ്. മുഖത്തെഴുത്തിലും ആഹാര്യത്തിലും അഭിനയത്തിലും രൗദ്രത നടിക്കുന്നതാണ് കാളിയുടെ എഴുന്നള്ളത്ത്. രൗദ്രഭാവം നിറഞ്ഞ കാളിയെ അമാനുഷിക ചേതനയുള്ളതാക്കാൻ ഹാസ്യകഥാപാത്രമായ കൂളിയും ഭക്തരും ആർപ്പുവിളിയും കൊട്ടും നടത്തുന്നു.

ഭദ്രകാളി കൈലാസത്തിൽ നിന്നും ശിവന്റെ ആജ്ഞപ്രകാരം ദാരികനെ നിഗ്രഹിക്കുവാൻ യുദ്ധം ചെയ്യുന്നു. അന്തിമഹാകാളവനത്തിൽ ചെന്ന്, അന്തിമഹാകാളനോടും വേതാളത്തോടും കൂളികളോടും കൂടി ദാരികന്റെ കോട്ടയിലേക്ക് പുറപ്പെടുന്നതാണ് കാളിപുറപ്പാടിന്റെ സങ്കൽപം. പന്തങ്ങൾക്കു നടുവിൽ തെള്ളിയെറിഞ്ഞ് അഗ്നിഗോളങ്ങൾ നിറയുമ്പോൾ രൗദ്രമൂർത്തിയായ കാളിയുടെ കാളിമയിൽ ജനം നടുങ്ങുന്നു.അഭിനയത്തിന്റെ ഉച്ചാവസ്ഥയിൽ പലതവണ 'മിഥ്യ' യഥാർത്ഥ്യമായി പ്രകടമാക്കുമ്പോൾ കിരീടം ഊരിയെടുത്ത് രൗദ്രത്തെ തണുപ്പിക്കുന്നു. തിരശ്ചീന രംഗഭൂമി വിസ്തൃതമായിക്കൊണ്ടിരിക്കുമ്പോൾ വളരെ ഉയരത്തിൽ കെട്ടിയുണ്ടാക്കിയ ലംബമാന നിർമ്മിതിയും അതിൽ കഥാപാത്രങ്ങൾ കയറി ചെയ്യുന്ന പ്രകടനങ്ങളും ഭാഷണങ്ങളും പരിപൂർണ്ണ സ്ഥലത്തെയും രംഗസ്ഥലമാക്കിത്തീർക്കുന്നു. മണിക്കൂറുകൾ നീണ്ടുപോകുന്ന യുദ്ധരംഗം നാലുമാനങ്ങളും സമഗ്രമായി വിസ്തൃതമാക്കുന്ന അവസ്ഥ അനുഭവിപ്പിക്കും. അവിടത്തെ ഗ്രാമം മുഴുവനും രംഗസ്ഥലമാകുകയും സമയം മുഴുവനും നിത്യജീവിതവുമായി ബന്ധപ്പെടുകയും ചെയ്യുന്നു.

കുറച്ചു സമയം കഴിഞ്ഞ് വീണ്ടും സ്വബോധം വീണ്ടു കിട്ടിയ നടൻ വീണ്ടും കിരീടം വെച്ച് തിരശ്ശീലയ്ക്കു പിന്നിൽ ചെയ്യേണ്ടതായ അനുഷ്ഠാനങ്ങൾ നടത്തുന്നു. തുടർന്ന് തിരനോട്ടം, രംഗപൂജ ഇവ നടത്തി ദാരികനെ പോരിനു വിളിക്കുന്നു. ഈ പോർവിളിയുടെ അവസാനം നാളെ പുലരും മുൻപ് നിന്നെ കൊന്നു നിന്റെ ശിരസ്സും കൊണ്ടു ഞാൻ കൈലാസം പൂകും എന്നുപറഞ്ഞ് കാളി പിൻമാറുന്നു. തുടർന്ന് മുടി ഊരുകയും ആയുധം നിലത്തുകുത്തി കലിയടക്കുകയും ചെയ്യുന്നു. ഈ സമയത്ത് ദാരികദാനവേന്ദ്രന്മാർ ഒളിച്ചോടുന്നു. (മറവിൽ നിൽക്കുന്നു) ഭൂതം (കൂളി) കാളിയുടെ അടുത്തു വന്ന് ദാരികദാനവേന്ദ്രന്മാരെ കാട്ടി കൊടുക്കുന്നു. പഴയകാലത്തെ യുദ്ധമുറകളായി മുഷ്ടികൊണ്ട് തല്ലുന്ന രീതികൾ ഉപയോഗിക്കുന്നു. പയറ്റു മുറകളിൽ ഒൻപതുതരത്തിലുള്ളവ ഇവിടെ അവതരിപ്പിക്കുന്നു. അടന്ത, തൃപുട, ചമ്പ, ഏകതാളം എന്നീ താളങ്ങൾ പയറ്റുമുറകൾക്ക്

മാറ്റുകൂട്ടുന്നു. യുദ്ധത്തിൽ ദാരികൻ മായയാൽ കൂളിയെ നിലംപറ്റിക്കുന്നു. ഉടനെ കാളി തന്റെ ദിവ്യ ശക്തിയാൽ കൂളിയെ ശക്തിപ്പെടുത്തുന്നു. കാളി കുറച്ച് സമയം വിശ്രമിക്കാനെടുത്തപ്പോൾ ദാരികന് ബ്രഹ്മാവ് കൊടുത്ത മന്ത്രം സ്വയം ജപിച്ചുകൊണ്ട് ദേവി കൂടുതൽ ശക്തി പ്രാപിക്കുന്നു. യുദ്ധക്കളത്തിൽ ദാരികൻ ദേവിക്കു നേരെ പ്രയോഗിച്ച ബ്രഹ്മദണ്ഡു തന്നെ ദേവി ദാരികനു നേരെ പ്രയോഗിക്കുന്നു. യുദ്ധത്തിൽ പരാജിതനാകുന്ന ദാരികൻ പാതാളത്തൽ ഒളിച്ച് അപ്രത്യക്ഷമാകുന്നു. സൂര്യാസ്തമയസമയത്ത് കാളിയെ വധിക്കാമെന്ന് കരുതിയാണ് ദാരികദാനവേന്ദ്രന്മാർ പാതാളത്തിൽ ഒളിച്ചത്. പകൽ സമയത്ത് തങ്ങളുടെ തന്ത്രങ്ങളൊന്നും അഭ്യസിക്കാൻ പറ്റില്ലെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് സൂര്യാസ്തമയം കാത്തുനിന്നത്. എന്നാൽ ഇതു മനസ്സിലാക്കിയ ഭദ്രകാളിയാകട്ടെ തന്റെ കേശഭാരംകൊണ്ട് സൂര്യബിംബത്തെ മറക്കുകയും പാതാളത്തിലിരിക്കുന്നവർ സന്ധ്യയായെന്നു കരുതി പുറത്തു വരികയും ചെയ്യുന്നു. ആ സമയത്ത് ഭദ്രകാളി തന്റെ കർത്തവ്യം നിറവേറ്റുന്നതിനായി ദാരികദാനവേന്ദ്രന്മാരുമായി വീണ്ടും ഏറ്റുമുട്ടുന്നു.

**കോയിമ്പടനായർ:**

കോയിമ്പടനായരും കാളിയും വാദ്യക്കാരും തമ്മിലുള്ള സംഭാഷണമാണ് അടുത്ത രംഗം. കലിയുടെ അനുഷ്ഠാന ത്രീവത കുറക്കുന്ന സരസ–ലൗകിക സംഭാഷണങ്ങളുമായിട്ടാണ് കോയിമ്പടനായർ കടന്നു വരുന്നത്. ഭദ്രകാളി ദാരികനുമായി യുദ്ധത്തിനു പോയി കുറേ കാലം കഴിഞ്ഞിട്ടും തിരിച്ചുവരാതിരുന്നപ്പോൾ, യുദ്ധവിവരങ്ങളും കാളിയുടെ വിവരങ്ങളും അറിയുന്നതിനു വേണ്ടി അന്ന് കൈലാസത്തിലുണ്ടായിരുന്ന കാര്യസ്ഥനും പടനായകനുമായ കോയിമ്പടനായരെ പരമശിവനാണ് യുദ്ധരംഗത്തിലേക്ക് പറഞ്ഞയക്കുന്നത്. വെളുത്ത മുണ്ടും തലയിൽ കെട്ടുമായി, കയ്യിൽ വാളും പരിചയും ധരിച്ച് ഒരു പടയാളിയെപ്പോലെയാണ് ഹാസ്യകഥാപാത്രമായ കോയിമ്പടനായർ പ്രവേശിക്കുന്നത്. ഹാസ്യപ്രധാനിയായതുകൊണ്ടാണ് അദ്ദേഹത്തിന്റെ വസ്ത്രം വെളുത്തതായത്. ശൃംഗാരത്തിന്റെ അനുകരണമായിട്ടാണ് ഭരതൻ ഹാസ്യത്തെ നിരീക്ഷിക്കുന്നത്. ഇവിടെ കോയിമ്പടനായരാണ് ഹാസ്യം അവതരിപ്പിക്കുന്ന പ്രധാനകഥാപാത്രം. താൻ കൈലാസത്തിലെ കോയ്മയാണെന്നും എതിർത്തു വന്നാൽ കഴുത്തറുക്കുമെന്നും പറയുന്നു. അന്നത്തെ കുടുംബത്തിലെ കാരണവർ നിത്യവും ജോലിചെയ്യുകയും അതിൽ നിന്നുള്ള വരുമാനം കുടുംബത്തിലെ വേശ്യകളായ സ്ത്രീകൾ അവരുടെ പരിചയക്കാർക്ക് കൊടുത്ത് ദുർവ്യയം നടത്തുകയും ചെയ്യുന്നതായി കോയിമ്പടനായർ വെളിപ്പെടുത്തുന്നു. അതുകൊണ്ട് സംസ്കൃത നാടകങ്ങളിൽ സൂത്രധാ

രന്റെ സ്ഥാനമാണ് മുടിയേറ്റിലെ കോയിമ്പടനായർക്കുള്ളത്. അയാൾ ലോകത്തിലെ ഗതിവിഗതികളെ ഹാസ്യാത്മകളായി പറഞ്ഞ് ഫലിപ്പിക്കുകയും പാട്ടിലൂടെ ശിവനെ കാര്യങ്ങൾ ബോധിപ്പിക്കുകയും ചെയ്യുന്നു. താനാരെന്നും എവിടെ നിന്നാണ് വരുന്നതെന്നും ഇവിടെ നടക്കുന്ന നാടകം ഏതാണെന്നും കഥാപാത്രസന്ദർഭമെന്താണെന്നും പറഞ്ഞുകൊണ്ട് കഥാരംഗം കൊഴുപ്പിക്കുകയാണ് അയാൾ ചെയ്യുന്നത്. അതുകൊണ്ടാണ് ഇയാൾക്ക് സൂത്രധാര സ്ഥാനം കൽപ്പിക്കുന്നത്. ഈ സമയം കാളിക്ക് വിശ്രമസമയം കൂടിയായി. ഗണപതി, സരസ്വതി എന്നിവരെ സ്തുതിച്ച ശേഷം അയാൾ വന്നകാര്യം ഉണർത്തിക്കുന്നു. അപഹാസ്യമായ പറച്ചിലിലൂടെ അന്നുണ്ടായിരുന്ന കുടുംബകലഹങ്ങളെക്കുറിച്ച് അയാൾ വർണ്ണിക്കുന്നു. ഫലിതങ്ങൾ പറഞ്ഞുകൊണ്ട് അരങ്ങുവാഴ്ത്തിയാണ് കോയിമ്പടനായർ രംഗം വിടുന്നത്. ഈ കഥാപാത്രത്തിന്റെ പ്രവർത്തികളെല്ലാം ഹാസ്യരൂപത്തിലാണ്. ഇതിന്റെ അനുകരണമാണ് ചാക്യാർകൂത്തിലെ വിദൂഷകൻ എന്ന് പറയാം. മുടിയേറ്റിലെ വേഷങ്ങളുടെ അരയ്ക്കു കീഴ്പോട്ടുള്ള ഭാഗത്തെ വേഷവിധാനങ്ങളും, കോയിമ്പടയാരുടെ വാക്കുകളും കൂത്തിലേക്ക് പിൽകാലത്ത് അനുകരിക്കപ്പെട്ടു.

## കൂളി വരവ്:

കൂളി രംഗപ്രവേശനം ചെയ്യുന്ന ഹാസ്യരസപ്രധാനമായ രംഗമാണ് അഞ്ചാമത്തേത്. കാളിയുടെ അനുചരകഥാപാത്രമായ കൂളി സദാസമയവും അതിരൗദ്രഭാവമനുഭവിക്കുന്ന കാണികൾക്ക് ആശ്വാസം പകരുന്നു. പന്തങ്ങളുടെയും വാദ്യങ്ങളുടെയും അകമ്പടിയോടു കൂടി ക്ഷേത്രത്തിന്റെ തെക്കുവശത്തുനിന്നാണ് കൂളി എഴുന്നള്ളി വരുന്നത്. കാളി രൗദ്രത്തിന്റെ ഉന്നതശൃംഗത്തിൽ മാത്രം നിൽക്കുമ്പോൾ കൂളി നിത്യജീവിത ക്രിയകളെത്തന്നെ ലഘൂകരിച്ച് ഹാസ്യത്മകമാക്കുന്നു. കൂളി സംഭാഷണങ്ങളും ചേഷ്ടകളും ഹാസ്യരൂപത്തിലാണ് അവതരിപ്പിക്കുന്നത്. ഭീതി നിറഞ്ഞ അന്തരീക്ഷത്തെ എങ്ങനെയെങ്കിലും നിർവീര്യപ്പെടുത്താനാണ് കൂളി ശ്രമിക്കുന്നത്. അതിനായി എല്ലാ പ്രവൃത്തികളും വിപരീതമായാണ് കൂളി ചെയ്യുന്നത്. കുളി കഴിഞ്ഞ് പല്ല് തേക്കുകയും തോർത്തുകൊണ്ട് മുറ്റമടിക്കുകയും ചൂലുകൊണ്ട് മുടി ചീകുകയും ചെയ്യുന്ന കൂളി തികച്ചും ഒരു ഹാസ്യകഥാപാത്രം തന്നെയാണ്. കൂളിയുടെ ഇത്തരത്തിലുള്ള ചേഷ്ടകളെല്ലാം കാണികളെ സന്തോഷിപ്പിക്കുകയും കാളി-ദാരിക സംഘട്ടനത്തിന്റെ രൗദ്രഭാവത്തെ ലഘൂകരിക്കുകയും ചെയ്യുന്നു. എന്തു തന്നെയായാലും അതിരൗദ്രകാളിയുടെ ഹാസ്യയിരട്ടയാണ് (Comic double) 'കൂളി'. കാളിയുടെ രൗദ്രഭാവത്തിന് നൽകാൻ കഴിയുന്ന ഭയാനകാന്തരീക്ഷം ഹാസ്യയിരട്ടയായ കൂളി 'ഹാസ്യപ്പെടുത്തി'യെടുക്കുന്നു.

വനപ്രദേശത്തുനിന്നും വരുന്ന അപരിഷ്കൃതയായ ഗോത്രവർഗ്ഗസ്ത്രീയായിട്ടാണ് കൂളി പെരുമാറുന്നത്. അനുഷ്ഠാനത്തിൽ പൊറാട്ട്നാടകത്തിന്റെ ധർമ്മം ഈ രംഗം നിർവ്വഹിക്കുന്നതായി കാണാം. കാളിയെ അനുകരിച്ച് ഒഴിഞ്ഞു മാറുന്ന കൂളി, ദാരികൻ തന്നെ ഗർഭിണിയാക്കിയെന്ന വിവരം കാളിയോട് പറയുന്നു. ഇത് കേട്ടതോടെ കാളിയുടെ ക്രോധഭാവം വർദ്ധിക്കുകയും ദാരികനെ വധിക്കാനായി പുറപ്പെടുകയും ചെയ്യുന്നു. ശാർക്കരക്കാളിയൂട്ടിന്റെ പ്രഥമഭാഗത്തും മുടിയേറ്റിലെ കോയിമ്പടനായർ പ്രവേശത്തിലും കൂളിപുറപ്പാടിലും പടയണിയിൽ ഇടയ്ക്കിടെ വരുന്ന ഹാസ്യത്തിലും പലപ്പോഴും പ്രത്യക്ഷമായും ഗൂഢമായും തെറി പറയാറുള്ളതിനാൽ കാമശൃംഗാരവും അവ തന്നെ സാമൂഹിക വിമർശനപരമാകയാൽ ധർമശൃംഗാരവും ചില കാര്യസിദ്ധി അവയിൽ പരാമൃഷ്ടമാകയാൽ അർഥശൃംഗാരവും എന്ന മൂന്നുനിലയിലും പ്രസക്തമാകും വിധം ഈ രംഗങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നു. അങ്ങനെ ഹാസ്യമായി തോന്നിപ്പിക്കുന്ന ഈ രംഗങ്ങൾ മൂന്നു തരം ശൃംഗാരവുമായിത്തന്നെ ബന്ധിപ്പിക്കുകയാണ്. ഇതെല്ലാം കൂടിചേർന്ന് നല്ലൊരു അനുഷ്ഠാന കലയായി തീരുകയാണ് മുടിയേറ്റ്. ദക്ഷിണകേരളത്തിലെ ശാർക്കര ദേവീക്ഷേത്രം, ആറ്റിങ്ങൽ പൊന്നറ കുടുംബക്ഷേത്രം തുടങ്ങിയ സ്ഥലങ്ങളിൽ മുടങ്ങാതെ നടത്തിവരുന്ന ‘കാളിയൂട്ട്’ കാളീ ദാരിക പുരാവൃത്തത്തെ പശ്ചാത്തലമാക്കിയുള്ള ഒരു അനുഷ്ഠാനമാണ്. കൂടുതൽ ദിവസങ്ങൾ നീണ്ടുനിൽക്കുന്ന കാളിയൂട്ടിൽ വിവിധ രംഗങ്ങൾ അരങ്ങേറും. ഉയരത്തിൽ രണ്ടുതട്ടുകൾ കെട്ടിയുണ്ടാക്കി, കാളിയുടെയും ദാരികന്റെയും വേഷങ്ങൾ തട്ടുകളുടെ മുകളിൽ കയറിനിന്ന് പോർവിളി നടത്തും. ഇതാണ് ശാർക്കര കാളിയൂട്ടിന്റെ പ്രത്യേകത. കുരുത്തോലയും പച്ചിലയും കൊണ്ടുള്ള പാവാടയും ശരീരം മുഴുവൻ കരിതേച്ചും മുഖം മുഴുവൻ പലതരം ചായങ്ങളും തേച്ച് വൃത്തിഹീനമായ വസ്ത്രധാരണത്തോടും കൂടിയാണ് കൂളിയുടെ പ്രവേശനം. വാഴക്കൂമ്പുകൊണ്ടുള്ള മുലകളും കയ്യിൽ പച്ചിലക്കൊമ്പുകളും പിടിച്ച് കൂക്കി വിളിച്ച് ഒരു പരിഹാസവേഷധാരിയായിട്ടാണ് കൂളി പെരുമാറുന്നത്.

പാഴൂർ, കീഴില്ലം മുടിയേറ്റ് സംഘങ്ങളാണ് കൂളിയെ നിത്യഗർഭിണിയായി അവതരിപ്പിക്കുന്നത്. മറ്റിടങ്ങളിൽ ഇത്തരം രംഗങ്ങൾ അരങ്ങേറുന്നില്ല. കൊരട്ടി മുടിയേറ്റു സംഘക്കാർ രണ്ടു കൂളികളെ അവതരിപ്പിച്ച് കാണുന്നുണ്ട്. ഇങ്ങനെ മുടിയേറ്റ് എന്ന അനുഷ്ഠാനകലയിൽ പലയിടത്തും പല രീതികളിലും മാറ്റങ്ങൾ വരുത്തുന്നതായി കാണാം. കൂളിയെന്ന പൊട്ടിപെണ്ണിനും ബുദ്ധിമാനായ നാറാണത്തുഭ്രാന്തനും മാത്രമെ ദാരികവധം ചെയ്യുന്നതും ചുടലനൃത്തം ചെയ്യുന്നതുമായ കാളിയെ പേടിയില്ലാത്തതായുള്ളു.

**പേശൽ:**

കാളിയും ദാരികദാനവേന്ദ്രന്മാരും പാതാളത്തിൽ വെച്ചു നടക്കുന്ന വാക്കുതർക്കമാണ് പേശൽ. അതിനുശേഷം പയറ്റു നടത്തുന്നു. വീണ്ടും അവർ ഒരിടത്തിരിക്കുന്നു. ഈ സമയത്ത് ദാരികൻ തന്റെ തെറ്റുകൾ സൂചിപ്പിക്കുകയും മോക്ഷത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. എന്നാൽ കാളി ദാരികദാനവേന്ദ്രന്മാരുടെ കിരീടങ്ങൾ പിഴിതെടുക്കുന്നു (വധമാണ് സൂചിപ്പിക്കുന്നത്). കിരീടവും കൊണ്ട് കാളി വിളക്കിനെ വലംവെച്ചു കിഴക്കുഭാഗത്തേക്കു തിരിഞ്ഞു നിൽക്കുന്നു. മംഗളശ്ലോകത്തിനു ശേഷം എല്ലാവരും ക്ഷേത്രനടയിലെത്തുന്നു.

വസൂരിയുമായി ബന്ധപ്പെട്ടാണ് മുടിയേറ്റ് അനുഷ്ഠിക്കുന്നത്. മുടിയേറ്റിലെ കാളിയുടെ മുഖത്ത് വസൂരിക്കലകൾ പോലെയുള്ള വെളുത്ത കുത്തുകൾ (കലകൾ) ഇത് വെളിപ്പെടുത്തുന്നു. രോഗശമനവും ദേവീപ്രീണനവും ആണ് ഈ അനുഷ്ഠാനത്തിന്റെ മുഖ്യലക്ഷ്യം. വസൂരിരോഗത്തെ കീഴ്പ്പെടുത്താനുള്ള മനുഷ്യമനസ്സിലെ ശക്തമായ ആഗ്രഹങ്ങളുടെ .പ്രതീകമായാണ് കാളി ദാരികയുദ്ധത്തെ കണക്കാക്കുന്നത്.

## പന്തമുഴിച്ചിൽ:

മുടിയേറ്റുകളത്തിനു ചുറ്റും നിൽക്കുന്നവരെ പന്തമുഴിഞ്ഞ് സകലദോഷനിവാരണത്തിനായി കാളി അനുഗ്രഹിക്കുന്നു. കാളി കഴുത്തിലണിഞ്ഞപൂമാലയിൽ നിന്ന് ഇതളുകളെടുത്തു □ക്തർക്ക് പ്രസാദമായി നൽകുന്നു.

## മുടി ഉഴിച്ചിൽ- കുട്ടികളെ എടുക്കൽ:

മുടിയേറ്റിന്റെ അവസാനഭാഗമായി നടക്കുന്ന ചടങ്ങാണ് മുടിയുഴിച്ചിൽ. ചുറ്റും കൂടി നിന്നിട്ടുള്ള ഭക്തർക്ക് മുന്നിൽ കാളി മുടിയൂരി അതുകൊണ്ട് ഉഴിഞ്ഞ് അവരെ അനുഗ്രഹിക്കുന്നു. ഈ സമയത്താകട്ടെ മാതാപിതാക്കൾ കുട്ടികളെ കാളിയെകൊണ്ട് എടുപ്പിക്കുന്നൊരു ചടങ്ങും നടത്തിവരുന്നുണ്ട്. വ്രതാനുഷ്ഠാനത്തോടെ ക്ഷേത്രമുറ്റത്ത് താന്ത്രികവിധി പ്രകാരം പൂജ നടത്തി കലശാഭിഷേകം നടത്തിയ മുടിയുടെ പവിത്രത കൊണ്ടാണ് കുട്ടി ഇത്രയും ഭീകരരൂപമായ കാളിയെ കണ്ട് ഭയക്കാതിരിക്കുന്നത്. കാളി കുട്ടികളെ എടുത്ത് കളിവിളക്കിനു വലംവെച്ച് വിളക്കിൽ നിന്ന് എണ്ണയെടുത്ത് തലയിൽ തൊട്ടുകൊടുത്ത് അനുഗ്രഹിക്കുകയാണ് ചെയ്യുന്നത്. ദാരികവധം കഴിഞ്ഞുവരുന്ന കാളിയുടെ കോപമടക്കാനായി പരമശിവന്റെ നിർദ്ദേശമനുസരിച്ച് ഗണപതിയുടേയും സുബ്രഹ്മണ്യത്തിന്റെയും ബാലരൂപം കാളി വരുന്നതായ വഴിയിൽ വരച്ചിടുന്നു. കുട്ടികളെ കണ്ട

പ്പോൾ മാതൃഭാവം ഉണർന്ന കാളി കുട്ടികളെ എടുത്ത് മുലയൂട്ടുന്നു. അതുകൊണ്ട് കാളിയുടെ കോപം കുറയ്ക്കാനാണ് കുട്ടികളെയെടുക്കൽ എന്ന ചടങ്ങ് ഉടലെടുത്തതെന്ന് വിശ്വസിക്കാം.മുടിയേറ്റ് കഴിയുമ്പോൾ പുലർച്ചയായതിനാൽ കുട്ടി ഉണരുമ്പോൾ തന്നെ അസാധാരണ കാഴ്ച കണ്ടിട്ടും ഒട്ടും ഭയപ്പെടുന്നില്ല. അതിൽ പിന്നീട് എന്തുതന്നെ കണ്ടാലും ആ കുട്ടിക്ക് ഭയമുണ്ടാവില്ലയെന്നാണ് വിശ്വസിക്കുന്നത്. പന്തം ഉഴിച്ചിലിന് ശേഷം നടയിൽ ഭക്തരുടെ മുൻപിൽ വെച്ച് കിരീടം (മുടി) മൂന്നു തവണ ഉഴിഞ്ഞ് 'സമസ്താപരാധങ്ങളും പൊറുക്കണമേ' എന്ന പ്രാർത്ഥനയോടെ സമർപ്പിക്കുന്നു. ഈ സമയം കാളീവേഷക്കാരന്റെ മുടി (കിരീടം) ഇറക്കുന്നു. സാഷ്ടാംഗനമസ്കാരം നടത്തി നടൻ ദേവിയെ വണങ്ങുന്നു. ഈ സമയത്താകട്ടെ ഭക്തരും ഉടമസ്ഥരും (മുടിയേറ്റ് നടത്തുന്നവർ) സമസ്തപരാധം പറഞ്ഞു മുടിയുടെ മീതെയായി വസ്ത്രം ദക്ഷിണയായി നൽകുന്നു

**കുരുതി (ഗുരുതി):**

മുടിയേറ്റ് എന്ന അനുഷ്ഠാനരംഗവേദിയിലെ പ്രധാനപ്പെട്ട മാന്ത്രിക ചടങ്ങാണ് കുരുതി (ഗുരുതി) എന്ന ബലിയനുഷ്ഠാനം. കാവിന്റെ വടക്കുഭാഗത്ത് പാലക്കൊമ്പ് കുഴിച്ചിട്ട് കുരുത്തോല കൊണ്ട് അലങ്കരിച്ച് വാഴപ്പോളകൊണ്ട് ഒരു അമ്പലമുണ്ടാക്കിയ സ്ഥലത്താണ് നാട്ടുകുരുതി നടത്തുന്നത്. രണ്ടുപന്തങ്ങൾ കത്തിച്ച് ദേവിയുടെ ഭൂതങ്ങളെ സങ്കൽപ്പിച്ച് ഗുരുതി അർപ്പിക്കുന്നു. കത്തിച്ചുവെച്ച ശേഷം നിലവിളക്കിന്റെ സാന്നിദ്ധ്യത്തിൽ ഗണപതിക്ക് നിവേദ്യം അർപ്പിക്കുന്നു. അവിൽ, മലർ, ശർക്കര, കദളിപ്പഴം മുതലായവ നിവേദിക്കുന്നു. കാവിലെ പ്രധാനികൾ ഈ ചടങ്ങിന് സാക്ഷ്യം വഹിക്കുന്നു. ഭഗവതിയെ കുരുതികളത്തിൽ കുടിയിരുത്തിയാണ് കുരുതി നടത്തുന്നത്. മഞ്ഞളും ചുണ്ണാമ്പും ശർക്കരയും കൂടിക്കലർത്തിയ ചുവന്നവെള്ളമാണ് ഗുരുതി വെള്ളം. കരക്കാർ കുരവയും ആർപ്പുവിളിയുമായി ദേവിയെ വിളിച്ചു നടത്തുന്ന ചടങ്ങാണിത്. ഈ ചടങ്ങ് പ്രാചീനമായ രക്തസേവ (BloodCult)യേയും,ബലിയനുഷ്ഠാനത്തേയും(Scapegoatism) സൂചിപ്പിക്കുന്നതാണ്. പണ്ട് മൃഗബലി നടത്തിയിരുന്നു. എന്നാൽ ഇന്നും ചിലയിടങ്ങളിൽ കോഴിബലി നടത്തിവരുന്നുണ്ട്. ഇന്നാകട്ടെ പല സ്ഥലത്തും മൃഗബലിക്ക് പകരമായി ഒരു കുമ്പളങ്ങയാണ് വെട്ടുന്നത്. എന്നും ഫലങ്ങൾ കാഴ്ചവെയ്ക്കുന്ന സസ്യലോകത്തിന്റെ ഉർവരതയുടെ പ്രതീകമാണ് നിത്യസ്ത്രീത്വത്തെ പ്രതിനിധീകരിക്കുന്ന കാളി. പ്രകൃതിവിരുദ്ധമായ വെല്ലുവിളികളുടേയും മനുഷ്യകേന്ദ്രീകൃതമായ മുന്നേറ്റങ്ങളുടേയും പ്രതീകമാണ് ദാരികൻ എന്ന മനുഷ്യൻ.

മലനാട്ടുകാർക്ക് ഏറ്റവും ഭയമുണ്ടായിരുന്നത് പാമ്പിനേയും വസൂരിയേയുമായിരുന്നു. അതിനാൽ പാമ്പുകളെ ആരാധിച്ചും വസൂരിയെ കാളി, വസൂരിമാല തുടങ്ങിയ രൂപത്തിൽ കെട്ടിയാ

ടിച്ചും മുക്തി നേടാമെന്ന വിശ്വാസത്തിൽ നിന്നാണ് നാഗാരാധനയും മുടിയേറ്റും ഉണ്ടായത്. വസൂരി നിറഞ്ഞ കാളിയുടെ മുഖം പന്തത്തിൽ എരിയുന്ന തെള്ളിപ്പൊടിയുടെ വെളിച്ചത്തിൽ കൂടുതൽ ഭീകരമാകുകയും വസൂരി എന്ന മാരകരോഗത്തിന്റെ ഭീകരത കാഴ്ചക്കാർക്ക് മനസ്സിലാക്കാനിടയാകുകയും ചെയ്യുന്നു. അരിസ്റ്റോട്ടിലിന്റെ 'വികാരവിരേചനം' എന്ന ആശയം മുടിയേറ്റിൽ വളരെയധികം പ്രാവർത്തികമാകുന്നുണ്ട്. മനുഷ്യമനസ്സിലെ വികാരങ്ങളെ അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തിച്ച് ഇല്ലാതാക്കുന്നതിലൂടെ മനസ്സിന് വിമലീകരണം സംഭവിക്കുന്നു എന്ന് അദ്ദേഹം സിദ്ധാന്തിക്കുന്നു. കാളിയുടെ ഭീകരരൂപം കാഴ്ചക്കാരിൽ ഭീതിയുടെ മൂർദ്ധന്യാവസ്ഥ സംജാതമാക്കുന്നതോടുകൂടി തുള്ളിയുറഞ്ഞ് മനസ്സിലെ ഭാരങ്ങളെല്ലാം നീക്കംചെയ്ത് വിമലീകരിക്കുകയാണ് ചെയ്യുന്നത്. വസൂരിയെന്ന മഹാരോഗത്തെ കീഴ്പ്പെടുത്താനുള്ള മനുഷ്യമനസ്സിലെ ശക്തമായ ആഗ്രഹങ്ങളുടെ പ്രതീകാത്മകമായ പ്രതികരണമാണ് കാളി–ദാരിക യുദ്ധം. അതിനെ സുദീർഘവും ഘടനാപൂർണ്ണവുമായ ഒരു നാടകരൂപത്തിലേക്ക് പരിണമിപ്പിക്കുകയാണ് മുടിയേറ്റിലൂടെ സാധ്യമാകുന്നത്.

**ഗ്രന്ഥസൂചി:**


- അച്ചുതമേനോൻ, ചേലനാട്ട് (ഡോ.), *കേരളത്തിലെ കാളീസവേ*, മദ്രാസ് യൂണിവേഴ്സിറ്റി, 1943.
- രാജഗോപാലൻ സി.ആർ (ഡോ.), *മുടിയേറ്റിലെ കൂളി*, നാട്ടറിവ് പഠനകേന്ദ്രം, തൃശ്ശൂർ, 1997
- ചുമ്മാർ ചൂണ്ടൽ (ഡോ.), , *മുടിയേറ്റ്*, കേരള ഫോക്‌ലോർ അക്കാദമി, തൃശ്ശൂർ, 1981
- തിരുമ്മൽപ്പാട് പി.കെ, *മുടിയേറ്റ് എന്ന അടിസ്ഥാന നാടകം,* (പഠനം), ശങ്കരപ്രിന്റേഴ്സ്, കോതമംഗലം, 1993
- നാരായണകുറുപ്പ് വി.എൻ, *മുടിയേറ്റ് ആചാരവും അനുഷ്ഠാനവും*, കൊരട്ടി, 2014
- ബാബു മുണ്ടേക്കാട്ട്, *കല്ലാറ്റുകുറുപ്പന്മാരുടെ കളമെഴുത്തുപാട്ട്*, ഡി.സി ബുക്സ്, കോട്ടയം, 2002
- രാഘവൻ പയ്യനാട് (ഡോ.), *മുടിയേറ്റ് അടിസ്ഥാനനാടകം*, കേരളഫോക്‌ലോർ, കണ്ണൂർ, 2012


**അഭിമുഖം:**

- വി.എൻ നാരായണകുറുപ്പ്
- വി.എൻ രമേഷ്
- വി.എൻ സുരേഷ്
- എ.ആർ ഹരികുറുപ്പ്
- കെ.വി മോഹനകൃഷ്ണകുറുപ്പ്

## മുടിയേറ്റുക്കളങ്ങൾ





## മുടിയേറ്റിലെ അണിയലങ്ങൾ



ഭദ്രകാളിയുടെ മുടി

ദാരിക-ദാനവേന്ദ്രന്മാരുടെ കിരീടം

ശിവന്റെ കിരീടം

നാരദന്റെ കിരീടം

കാളത്തല

കാളിയുടെ മുല മാറ്

ഒറ്റനാക്ക് + വേതാളം
(കാളിയുടെ അരയിൽ കെട്ടുന്നത്)

കാളിയുടെ കാതോല



ദാരിക-ദാനവേന്ദ്രന്മാരുടെ ഒറ്റനാക്ക്

കൊഴലാരം (ദാരികൻ - ദാനവേന്ദ്രൻ)

നാരദന്റെ താടി

കഴുത്താരം

നാട (കോയമ്പട നായരുടെ തലയിൽകെട്ട്)

ചെവിപ്പൂവ്

കുളിയുടെ കാതോല

കുളിയുടെ വയർ

കുളിയുടെ മുല



കാളിവേഷത്തിനുപയോഗിക്കുന്ന
പള്ളിവാൾ



കോയിമ്പടനായർ ഉപയോഗിക്കുന്ന ആയുധം. (കടുത്തില, പരിച) മുടിയേറ്റിലെ കൂടിയാട്ടത്തിന് കാളി ഉപയോഗിക്കുന്ന ആയുധവും കടുത്തില തന്നെയാണ്.

## മുടിയേറ്റിലെ വേഷങ്ങൾ



ഭദ്രകാളി

ദാരികൻ

ദാനവേന്ദ്രൻ


കൂളി
ശിവൻ
കോയിമ്പടനായർ

************

# Topological Indices on Polycyclic Aromatic Hydrocarbons and Some Applications


## Abstract:

Chemical graph theory is a branch of mathematical chemistry which applies graph theory to mathematical modelling of chemical phenomena. The characterization of molecule by an associated graph lead to a large number of discriminators called topological indices. Topological indices are used in building Quantitative Structure Activity Relationship (QSAR) and Quantitative Structure Property Relationship (QSPR) and also to find out acute toxicity.



**SUJI ELIZABETH MATHEW**
Kottackupurathu,
Elanthoor P.O
Pathanamthitta
Mob: 9496302722
sujielizabethmathew@gmail.com

**DR.SUNNY JOSEPH KALAYATHANKAL**
Dept of Mathematics
K.E College Mannanam
sunnyjoseph2014@yahoo.com



## Keywords:

Topological indices or topological descriptors, Polycyclic Aromatic Hydro Carbons ($PAH_K$)


## Introduction:

Mathematical Chemistry is a branch of theoretical chemistry for discussion and prediction of molecular structure using mathematical methods without necessarily referring to quantum mechanics. Chemical graph theory is a branch of mathematical chemistry which applies graph theory to mathematical modeling of Chemical phenomena.

This theory had an important effect on the development of chemical sciences **[12].** A molecular graph or chemical graph is the representation of the structural formula of chemical compound in terms of graph theory **[39]**.In chemical graphs, vertices corresponds to the atoms of the compound and edges correspond to the covalent bonds.

The characterization of a molecule by an associated graph leads to a large number of powerful and useful discriminators called topological indices. In chemical graph theory a topological index is a numerical parameter mathematically derived from hydrogen –suppressed molecular graphs.

Let G is molecular graph. The sets of vertices and edges of G are denoted by V =V(G) with cardinality n and E = E(G) respectively. Two vertices of G, connected by an edge, are said to be 'adjacent'. The number of vertices of G, adjacent to a given vertex v, is the 'degree' of this vertex and is denoted by $d_v(G)$ or simply $d_v$. The concept of degree in graph theory is closely related (but not identical) to the concept of valence in chemistry.

One of the most widely known topological descriptor is the Wiener Index named after the chemist Harold Wiener. The usage of topological indices in biology and chemistry began in 1947 when Harold Wiener **[3]** introduced Wiener Index to demonstrate correlations between physico – chemical properties of organic compounds of molecular graphs.The **Wiener index[40]** W(G) of a graph G is defined as the sum of half of the distances between every pair of vertices of G. W(G) = $\frac{1}{2}\sum_{i=1}^{n}\sum_{j=1}^{n} d(vi\,,vj)$,where d(vi,vj) is the number of edges in shortest path connecting the vertices vi,vj. There are many versions of Wiener Index related to diameter, edge connectivity, vertex connectivity etc.

Physical and Chemical properties are well correlated with Wiener Index. Chromatographic retention times (CRT) of monoalkyl and o – dialkylbenzenes can be found out by $W_e$ **[1].** CRT = $\alpha\, W_e^{\beta} + \gamma$, where are empirically determined parameters. There is a linear correlation between **Wiener Index and Quasi Wiener Index** given in **[2].**In the paper **[41]** the Wiener index of degree splitting of some aliphatic and aromatic hydrocarbons are discussed. Find a relation between Wiener

index W and spectral radius $\lambda_1$is important in the case of organic compounds.In 2008, Slavko Radenkovićs and Ivan Gutman have discussed the relation between W and for some alkanes and benzenoid molecules**[42,43].**In the paper **[43]** the comparison between the topological indices Wiener Index and Spectral radius is introduced. Within the series of isometric chemical trees there exist a decreasing linear correlation between W and .The relation between W and is also examined for some benzenoid molecules.The structural dependence of W and of of benzenoid hydrocarbons are studied in **[44,45].**

In benzenoid molecules it was proved that for an infinitely long polyethelene molecule the value of the **Balaban Index** J is the number = 3.14159 **Wiener Index**, **Hosoya Index** and **Schultz index** reveals the physio, chemical properties of the Benzoid family system. Polycyclic aromatic hydrocarbon $PAH_K$ family have very similar properties of the Benzoid system that called circumcoronene-homologous series of benzoid $H_K$

In this paper we are discussing about some important topological indices to study the properties of hydrocarbons, especially in $PAH_K$

In 1989 Harry P Schultz introduced this distance based descriptor known as **Schultz index** in **[4,5,6]**. Schultz index is also known as Degree Distance DD(G).In the class of partial Hamming graphs**[7]** which includes trees ,benezoid and phenylene systems, Schultz Index is one of the most topological index. The Degree Distance may be considered as a weighted version of Wiener Index.In linear Phenylene and linear benzenoid chain models, the Degree Distance is used. We obtain closed expression for the Degree Distance of the Coronene/Circumcoronene**[7]** homologous series $H_{K,}$K

In 1993, Milan Randić proposed the **Hyper Wiener Index** in the paper **[8].** Nowadays accepted definition of the Hyper Wiener Index applicable to both acyclic and cycle containing molecular graphs, was proposed by Klein.et.al**[31]**. The Calculation from equation is not easy, especially in the case of large polycyclic molecules such as benzenoid hydrocarbons.The Hyper-Wiener Index of benzenoid hydrocarbons is calculated and is discussed in the paper **[32]**

**Terminal Wiener Index** is another version of Wiener Index proposed by Gutman**[9,10].** The Terminal Wiener Index of molecular graph of the Polycyclic Aromatic Hydro –Carbons $PAH_K$ (for all k  is given by **[11]**

Let G be a molecular graph in which the set of vertices represents the atoms and the set of edges corresponds to the bonds. The **Eccentric Connectivity index** of a graph G was proposed by Sharma, Goswami and Madan **[33].**A generalization of Eccentric Connectivity Index also known as **Augmented Eccentric Connectivity Index** of a graph proposed by Dureja and Madan **[34].** The Augmented eccentric connectivity index of a connected graph G is defined in**[35].** The Augmented Eccentric Connectivity Index for Polycyclic Aromatic Hydrocarbons ($PAH_K$) has been computed in the paper **[35]**. The Eccentric Connectivity Index for an infinite family of linear Polycene Parallelogram Benezoid P(n,n) for all n  1 was computed in **[36].**While **Modified Eccentric Connectivity Index** for the same structure was computed in **[37]** and the **Ediz Eccentric Connectivity Index** of P(n,n) was computed in **[38]**

The **Szeged Index**, denoted by $S_Z$ has been introduced by Gutman in 1994.Szeged Index has many applications in quantitative structure – property – activity-toxicity modeling. In the paper **[27]** the authors stated that the total number of publications on the Szeged Index and its variants up to the time of preparation of paper is about 120 and among them more than 60 are reporting various applications **[28].** The Szeged Index of a graph G, denoted by $S_Z(G)$ is defined in the paper **[29]**

The important variants of the Szeged Index are **Hyper -Szeged Index, Harary -Szeged Index, Edge Szeged Index, Wiener-Szeged Index.**

The Szeged Index in cyclic molecular graph is an extension of Wiener Index for an acyclic molecular graph G. We can calculate Szeged index of RNA graph from elementary cut which was explained in the paper **[30].**

The **PI Index** is a Wiener -Szeged like topological. Khadikar **[20]** and Ashrafi **[21]** proposed the edge and vertex versions of Padmakar – Ivan Index(PI).These versions of PI Index of a graph G is defined in **[22].**The PI Index of Polycyclic Aromatic Hydrocarbons is discussed in the paper **[22].** The detailed work on PI Index is given in the papers **[20,21,23,24,25,26]**

The **Atom Bond Connectivity Index[18]** was proposed by Estrada et al. The ABC Index of a benzenoid system and Phenylene are introduced in the paper**[19].**

**Sanskruti Index** is one of the connectivity index introduced by S.M.Hosamani in 2016[**13]**

The Sanskruti Index of $PAH_K$ - polycyclic Aromatic Hydrocarbon $PAH_K$, is introduced in the paper **[13].**The Sanskruti Index S(G) of V – Phenylenic Nanotube VPHX[m,n] is discussed in the paper **[12].** Some of the major works related to Sankruti Index are mentioned in **[13,14,15,16,17]**

## Some Applicationsof topological indices:

The electron properties of benzenoid compounds are attracting the interest of chemist for over 150 years **[46,47,48].**They are also much studied in environmental chemistry because benzenoid hydrocarbons are dangerous pollutants **[48,49]**

In the paper **[50]** the use of topological indices in the prediction of the acute toxicity of organophosphorus pesticides that tested on rats can be found out. A set of well-known topological descriptors were used in this work: Subgraph Randič -Kier-Hall like indices up to fourth order, Topological charge indices(TCI),up to fifth order, quotients and differences between valence and nonvalence connectivity indices.Each compound was characterized by 52 descriptors.

Paper **[53]** also identifies those compounds which are very toxic and polluting our environment using topological indices like Wiener Indices, Balaban Indices.

In the paper **[51]** several standard topological indices based upon two different distance matrix definitions are employed to analyze their use to predict normal boiling points of a representative set of aromatic hydrocarbons are found out. Various indices like Wiener Indices, Balaban Indices-J,Harry Indices,Molecular Topological Indices,Zagreg group of Indices were used for this purpose.

In the paper **[52]** certain topological indices of Pyrene molecular graph is computed. The first and second Zagreb indices of Pyrene molecule, comparison between Geometric-Arithmetic Indices, ABC Indices and Randič indices of Pyrene molecule were listed.

In the paper **[54]** several degree based indices of special widely employed nanostructures $SC_5C_7[p,q]$ nanotubes, polyphenylene dendrimers, H-Naphtalenic nanotubes NPHX[m,n], $TUC_4[m,n]$ nanotubes and PAMAM dendrimers were presented. It will help material scientists for better understand of its chemical and biological features.

In the paper **[55]** the chemical properties of two kinds of dendrimers from the mathematical view are introduced. As a basic molecular structure, dendrimers widely appeared in chemical, biology, pharmacy, medicine and material engineering. Also several vertex distance-based indices aredetermined. The edgedistance based indices of one class of nanostructure are also considered.

## Conclusion:

An effort is made to survey some important topological indices commonly used for the study of closed chain family – especially on $PAH_K$ and also some applcations of topological indices.

## References:

[1] Mircea V Diudea and Ivan Gutman. *Wiener Type Topological Indices.* CCACAA 71(1) pn.21-51,1998

[2] R Merris, Lin.Multilin.Algebra,25 pn 291 -296 ,1989

[3] H.Wiener and Amer, Chem.Soc 69,pn 17-20,1947

[4] H.P.Schultz, J.Chem.Inf.Compt.Sci.29, pn 227 -228, 1989

[5] H.P.Schultz, J.Chem.Inf.Compt.Sci.40, pn 1158 -1159, 2000

[6] H.P.Schultz and T.P Schultz, J.Chem.Inf.Compt.Sci.40, pn 107 -112,2000

[7] Aleksandar Ilić, Sandi Klavžar and Dragan Stevanovic, *Calculating the degree distance of partial hamming graphs,* MATCH Commun.Math.Comput.Chem.63 pn 411-424, 2010

[8] Randic M, *Novel molecular descriptor for structure – property studies,* Chemical Physics Letters, 211, pn 478 -483, 1993.doi : 10.1016/0009-2614(93) 87094-J

[9] Gutman I, Furtula B, Petrovic M, *Terminal Wiener Index,* Journal of Mathematical Chemistry, 46 pn522-531

[10] Gutman I and Furtula B, *A survey on Terminal Wiener Index* in : Gutman I and Furtula B (Eds) *Novel Molecular structure Descriptors- Theory and applications*, I, Univ. Kragujevac, pn 173 – 190, 2010

[11] M.Rezaei, Jamil M.K, Farahani M.R and Z.Foruzanfar, *On the* t*erminal Wiener Indices of polycyclic aromatic hydrocarbonsPAHs*, International Journal of Pure and Applied Mathematics, Volume 113.No.1, pn 49-57, 2017

[12] Jiang H, Sardar M.S, Farahani M.R, Bezaei M and Siddiqui M.K, *Computing Sanskruti Index of V-Phenylenic nanotubes andnanstori*, international Journal of Pure and Applied Mathematics,Volume115, No 4 ,pn-859-865, 2017

[13] Muhammad Shoib Sardar, Soheli Zafar and Mohammad Reza Farhani, *Computing Sanskruti index of polycyclic aromatic hydrocarbons,* Geology, Ecology and landscapes, In Press 2017

[14] Hosamani S.M, *Computing Sanskruti index of certain nanostructure.* Journal of applied mathematics, In Press 2017, doi.10.1007/s12190-016-1016-9

[15] Gao Y.Y, Farahani M.R, Sardar M.S and Zafar S, *On the Sanskruti Index of Circumcoronene series of Benzenoid,* Applied Mathematics 8 (4), pn 520-524,2017,doi:10.4236/am.2017.84041

[16] Gao Y.Y, Farahani M.R, Sardar M.S and Hosamani S.M., *Computing Sanskruti Index of TURC $_4C_8$(s) nanotube, International Journal of Pharmaceutical Sciences and Research,* 8(10), pn1000-1003, 2017.doi:10.13040/IJPSR.0975-8232.8(10)-1000-03

[17] Gao Y.Y, Farahani M.R, Sardar M.S and Zafar S, *Computing Sanskruti Index of dendrimer nanostars,* International Journal of Pure and Applied Mathematics.115(2),In Press(2017)

[18] Lu Gan, Bolian Liu and Zhifa You, *The ABC Index of Trees with given degree sequence,* MATCH Commun.Math.Comput.Chem.68,pn 137-145, 2012

[19 ] Jianguag Yang, Fangli Xia and Hongyan Cheng,*The ABC Index of Benzenoid systems and Phenylenes,*International Mathematical Forum,Vol.6, no41, pn.2001-2005, 2011

[20] KhadikarP.V, Kale P.P, Deshpande N.V, Karmarkar S,and Agarwal V.K, *Novel PI Indices of hexagonal chains.*Journal of Mathematical Chemistry, 29(2), pn143-150, 2001

[21] Khalifeh M.H, Yousefi -Azari H and Ashrafi A R, *Vertex and edge PI indices of Cartesian product Graphs,* Discrete Applied Mathematics, 156(10), pn-1780-1789, 2008

[22] Mohammad R.Farahani, Hafiz M Rehman, Muhammad K Jamil and Dae-Won Lee, *Vertex version of PI Index of polycyclic aromatic hydrocarbons $PAH_k$,* The Pharmaceutical and Chemical Journal 3(1), pn138-141, 2016

[23 ]Khadikar P.V, Karmarkar S and Agarwal V.K, *A novel PI Index and its applications to QSPR/QSAR studies,* Journal of Chemical Information and Computer Sciences, 41(4), pn-934-949, 2001

[24] Khadikar P.V, Karmarkar S and Varma R.G*, On the estimation of PI Index of polyacenes.* Acta Chimica Slovenica, 49(4), pn 755-772, 2002

[25] John P.E, Khadikar P.V and Singh J, *A method of computing the PI Index of benezoid hydrocarbons using orthogonal cuts.* Journal of Mathematical Chemistry, 42(1), pn 37-45, 2007

[26] Nadjafi-Arani M.J, Fath – Tabar G.H and Ashrafi A.R, *Extremal graphs w.r.t the vertex PI Index,* Applied Mathematics Letters,22(12),pn1838-1840, 2009

[27] Khadikar P.V, Karmarkar S, Agarwal V.K, Singh J, Shrivastava A, Lukovits L and Diudea M.V, Lett.Drug Design Disc.2, pn 606-624, 2005

[28] Hui Dong, Bo Zhou and Nenad Trinajstić, *A novel version of the Edge – Szeged Index,* Croatica Chemica Acta 84(4), pn 543-545, 2011

[29] Klavžar S, Rajapakse A, Gutman I, *The Szeged and the Wiener Index of Graphs.*Appl.Math.Lett.Vol.9,No 5, pn 45-49, 1996

[30] Alexander Churkin, Idan Gabdank and Danny Barsh, *On the topological indices for small RNA graphs,* doi: http://dx.doi.org/10.1016/j.compbio/chem.2012.10.004

[31] Klein D.J, LukovitsI, Gutman I, J.chem.Inf.Comput.Sci pn 35 – 40, 1995

[32] Petra Zigert, Sandi Klavžar and Ivan Gutman , *Calculating the Hyper Wiener index of benezoid hydrocarbons,*doi :www.fmf..uni.-Ij.si// Klavar/preprints/ww2.pdf

[33] Needham D.E, Wei I.C and Seybold P.G, *Molecular modelling of the physical properties of alkanes,* J.Am.Chem.Soc.110,pn 4186-4194, 1988

[34] Sharma V, Goswami R and Mada A.K, *Eccentric Connectivity Index:A novel highly discriminating topological descriptor for structure property and structure activity studies,* J.Chem.Inf.Compt.Sci.Vol.37, pp 273-282, 1997

[35] Mohammad Reza Farahani, Hafiz Mutee Rehman, Muhammad Kamran Jamil and Dae-Won Lee, *Augmented Eccentric Connectivity Index of Polycyclic Aromatic Hydrocarbons($PAH_k$),*

New Front .Chem,Volume 24,No.2,pn 137-143, 2015

[36] Dureja H and Madan A.K, *Super augmented eccentric connectivity indices;new generation highly discriminating topological descriptors for QSAR/QSPR modeling,* Med.Chem.Res.Vol.16,pn 331-341, 2007

[37] Alaeiyan M,Mojarad R, Asadpour A, *New method for computing eccentric connectivity polynomial of an infinite family of linear Polycene parallelogram Benzeniod,* Optoelectron.Adv.Mater.Rapid Commun, 5(7) pn761-763

[38] Farahani M.R, *Connective Eccentric Index of Linear parallelogram P(n,n),*

Int. Letters of Chemistry, Physics and Astronomy 18, pn 57-62, 2014

[39] Narsing Deo, *Graph Theory ,*Prentice – Hall of India, Indian Reprint, New Delhi,2007

[40] Nenad Trinajstic, *Chemical Graph Theory,* Volume II ,CRC Press, Inc-Boca Raton,Florida,1983

[41]Thilakam K and Sumathi A,,*Wiener Index of degree splitting graph of some hydrocarbons,* International Journal of Computer Applications(0975-8887),Volume 93- No 3,May-2014

[42] Ivan Gutman and Drago},s CvetkoviŒ§c, *Selected topics on applications of Graph Spectra,*ISBN 978-86-80593-44-9(2011)

[43] Slavko Radenković S and Ivan Gutman,*Relation between Wiener Index and Spectral Radius,*Kragujevac.J.Sci.30,57-64,2008

[44] Dobrynin A.A,Gutman I, Klavžar S,Žigert P,*Wiener Index of hexagonal systems,* Acta Appln.Math.72(2002) 247-294

[45] Gutman I,Andelkovič L,*Note on the structure –dependency of the largest graph eigenvalue of the catacondensed benzenoid hydrocarbons,*Coll.Sci.Papers Fac.Sci.Kragujevac 13,31-34(1992)

[46]Watson M.D,Fechtenkçtter, Millen K,*Big is beautiful – "Aromaticity" revisited from the viewpoint of macromolecular and supramolecular benzene chemistry,*Chem.Rev.101,1267-1300,2001

[47] Wu.J,PISTULA W,Müllen K, *Graphenes as potential material for electronics,*Chem.Rev.107(2007) 718-747

[48] Gutman I, Cyvin,*Introduction to the Theory of Benzenoid Hydrocar-bons,* Springer-Verlag,Berlin 1989

